©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## അഞ്ചാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച റിപ്പോർട്ട്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ
(2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള
ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011–2014)

## അഞ്ചാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21–ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ
(2002–03 മുതൽ 2004–05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള
ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

387/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 58 |
| അനുബന്ധം II | | |
| ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് (മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്) | .. | 66 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011–2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. എൻ. എ. ഖാദർ
,, മുല്ലക്കര രത്നാകരൻ
,, കെ. ശിവദാസൻ നായർ
,, പി. ശ്രീരാമകൃഷ്ണൻ
,, ജി. സുധാകരൻ
,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്
,, കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
,, പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 ജനുവരി മാസം 4-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

# റിപ്പോർട്ട്

## കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

### ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പണം പിൻവലിച്ചതിൽ ഗുരുതരമായ ക്രമക്കേട്**

ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിൽ 13-5-2002-ൽ നടത്തിയ പ്രത്യേക പരിശോധനയിൽ പണം പിൻവലിച്ചതിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുളളതായി കാണുന്നു. കാഷ് ബുക്കിന്റെ പരിശോധനയിൽ 1-3-2000-ൽ അനധികൃതമായി ചില തിരുത്തലുകൾ കണ്ടതിനാൽ അന്നേദിവസത്തെ പണം പിൻവലിക്കൽ സംബന്ധിച്ച ഇടപാടുകൾ വിശദമായി പരിശോധിച്ചതിൽ ഈരാറ്റുപേട്ട സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ചെക്ക് നമ്പർ 116504, തീയതി 1-3-2000 പ്രകാരം 89,508 രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവ് രജിസ്റ്റർ (വൗച്ചർ നമ്പർ 1 മുതൽ 9 വരെ) പ്രകാരം 79,442 രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. അധികം പിൻവലിച്ച തുക 10,066 രൂപ നാളിതുവരെയായിട്ടും തിരിച്ചടച്ചതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത തുക അപഹരിക്കപ്പെട്ടതായി കാണുന്നു. തുക ഉടനെ തന്നെ പലിശസഹിതം തിരിച്ചടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.I.5.1(i).]

1. ഓഡിറ്റ് പരാമർശത്തിന്മേൽ 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവൺമെന്റ് ലഭ്യമാക്കിയ മറുപടി:—

"22-5-2002-ൽ രസീത് നമ്പർ 27, ബുക്ക് നമ്പർ 21977 പ്രകാരം തുക ഈടാക്കിയിട്ടുണ്ട്."

ഓഡിറ്റ് ഖണ്ഡിക

**പ്രോവിഡന്റ് ഫണ്ടിൽ അടയ്ക്കുന്നതിനായി പിൻവലിച്ച തുക അപഹരിച്ചു.**

G.O.(P) 3000/98/Fin. dated 25-11-1998 പ്രകാരം ജീവനക്കാർക്ക് അർഹമായ ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ അടയ്ക്കുന്നതിനായി ചെക്ക് നമ്പർ 23029/20-10-2001 പ്രകാരം 1,46,096 രൂപ പിൻവലിച്ചതിൽ 14,000 രൂപ ബന്ധപ്പെട്ട രേഖകളിൽ അനധികൃത തിരുത്തലുകൾ വരുത്തി പ്രോവിഡന്റ് ഫണ്ടിൽ അടയ്ക്കാതെ അപഹരിച്ചതായി ഓഡിറ്റിൽ കണ്ടെത്തി. അപൂർണ്ണമായ chalan-ന്റെ ഫോട്ടോകോപ്പി മാത്രമാണ് വൗച്ചർ ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. 1999-2000 വർഷത്തെ ചെലവിനങ്ങളുടെ ഓഡിറ്റ് ആരംഭിക്കുന്നതിന് ഏതാനും ദിവസങ്ങൾ മുമ്പ് ക്രമക്കേട് സമയത്ത് പഞ്ചായത്തിലെ U.D. Clerk ആയിരുന്ന ശ്രീ. കെ. എൻ. ധനഞ്ജയൻ 14,000 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചതായി കാണുന്നു. പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും പിഴപ്പലിശ ഈടാക്കിയതായോ ടി വിഷയത്തെ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയതായോ കാണുന്നില്ല.

ഈ സാഹചര്യത്തിൽ ടി വ്യക്തിയിൽ നിന്നും തുക കൈവശം സൂക്ഷിച്ച കാലത്തേക്ക് 18% പിഴപ്പലിശ ഈടാക്കേണ്ടതും യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.I.5.1(ii).]

2. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

ഈ പഞ്ചായത്തിലെ മുൻ യു.ഡി.സി. കെ. എൻ. ധനഞ്ജയനിൽ നിന്നും പലിശ ഈടാക്കാനുള്ള നടപടികൾ ആരംഭിച്ചെങ്കിലും ടിയാൻ 28-12-2007-ൽ മരണമടയുകയുണ്ടായി.

3. ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച് കൈവശം വയ്ക്കുകയും വർഷങ്ങൾക്ക് ശേഷം പിഴപ്പലിശ പോലും ഈടാക്കാതെ ഓഡിറ്റിനു മുമ്പായി തിരിച്ചടയ്ക്കുകയും ചെയ്തത് ടെംപററി മിസ്അപ്രോപ്രിയേഷനാണെന്നും അതുമായി ബന്ധപ്പെട്ട് സെക്രട്ടറിയുടെ പേരിൽ എന്തെങ്കിലും വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് സർവ്വീസിലിരിക്കെ 28-12-2007-ൽ ടിയാൻ മരണപ്പെട്ടുവെന്നും ടിയാനെതിരെ ഓഡിറ്റ് തടസ്സങ്ങൾ ഉള്ളതുകൊണ്ട് DCRG നൽകിയിട്ടില്ലെന്നും കോട്ടയം ഡി.ഡി.പി. ശ്രീമതി കാർമൽ ജോർജ്ജ് സമിതിയെ അറിയിച്ചു.

4. പിഴപ്പലിശ ഈടാക്കണമെന്ന് കാണിച്ച് പഞ്ചായത്ത് വകുപ്പിന് കത്തു നൽകിയിട്ടും മറുപടിയൊന്നും ലഭിക്കാത്തതുകൊണ്ട് 31-12-2004-ൽ വീണ്ടും റിപ്പോർട്ട് അയച്ചു കൊടുത്തിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

5. ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ചതായി ഫയലിൽ രേഖയുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്ന് ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

6. മേൽപ്പറഞ്ഞ 2 കേസ്സുകളിലും പ്രസ്തുത ധനനഷ്ടത്തിനുത്തരവാദിയായ ശ്രീ. കെ. എൻ. ധനഞ്ജയൻ (മുൻ. യു.ഡി. ക്ലാർക്ക്) അനധികൃതമായി കൈവശം വച്ചിരുന്ന തുകയ്ക്ക് 18% പിഴപ്പലിശ ടിയാളുടെ DCRGയിൽ നിന്നും ഈടാക്കണമെന്നും പ്രസ്തുത പിഴപ്പലിശ ഈടാക്കാൻ വർഷങ്ങളായി നടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് കണ്ടെത്തി അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

7. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ LF 10080/Spl.Cell G2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ശ്രീ. ധനഞ്ജയൻ, യു.ഡി. ക്ലാർക്ക് അനധികൃതമായി തുക കൈവശം സൂക്ഷിച്ചിരുന്ന കാലയളവിലെ പലിശ (18%) ഈടാക്കണമെന്ന ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം താഴെപ്പറയുംവിധം ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്:

| *ക്രമ നമ്പർ* | *രസീത് നമ്പർ/ തീയതി* | *ഈടാക്കിയ പലിശ* | *അഭിപ്രായക്കുറിപ്പ്* |
|---|---|---|---|
| 1 | 62/9178/15-4-2009 | 4,058 | കൈവശം സൂക്ഷിച്ച 10,066 രൂപയുടെ പലിശ ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ ഭാര്യ ശ്രീമതി എ. ജി. സുജാതയാണ് തുക അടവാക്കിയിട്ടുള്ളത്. |
| 2 | 63/9178/15-4-2009 | 1,587 | കൈവശം സൂക്ഷിച്ച 14,000 രൂപയുടെ പലിശ |
| | ആകെ | 5,645 രൂപ | |

പിഴപ്പലിശ യഥാസമയം ഈടാക്കാതിരുന്ന പ്രസ്തുത കാലയളവിലെ സെക്രട്ടറിമാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി അവരുടെ പേരുവിവരം 2-5-2009-ലെ എ4-689/07 നമ്പർ കത്ത് മുഖേന കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

8. **പഞ്ചായത്ത് ഫണ്ടിൽ നിന്നും അനധികൃതമായി കൈവശം സൂക്ഷിച്ചിരുന്ന 10,066 രൂപയും ആയതിന്റെ പലിശ 4,058 രൂപയും പ്രോവിഡന്റ് ഫണ്ടിൽ അടയ്ക്കുന്നതിനായി പിൻവലിച്ച 14,000 രൂപയുടെ പലിശ 1,587 രൂപയും ഉത്തരവാദിയായ യു.ഡി. ക്ലാർക്ക് ധനഞ്ജയൻ മരണപ്പെട്ടതിനാൽ ടിയാന്റെ ഭാര്യ ശ്രീമതി എ. ജി. സുജാത പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മുൻ യു.ഡി. ക്ലാർക്ക് ശ്രീ. ധനഞ്ജയനിൽ നിന്നും യഥാസമയം പിഴപ്പലിശ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ മുൻ സെക്രട്ടറിമാരുടെ പേരുവിവരം 2-5-1999-ലെ എ4-689/07 നമ്പർ കത്തുമുഖേന കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ വെളിച്ചത്തിൽ അവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ച് ആയതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആധുനിക അറവുശാല നിർമ്മാണം : 36.75 ലക്ഷം പ്രയോജനരഹിതം**

ഗ്രാമപഞ്ചായത്ത് നിർമ്മിച്ച പ്രയോജനരഹിതമായ അറവുശാലയുടെ പണിയിൽ ലക്ഷങ്ങളുടെ ക്രമക്കേട്.

സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള എന്ന സ്ഥാപനം വഴി 35,75,000 രൂപ ചെലവാക്കി നടപ്പാക്കിയ 'ആധുനിക അറവുശാല' എന്ന പദ്ധതിയിലാണ് അതീവ ഗുരുതരമായ ക്രമക്കേടുകളും ധനദുർവ്യയവും ശ്രദ്ധയിൽപ്പെട്ടത്. വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, സാങ്കേതികാനുമതി ഇവയൊന്നുമില്ലാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

130 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അറവുശാല നിർമ്മാണത്തിന് 13,50,000 രൂപ നൽകിയിട്ടുണ്ട്. ചതുരശ്ര മീറ്ററിന് 5,000 രൂപയിൽ താഴെ മാത്രം മാർക്കറ്റ് റേറ്റ് നിലവിലിരിക്കെ 10,385 രൂപ നിരക്കിലാണ് തുക നല്കിയത്. കെട്ടിടം അളന്ന് മൂല്യം തിട്ടപ്പെടുത്താതെയാണ് തുക നല്കിയത്.

കശാപ്പു ചെയ്യുന്നതിന് കൊണ്ടുവരുന്ന മൃഗങ്ങളെ പാർപ്പിക്കുന്നതിനുവേണ്ടി ഒരു ലെയ്റേജ് മാത്രം നിർമ്മിച്ചിരിക്കുന്നുവെങ്കിലും രണ്ടു ലെയ്റേജ് നിർമ്മിച്ച തിനുള്ള തുക നൽകിയതായി കാണുന്നു. ഈ ഇനത്തിൽ 3,20,000 രൂപ നൽകി യിട്ടുണ്ട്. 1,96,000 രൂപ ചെലവിൽ നിർമ്മിച്ച മാലിന്യ സംസ്കരണ യൂണിറ്റും 1,80,000 രൂപയ്ക്ക് നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റും നിർമ്മാണം പൂർത്തിയായതു മുതൽ പ്രവർത്തനരഹിതമാണ്.

അറവുശാലയിലേക്ക് ആകെ വാങ്ങിയതായി കാണിച്ചിരിക്കുന്ന 10,75,724 രൂപയുടെ ഉപകരണങ്ങളിൽ 4,16,224 രൂപയ്ക്കുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാതെ യാണ് പണം നൽകിയിരിക്കുന്നത്. വാങ്ങിയ 4,19,500 രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. 2,40,000 രൂപ വില നൽകി 12 ട്രോളികൾ വാങ്ങിയിട്ടുണ്ടെങ്കിലും അതിൽ 7 എണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തനക്ഷമം. ഇപ്പോഴത്തെ മാർക്കറ്റ് വില 4,000 രൂപയിൽ താഴെ മാത്രമാ യിരിക്കെ 20,000 രൂപ നിരക്കിലാണ് 12 ട്രോളികൾ വാങ്ങിയത്.

അറവുശാലയ്ക്ക് വെളിച്ചം മാത്രം പ്രദാനം ചെയ്യുന്ന വൈദ്യുതീകരണത്തിനു വേണ്ടി 1,60,000 രൂപ നൽകിയിരിക്കുന്നതായി കാണുന്നു.

മലിനീകരണം ഒഴിവാക്കുന്നതിനായി ഗണ്യമായ തുക ചെലവഴിച്ച് ഏറ്റെടുത്ത പദ്ധതി കൂടുതൽ മലിനീകരണത്തിന് നിദാനമായി തീരുകയാണുണ്ടായത്. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി എടുക്കുന്നതിനും നഷ്ടം കണക്കാക്കി തിരികെ ഈടാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്തിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.I.1]

9. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:

"ജനകീയാസൂത്രണം 2008-09 വാർഷിക പദ്ധതിയിൽ ആധുനിക അറവുശാല യുമായി ബന്ധപ്പെട്ട്, ആയത് നവീകരിക്കുന്നതിനാവശ്യമായതും, മലിനീകരണം നിയന്ത്രിക്കുന്നതിനും മറ്റുമായി 14,50,000 രൂപയുടെ പദ്ധതികൾ ഉൾക്കൊള്ളി ച്ചിട്ടുണ്ട്. തുടർപദ്ധതി നടപ്പിലാക്കുമ്പോൾ ആധുനിക അറവുശാല കൂടുതൽ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവും ആകുന്നതാണ്. ടി പദ്ധതിക്ക് D.P.C. അംഗീകാരം ലഭിച്ചിട്ടുണ്ട്. കാര്യക്ഷമമായി പദ്ധതി നടപ്പാക്കുന്നതാണ്."

10. അറവുശാല നിർമ്മിച്ചതിൽ ആദ്യ പ്രോജക്ടിൽ 35.75 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായും ഇപ്രകാരം നഷ്ടം വരുത്തിയ നിർവ്വഹണ ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനെതിരെ നടപടി സ്വീകരിക്കാനായി 17-3-2008-ന് തീരുമാനം എടുത്തിട്ടുണ്ടെന്ന് ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ മറുപടി നൽകി.

11. ആദ്യഘട്ട പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അതിന്റെ ഫയൽ പഞ്ചായത്തിലില്ലെന്ന് സെക്രട്ടറി മറുപടി നൽകി.

12. സിൽക്കുമായി വച്ച കരാറിന്റെ കോപ്പി കൈവശമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, അത് സംബന്ധിച്ച് ഫയൽ ഇല്ലെന്നും, രണ്ടാമത്തെ പ്രോജക്ടിനാണ് ഫയൽ ഉള്ളതെന്നും പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

13. ബയോഗ്യാസ് പ്ലാന്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ചാണ് ഈ സ്ഥാപനം പ്രവർത്തിച്ചിരുന്നതെന്നും ട്രോളി വാങ്ങിയത് സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നുമാണെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് സെക്രട്ടറി മറുപടി നല്കി.

14. ഓഡിറ്റ് തടസ്സമുള്ള പദ്ധതിക്ക് പേയ്മെന്റ് നൽകിയ സെക്രട്ടറി ആരാണെന്ന സമിതിയുടെ ചോദ്യത്തിന്, പല സെക്രട്ടറിമാരും മാറിമാറി അധികാരത്തിൽ വന്നിട്ടുണ്ടെന്നും റിട്ടയറായ ശ്രീ. വേലായുധൻ എന്ന സെക്രട്ടറിയും അപ്രകാരം പേയ്മെന്റ് നടത്തിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇപ്പോൾ ലഭ്യമല്ലെന്നും ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. പദ്ധതി പ്രകാരം അറവുശാല നിർമ്മിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഉണ്ടായിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് അപ്രകാരം തീരുമാനം ഉണ്ടെന്നും എന്നാൽ പ്രസ്തുത തീരുമാനം രേഖപ്പെടുത്തിയ മിനിട്സ് സമിതി മുമ്പാകെ കൊണ്ടുവന്നിട്ടില്ലെന്നും ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

15. 4,16,234 രൂപയുടെ പേയ്മെന്റ് നടത്തിയിട്ടുണ്ടെങ്കിലും സാധനങ്ങൾ സപ്ലൈ ചെയ്തതായി രേഖയില്ലെന്ന് സമിതി വ്യക്തമാക്കി. മുൻസെക്രട്ടറി ഇതു സംബന്ധിച്ച ഫയൽ കണ്ടിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, താൻ 2007 ജൂലൈ മാസത്തിലാണ് ചാർജെടുത്തതെന്നും, ഫയൽ കണ്ടിട്ടില്ലെന്നും ടിയാൻ വ്യക്തമാക്കി. മുൻ സെക്രട്ടറിമാരായ ശ്രീ. സോമൻ, ശ്രീ. വേലായുധൻ എന്നിവർക്ക് DCRG നൽകിയോ എന്ന ചോദ്യത്തിന് ശ്രീ. സോമൻ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയായി 2006-ൽ റിട്ടയർ ചെയ്തെന്നും, ടിയാന്റെ പേരിൽ വേറെയും ഓഡിറ്റ് തടസ്സമുള്ളതുകൊണ്ട് DCRG നൽകിയിട്ടില്ലെന്നും എന്നാൽ ശ്രീ. വേലായുധനെ സംബന്ധിച്ച വിവരങ്ങൾ ഫയൽ നോക്കിയാൽ മാത്രമേ അറിയാനാകൂവെന്നും കോട്ടയം DDP സമിതിയെ അറിയിച്ചു. പ്രസ്തുത അറവുശാല ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പ്രവർത്തിക്കുന്നില്ലെന്ന് ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

16. B.O.T. അടിസ്ഥാനത്തിൽ പ്രവൃത്തി ചെയ്യുവാനാണോ തീരുമാനിച്ചിരുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, അപ്രകാരമായിരുന്നു തീരുമാനിച്ചിരുന്നതെന്നും, ആവശ്യമുള്ള സമയത്ത് മാറ്റങ്ങൾ വരുത്തുവാനുള്ള അധികാരം SILKനുണ്ടെന്നും

അതിനാൽ എസ്റ്റിമേറ്റിന്റെ കോപ്പി നൽകുവാൻ സാധ്യമല്ല എന്ന് അറിയിച്ചു കൊണ്ട് SILK കത്ത് നൽകിയിരുന്നുവെന്നും ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

17. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട അക്കൗണ്ട്സ്, ചെലവിന്റെ വിശദാംശങ്ങൾ, വിതരണം ചെയ്ത സാധനങ്ങളുടെ പട്ടിക എന്നിവ ഉൾപ്പെടെ എല്ലാ രേഖകളും ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

18. 9-9-2009-ാം തീയതി SILK അധികൃതരിൽ നിന്നും പഞ്ചായത്ത് അധികൃതരിൽ നിന്നും സമിതി നേരിട്ട് തെളിവെടുക്കുകയുണ്ടായി.

19. പ്രസ്തുത ആഡിറ്റ് പരാമർശത്തിൻമേൽ 'സിൽക്കി'ലെ ഉദ്യോഗസ്ഥരോടു സമിതി വിശദീകരണം ആരാഞ്ഞു. 1999-2000-ൽ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിനായി സിൽക്കിനെ ചുമതലപ്പെടുത്തിയിരുന്നോയെന്നും ഇക്കാര്യത്തിൽ സിൽക്കിന്റെ വൈദഗ്ദ്ധ്യം എന്താണെന്നുമുള്ള ചോദ്യത്തിന് സിൽക്ക് ധാരാളം അറവുശാലകളുടെ പണി ചെയ്തിട്ടുണ്ടെന്നും ഫാബ്രിക്കേഷൻ ജോലികളാണ് മുഖ്യമായും ചെയ്യുന്നതെന്നും, മെഷിനറി, ഷെഡ്ഡ് ഇവയൊക്കെ ഫാബ്രിക്കേറ്റ് ചെയ്യാൻ കഴിവുണ്ടെന്നും, പ്രോസസ്സിംഗ് ടെക്നോളജി 'മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ'യിലെ വിദഗ്ദ്ധരുടെ സഹായത്തോടെയാണ് ചെയ്തതെന്നും സിൽക്കിന്റെ എം.ഡി. സമിതി മുമ്പാകെ വിശദീകരിച്ചു.

20. ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിൽ അറവുശാല നവീകരണ പ്ലാന്റ് നിർമ്മാണത്തിനായി പ്രോജക്ടും എസ്റ്റിമേറ്റും സിൽക്ക് തയ്യാറാക്കി കൊടുത്തുവെന്നും അതിൻ പ്രകാരമാണ് കരാർ ഉണ്ടാക്കിയതെന്നും 35,41,724 രൂപയ്ക്കാണ് എസ്റ്റിമേറ്റുണ്ടാക്കിയതെന്നും, സിൽക്കിനെ ഈ വർക്ക് ചെയ്യുന്നതിന് ആതറൈസ് ചെയ്തിട്ടുണ്ടെന്നും സിൽക്ക് എം.ഡി. അറിയിച്ചു. നിർമ്മാണം പൂർത്തിയായി ആറുവർഷം പ്രസ്തുത പ്ലാന്റ് പ്രവർത്തിപ്പിച്ചുവെന്നും, ഗ്യാരന്റി ഒരു വർഷത്തേക്കേ ഉണ്ടായിരുന്നുള്ളൂവെങ്കിലും വീണ്ടും രണ്ടു വർഷത്തേക്കു കൂടി അറ്റകുറ്റപ്പണികൾ ചെയ്തുകൊടുത്തുവെന്നും, ആറുവർഷം കൊണ്ട് 27 ലക്ഷം രൂപയ്ക്കു മുകളിൽ ആദായമുണ്ടായിട്ടുണ്ടെന്നും സിൽക്കിന്റെ എം. ഡി. സമിതി മുമ്പാകെ വിശദീകരിച്ചു.

21. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിയുമായി കരാറുണ്ടെന്നും അതിൻപ്രകാരം നിശ്ചിത കാലയളവിൽതന്നെ ജോലി പൂർത്തിയാക്കിയെന്നും, പഞ്ചായത്ത് ടെക്നിക്കൽ ടീമും കമ്മിറ്റിയും ഇത് പരിശോധിച്ചെന്നും, ഓരോ പ്രാവശ്യവും നിർമ്മാണ പ്രവൃത്തികൾ അസ്സസ്സ് ചെയ്തതിനുശേഷമാണ് പേയ്മെന്റ് നടത്തിയതെന്നും ഇനി 8 ലക്ഷത്തിൽപരം രൂപ സിൽക്കിന് കിട്ടാനുണ്ടെന്നും സിൽക്കിന്റെ എം. ഡി. സമിതി മുമ്പാകെ ബോധിപ്പിച്ചതിന് 33,300 രൂപ അധികമാണ് നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് കണക്കു പ്രകാരം ബാക്കിയൊന്നും കൊടുക്കാനില്ലെന്നും ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. അധികജോലിയുടെ തുക, ടാക്സ് ഡ്യൂട്ടി എന്നിവ കൂടാതെ വേറെ 95,000 രൂപ കൂടി ലഭിക്കാനുണ്ടെന്ന് സിൽക്കിന്റെ സീനിയർ മാനേജർ തദവസരത്തിൽ സൂചിപ്പിച്ചു.

22. ആടുമാടുകളെ സൂക്ഷിക്കുന്നതിനു രണ്ട് ലെയ്റേജുകൾ നിർമ്മിക്കുന്നതിന്റെ തുക കൈപ്പറ്റിയിട്ട് ഒരെണ്ണം മാത്രമേ നിർമ്മിച്ചു നൽകിയുള്ളൂവെന്ന് ചൂണ്ടിക്കാണിച്ച സമിതി, ഇതിന്റെ ചെലവെത്രയെന്ന് ആരാഞ്ഞു. എസ്റ്റിമേറ്റ് പ്രകാരം 2.5 ലക്ഷം

രൂപയുടെ ഒരു വലിയ ലെയ്റേജും 70,000 രൂപയുടെ ഒരു ചെറിയ ലെയ്റേജും ഒരേ കോമ്പൗണ്ടിൽ തന്നെ രണ്ടു സ്ഥലത്തായി നിർമ്മിച്ചിട്ടുണ്ടെന്നും സിൽക്കിന്റെ എം.ഡി.യും ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മറുപടി നൽകി.

23. 4,000 രൂപയ്ക്ക് താഴെ വിലയുള്ള ട്രോളി 20,000 രൂപയ്ക്ക് കൊടുത്തുവെന്ന ഓഡിറ്റ് പരാമർശത്തിൻമേൽ, ആകെ 12 ട്രോളി കൊടുത്തിട്ടുണ്ടെന്നും സാധാരണ മാർക്കറ്റിൽ കിട്ടുന്ന ട്രോളിയല്ലെന്നും, ഓരോ അറവു മൃഗത്തിന്റേയും ശരീരം കടക്കാൻ പാകത്തിൽ പ്രത്യേകം രൂപകൽപ്പന ചെയ്തതാണെന്നും സിൽക്കിന്റെ സീനിയർ മാനേജരും ഇതിനെ മാർക്കറ്റ് വിലയുമായി താരതമ്യപ്പെടുത്താൻ സാധിക്കില്ലെന്ന് എം.ഡി.യും സമിതിയെ അറിയിച്ചു.

24. പ്രസ്തുത പ്രോജക്ട് പഞ്ചായത്ത് സർട്ടിഫൈ ചെയ്തിട്ടുണ്ടെന്ന് സിൽക്കിന്റെ എം.ഡി.യും എഗ്രിമെന്റ് വാല്യുവേഷൻ, ഗവൺമെന്റ് അംഗീകാരപ്രകാരം സിൽക്കും പഞ്ചായത്തും കൂടിയാണ് ചെയ്യേണ്ടതെന്ന് ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിച്ചു. 1999-ൽ ആരംഭിച്ചതാണെങ്കിലും അന്നത്തെ ഡി.പി.സി. അംഗീകരിച്ചില്ലെന്നും പുതിയ ഡി.പി.സി.യുടെ അംഗീകാരം കിട്ടിയിട്ടുണ്ടെന്നും സീനിയർ മാനേജർ സമിതിയുടെ ചോദ്യങ്ങൾക്കു മറുപടി നൽകി.

25. സിൽക്കുമായി ഫൈനൽ സെറ്റിൽമെന്റായോ എന്ന സമിതിയുടെ ചോദ്യത്തിന്, നിയമസഭാ സമിതിയുടെ അറിയിപ്പു വന്നതിനുശേഷമാണ് ഇനിയും പേയ്മെന്റ് ഉണ്ടെന്നറിയുന്നതെന്ന് ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. ഒരു വർക്ക് കംപ്ലീറ്റ് ചെയ്താൽ ഫൈനൽ സെറ്റിൽമെന്റ് നടത്തി അംഗീകാരം നേടണമെന്നും സാങ്കേതിക വിദഗ്ദ്ധരുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്നുമുള്ള നടപടിക്രമം പാലിക്കാത്തത് നിരുത്തരവാദപരമാണെന്ന് സമിതി കുറ്റപ്പെടുത്തി.

26. നോഡൽ ഏജൻസിയായതു കാരണം പഞ്ചായത്തിന്റെയും സിൽക്കിന്റേയും എഞ്ചിനീയർ വാല്യു ചെയ്താൽ മതിയെന്നു വിചാരിച്ചുവെന്നും അതനുസരിച്ച് ഫൈനലായി 5,00,000 രൂപ കൊടുത്തുവെന്നും, അതിനുശേഷം സിൽക്കിന്റെ ഭാഗത്തു നിന്നും Claim വന്നിട്ടില്ലെന്നും ഫൈനൽ സെറ്റിൽമെന്റ് ആയിട്ടില്ലെന്നും മുൻ സെക്രട്ടറി സമിതി മുൻപാകെ വിശദീകരണം നൽകി. ഇതിന്, ബാക്കി തുക പഞ്ചായത്ത് നൽകാനുണ്ടെന്നും ഓർമ്മക്കുറിപ്പുകൾ അയച്ചുവെന്നും റെക്ടിഫിക്കേഷൻ കഴിഞ്ഞാൽ ബാക്കി തുക തരാമെന്നുപറഞ്ഞതിന്റെയടിസ്ഥാനത്തിൽ അത് ചെയ്തിട്ടും തുക തന്നിട്ടില്ലെന്നും പഞ്ചായത്തിനെതിരെ കേസ്സെടുക്കാൻ ഡയറക്ടർ തീരുമാനിച്ചിട്ടുണ്ടെന്നും സിൽക്ക് സീനിയർ മാനേജർ മറുപടിയായി പറഞ്ഞു.

27. പ്ലാൻ, എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയില്ലാതെയാണ് പണി നടന്നിരുന്നതെന്ന ഓഡിറ്റ് പരാമർശത്തിൻമേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും നിയമസഭാ സമിതിയിൽ നിന്നും അറിയിപ്പുകൾ ലഭിച്ച മുറയ്ക്ക് പ്രസ്തുത വർക്കിന് ഫയൽ ഉണ്ടാക്കുകയും, എഗ്രിമെന്റ്, എസ്റ്റിമേറ്റ്, മറ്റു രേഖകൾ എന്നിവയുടെ ഫോട്ടോകോപ്പി എടുക്കുകയും ചെയ്തുവെന്നും, എന്നാൽ എം.ബുക്ക്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, കോൺട്രാക്ട് ബിൽ തുടങ്ങിയ രേഖകളൊന്നും ഇല്ലെന്നും ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. ലഭിക്കുവാനുള്ള തുക

ഈടാക്കുന്നതിലേക്ക് യാതൊരു നിയമ നടപടിയും എടുക്കാതിരുന്ന സിൽക്കിനെ സമിതി കുറ്റപ്പെടുത്തി. സിൽക്ക്, പഞ്ചായത്ത് ഡയറക്ടറെ സമീപിച്ചതിന്റെയടിസ്ഥാന ത്തിൽ ഡയറക്ടർ പഞ്ചായത്തിന് ഉത്തരവു കൊടുത്തിരുന്നെന്ന് സിൽക്കിന്റെ എം. ഡി. സമിതിയെ അറിയിച്ചു.

28. ചതുരശ്ര മീറ്ററിന് 5,000 രൂപയിൽ താഴെ മാത്രം മാർക്കറ്റ് റേറ്റ് നിലവിലിരിക്കേ 10,385 രൂപയ്ക്കാണ് കെട്ടിടം പണിതെന്ന ഓഡിറ്റ് പരാമർശത്തിൻമേൽ, പ്രസ്തുത കെട്ടിടം സാധാരണ ഷെഡ്ഡല്ലെന്നും 7½ മീറ്റർ ഉയരമുള്ള 10 ടണ്ണിൽ കൂടുതൽ 'കർക്കാസ്' ഇറക്കത്തക്ക ഹെവി സ്ട്രക്ച്ചേഴ്സ്, കടപ്പാ സ്റ്റോൺ ഫ്ളോറിംഗ്, ഗ്ലെയ്സ്ഡ് ടൈൽസ് സൈഡ്സ് എന്നിവയോടെയുള്ളതാണെന്നും ഇതിന്റെ എസ്റ്റിമേറ്റിന്റെ ഫോട്ടോകോപ്പി ഉണ്ടെന്നും അറവുശാല ഏഴുവർഷം പ്രവർത്തി ക്കുകയും പത്തിരുപത്തഞ്ചു ലക്ഷം രൂപ വരുമാനമുണ്ടാക്കുകയും ചെയ്തതെന്നും ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഈരാറ്റുപേട്ട ഉത്ഭവസ്ഥാന മായി ഭൂകമ്പമുണ്ടായതിനുശേഷം 2007-ൽ പ്ലാന്റിൽ വിള്ളലുണ്ടാകുകയും മൃഗങ്ങളുടെ ചോരയും വെള്ളവും ഒലിച്ചിറങ്ങി ചോർച്ചയുണ്ടാകുകയും ചെയ്തതി നാൽ, ഇത് അടച്ചുപൂട്ടുകയാണുണ്ടായതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

29. ഫൈനൽ സെറ്റിൽമെന്റ് സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക്, ഫയൽ ഉണ്ടായിരുന്നെന്നും 2002-ൽ താൻ ട്രാൻസ്ഫറായിയെന്നും ഓഫീസ് ഇടയ്ക്കുമാറ്റിയിരു ന്നെന്നും ഫയൽ അവിടെയുണ്ടാകുമെന്നും മുൻ സെക്രട്ടറി ശ്രീ. പി. ടി. ഫിലിപ്പും ഓഡിറ്റ് സമയത്ത് ഫയൽ സമർപ്പിച്ചിരുന്നുവെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും സമിതി മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ എസ്റ്റിമേറ്റ്, പ്ലാൻ, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച ഫയലുകളൊന്നും ഓഡിറ്റുകാരെ കാണിച്ചിട്ടില്ലെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരാമർശം സമിതി ഈ അവസരത്തിൽ എടുത്തു പറഞ്ഞു.

30. പഴയ പ്ലാന്റ് ഇപ്പോൾ പ്രവർത്തനരഹിതമാണെങ്കിലും റിപ്പയർ ചെയ്യാൻ പറ്റുന്ന അവസ്ഥയിലാണെന്നും ഇതിലേക്ക് അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷനുമായി കരാറിലേർപ്പെട്ട് ജോലി നടന്നുകൊണ്ടിരിക്കുകയാണെന്നും, വീണ്ടും ഫയൽ ഉണ്ടാക്കുക യാണ് കരണീയമായ മാർഗ്ഗമെന്നും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും സിൽക്കിന്റെ എഞ്ചിനീയറും ചേർന്ന് രണ്ടാമത് മെഷർമെന്റ് ബുക്കുണ്ടാക്കിയിട്ടു ണ്ടെന്നും അത് പഞ്ചായത്ത് കമ്മിറ്റി കൂടി അംഗീകരിക്കേണ്ടതുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതെല്ലാം ഒരു മാസത്തിനകം ഓഡിറ്റേഴ്സിനെ ബോദ്ധ്യപ്പെടുത്തണമെന്നും പുതിയ സെക്രട്ടറി മാത്രം വിചാരിച്ചാൽ ഇതു സാധിക്കില്ലെന്നും മുൻ സെക്രട്ടറി കൂടി ചേർന്ന് ഫയലുകൾ റെഡിയാക്കി കൊടുക്കണമെന്നും സമിതി മുമ്പാകെ ഉറപ്പുനൽകിയാൽ അതു ചെയ്തിരിക്കണ മെന്നും സമിതി നിർദ്ദേശിച്ചു.

31. തദ്ദേശസ്വയംഭരണ (എ ബി) വകുപ്പ് 3-8-2009-ലെ 82765/AB1/08/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് എഞ്ചിനീയറും സിൽക്കിന്റെ എഞ്ചിനീയറും സംയുക്തമായി രണ്ടാമത് അളവ് പുസ്തകം തയ്യാറാക്കു ന്നത് അപ്രായോഗികമാണെന്ന് സിൽക്ക് അധികൃതർ അറിയിച്ചതായി ഈരാറ്റുപേട്ട പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു എന്ന് അറിയിച്ചിരിക്കുന്നു.

32. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 9-6-2009-ലെ എൽ.എഫ്.10080/ Spl.Cell G2/09 നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:—

"ഓഡിറ്റ് പരാമർശത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്ന സ്ഥിതിവിശേഷ ത്തിൽ നിന്നും യാതൊരു മാറ്റവും നാളിതുവരെ ഉണ്ടായിട്ടില്ലെന്ന് ടി പദ്ധതിയുടെ സൈറ്റിൽ നേരിട്ട് നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട അക്കൗണ്ട്സ്, ചെലവിന്റെ വിശദാംശങ്ങൾ, വിതരണം ചെയ്ത സാധനങ്ങളുടെ പട്ടിക എന്നീ രേഖകൾ 2004 ഏപ്രിൽ മാസം നടന്ന ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയവ തന്നെയാണ് നിലവിലും സൂക്ഷിച്ചിട്ടുള്ളത്. മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നും അനുമതിപത്രം ലഭിക്കാത്തതിനാലും സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികൾ പ്രവർത്തനക്ഷമമല്ലാത്തിനാലും നിലവിൽ അറവുശാലയുടെ പ്രവർത്തനം നടക്കുന്നില്ല. പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിരുന്നെങ്കിലും ആയത് പ്രവർത്തനരഹിതമായി രുന്നു. തൻവർഷ പദ്ധതിയിലുൾപ്പെടുത്തി പുതിയതായി ഒരു ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നതായി സൈറ്റ് പരിശോധനയിൽ കാണുകയുണ്ടായി. 9-1-2009-ലെ തെളിവെടുപ്പ് യോഗത്തിൽ ബഹു. സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും നിർവ്വഹണ ഏജൻസി യായ SILK-ന്റെ എഞ്ചിനീയറും സംയുക്തമായി തയ്യാറാക്കിയ അളവു പുസ്തകം, എസ്റ്റിമേറ്റ്, പ്ലാൻ, സാങ്കേതികാനുമതി രേഖ, മൂല്യനിർണയം, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച രേഖകൾ എന്നിവ ഹാജരാക്കാൻ അധികൃതർക്ക് സാധിച്ചില്ല. ബഹു. സമിതിയുടെ നിർദ്ദേശം കർശനമായി പാലിക്കണമെന്ന് ഗ്രാമപഞ്ചായത്ത് അധികൃതരോട് കത്തുമുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

33. ആധുനിക അറവുശാല നിർമ്മാണം എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കപ്പെട്ടിട്ടില്ലെന്നും 35,75,000 രൂപ പാഴ്ചെലവായിരുന്നുവെന്നായിരുന്നു ഓഡിറ്റ് പരാമർശത്തിന്റെ അന്തഃസത്ത. ഓഡിറ്റ് പരാമർശത്തിൻമേൽ ഉയർത്തുന്ന വാദഗതികൾ പരസ്പരവിരുദ്ധമാണ്. പദ്ധതി ഏറ്റെടുത്ത വകയിൽ 3,28,402 രൂപ കൂടി ലഭിക്കാനുള്ളതായി SILK അധികൃതർ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതായി കാണുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

**34. 35 ലക്ഷത്തിലധികം രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ട് ഫൈനൽ സെറ്റിൽമെന്റ് നടത്താത്തത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും സംഭവിച്ച കടുത്ത അനാസ്ഥയായി സമിതി വിലയിരുത്തുന്നു. നിർവ്വഹണ ഏജൻസിയായ സിൽക്കിന്റെ ഭാഗത്തും വീഴ്ച വന്നിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ഫൈനൽ സെറ്റിൽമെന്റ് നടത്തിയതിന്റെ രേഖകൾ ആയതിന്റെ ഫയൽ സഹിതം പഞ്ചായത്ത് അടിയന്തിരമായി ഓഡിറ്റ് മുമ്പാകെ ഹാജരാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പ്ലാന്റ് പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## വെള്ളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണൽ വിൽപ്പനയിൽ ഗണ്യമായ തുക പഞ്ചായത്ത് ഫണ്ടിനു നഷ്ടപ്പെട്ടു.**

വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് രസീതിന്റെ പരിശോധനയിൽ പഞ്ചായത്തിൽ നിക്ഷിപ്തമായ മണൽഖനനവും

അതിന്റെ വിൽപ്പനയും സംബന്ധിച്ച വരവിനത്തിൽ പഞ്ചായത്ത് ഫണ്ടിന് ഗണ്യമായ തുക നഷ്ടം സംഭവിച്ചതായി കാണുന്നു. 5-11-2001 മുതൽ 30-11-2001 വരെയുള്ള കാലയളവിൽ 207041 ക്യുബിക് അടി മണൽ വിറ്റിട്ടുണ്ട്. ഇതിന് പ്രാദേശിക കിഴിവു കളെല്ലാം കഴിഞ്ഞതിനുശേഷം യഥാർത്ഥത്തിൽ ലഭ്യമാക്കേണ്ടുന്ന തുക 25,58,262 രൂപയാണ്. എന്നാൽ റവന്യൂ അധികാരികൾക്കുവേണ്ടി തയ്യാറാക്കിയ സ്റ്റേറ്റുമെന്റ് പ്രകാരം വരവ് തുക 13,73,225 രൂപ മാത്രമാണ്. ഇപ്രകാരം 11,85,037 രൂപ വരവിൽ കുറവു വന്നിട്ടുണ്ട്. 1-12-2001 മുതൽ 31-12-2001 വരെ മണൽ വിൽപ്പനയിൽ നിന്നും യഥാർത്ഥത്തിൽ ലഭ്യമാക്കേണ്ട തുക 17,66,675 രൂപയാണെങ്കിലും വരവ് രജിസ്റ്റർ പ്രകാരം പ്രസ്തുത മാസത്തിലെ വരവ് 15,73,632 രൂപ മാത്രമാണ്. അതായത് 1,93,043 രൂപ വരവിൽ കുറവായി കാണുന്നു. ഇപ്രകാരം 2001 നവംബർ-ഡിസംബർ മാസങ്ങളിൽ മണൽ ഖനനവുമായി ബന്ധപ്പെട്ട പഞ്ചായത്ത് ഫണ്ടിന് 13,78,080 രൂപ യുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ വരവുവയ്ക്കാൻ നടപടി സ്വീകരിക്കേണ്ട താണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.I.5.2]

35. ഓഡിറ്റ് പരാമർശത്തിന്മേൽ 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:

"28-9-2006-ൽ LF 11979/Spl.Cell (Sc2)/06 നമ്പരായി ചാർജ് നോട്ടീസ് ലഭിച്ചിട്ടുണ്ട്.

25-10-2006-ലെ A1 395/03 നമ്പർ കത്ത് പ്രകാരം അനന്തര റിപ്പോർട്ടിലെ പരാമർശം ഒഴിവാക്കുന്നതിന് കെ. എം. അന്നമ്മയുടെ അപേക്ഷ ഈ ഓഫീസിൽ നിന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചിട്ടുള്ളതും LF KE 2/10/07 dated 5-10-2007-ലെ കോട്ടയം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് പ്രകാരം ഈ വിഷയത്തിൽ അന്നത്തെ സെക്രട്ടറിയായ ശ്രീമതി കെ. എം. അന്നമ്മ-യുടെ സാന്നിദ്ധ്യത്തിൽ 27-1-2007-ന് നേരിൽ പരിശോധിക്കുന്നതായി അറിയിച്ചിരുന്നു. ഈ പരിശോധന മാറ്റിവയ്ക്കുകയും പിന്നീട് 15-3-2007-ന് നടത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്മേൽ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ലാത്തതാണ്."

36. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് 5-11-2001 മുതൽ 31-11-2001 വരെയുള്ള കാലയളവിൽ പഞ്ചായത്ത് 207041 ക്യുബിക് അടി മണൽ വിറ്റുവെന്നാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ അത്രയും മണൽ വാരിയിട്ടില്ലെന്നും പഞ്ചായത്ത് വള്ളക്കണക്കിൽ വാരിയ മണലിന്റെ അളവ് ഓഡിറ്റ് വകുപ്പ് ക്യുബിക്ക് അടിയിൽ മാറ്റിയതിൽ ഉണ്ടായ വ്യത്യാസമാണ് പരാമർശത്തിന് കാരണമായതെന്നും ഓഡിറ്റ് പറഞ്ഞിരിക്കുന്ന അളവിൽ മണൽ വാരിയാൽ 16,87,384 രൂപ കൂലിയിനത്തിൽ നൽകേണ്ടി യിരുന്നുവെന്നും എന്നാൽ 9,93,303 രൂപയേ പഞ്ചായത്ത് കൂലിയായി നൽകിയിട്ടുള്ളൂ വെന്നും വെളളൂർ ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി ശ്രീമതി കെ. എം. അന്നമ്മ സമിതിയിൽ വിശദീകരിച്ചു.

37. വെള്ളൂർ പഞ്ചായത്തിൽ ഉള്ള ആറ് കടവിൽ നിന്നും അക്കാലത്ത് സൂപ്പർവൈസർമാരെ നിയോഗിച്ച് പഞ്ചായത്തുതന്നെ മണൽവാരി വിൽക്കുകയായിരുന്നു വെന്നും ടിയാൾ കൂട്ടിച്ചേർത്തു.

38. പ്രാദേശിക പരിശോധനയുടെ സമയത്ത് കടവു രജിസ്റ്റർ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയിൽ വിശദമാക്കി.

39. ഇതു സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, അപ്രകാരം ഒരു കടവ് രജിസ്റ്ററില്ലെന്നും, ഓരോ തൊഴിലാളികളുടേയും കൂലി, എണ്ണം, കയറ്റിവിട്ട ലോഡ് എന്നിവ സംബന്ധിച്ച് പഞ്ചായത്ത് ജീവനക്കാർ തയ്യാറാക്കിയ ഒരു സ്റ്റേറ്റ്മെന്റ് 13-12-2001-ൽത്തന്നെ ജീവനക്കാർക്ക് നൽകിയിട്ടുണ്ടെന്നും ഓഡിറ്റുകാർക്ക് പരിശോധിക്കുവാൻ എല്ലാ രജിസ്റ്റേഴ്സും നൽകണമെന്ന് താൻ നിർദ്ദേശി ച്ചിരുന്നെങ്കിലും എന്തൊക്കെ രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്കായി നൽകി എന്നതിനെക്കുറിച്ച് അറിയില്ലെന്നും 2003-ൽ താൻ റിട്ടയർ ചെയ്തുവെന്നും മുൻ പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

40. കടവിന്റെ സൂപ്പർവൈസർമാർ സൂക്ഷിച്ചിരുന്ന രജിസ്റ്റർ പിന്നീട് നശിപ്പിച്ചു കളയുകയാണുണ്ടായതെന്നാണ് മനസ്സിലാകുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി.

41. പഞ്ചായത്തിനു കിട്ടേണ്ട തുക തിരിമറി നടത്തി വളരെ കുറച്ചു മാത്രം കാണിച്ചുവെന്നതാണ് ഓഡിറ്റ് പരാമർശം മണൽ വാരുന്നതിന് കടവുകൾ ലേലം ചെയ്യുന്നതായിരുന്നില്ലേ ഉചിതം എന്ന സമിതിയുടെ ചോദ്യത്തിന്, സർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് മണൽ വിൽപ്പന പഞ്ചായത്ത് ഏറ്റെടുത്തതെന്നും അപ്രകാര മുള്ള ബാധ്യത ഏറ്റെടുക്കാൻ പഞ്ചായത്തിന് ബുദ്ധിമുട്ടാണെന്ന് അറിയിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് സർക്കാരിലേക്ക് കത്ത് അയച്ചിട്ടുണ്ടായിരുന്നു വെന്നും ശ്രീമതി കെ. എം. അന്നമ്മ സമിതിയിൽ മറുപടി നൽകി.

42. ആദ്യകാലത്ത് മണൽ വിറ്റിരുന്നത് ക്യുബിക്ക് അടി കണക്കാക്കിയായി രുന്നെന്നും, എന്നാൽ 5-11-2001 തുടങ്ങി 8-11-2001 ആയപ്പോഴേക്ക് അപ്രകാരം കണക്കുകൂട്ടുന്നത് ബുദ്ധുമുട്ടായതിനാൽ വാഹനം, വള്ളം എന്നിവ കണക്കാക്കി കൂലി നൽകുകയായിരുന്നുവെന്നും ഇപ്പോൾ പഞ്ചായത്ത് ഓഫീസിൽ സൈറ്റ് സൂപ്പർവൈസർമാർ എഴുതുന്ന കൈപ്പുസ്തകം മാത്രമേയുള്ളൂവെന്നും എന്നാൽ പ്രസ്തുത കൈപ്പുസ്തകം പഞ്ചായത്തിന്റെ റെക്കോർഡ് അല്ലെന്നും വർക്ക് സൂപ്പർവൈസർമാർ അവരുടേതായ രീതിയിലാണ് എഴുതിയിരിക്കുന്നതെന്നും ടിയാൾ കൂട്ടിച്ചേർത്തു.

43. കടവുകളിൽ നിന്ന് എത്ര ലോഡ് മണൽ വിറ്റുപോയി എന്നതിന്റെയും, എത്ര വള്ളം മണൽ വാരിയിട്ടുണ്ട് എന്നതിന്റെയും കണക്കുകൾ ഒരു കടവ് സൂപ്പർവൈസറുടെ കൈപ്പുസ്തകത്തിലോ സ്റ്റോക്ക് രജിസ്റ്ററിലോ നിർബന്ധമായും ഉണ്ടാകേണ്ടതാണെന്നും എന്നാൽ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ കണക്കുകൾ ഒരു വെള്ള പേപ്പറിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും, അതും യഥാർത്ഥ പേയ്മെന്റുമായി അജഗജാന്തരം ഉള്ളതായി മനസ്സിലാക്കുന്നുവെന്നും സമിതി വ്യക്തമാക്കി.

44. ജിയോളജി വകുപ്പിൽനിന്നും നൽകുന്ന പാസ് മുഖേനയാണ് തങ്ങൾ മണൽ വിൽക്കുന്നതെന്നും എന്നാൽ ഓരോ മാസവും വാരുന്ന മണൽ അതേ മാസംതന്നെ വിറ്റുപോകില്ലെന്നും സെസ്സിന്റെ റിപ്പോർട്ട് ലഭിക്കാത്തതുകൊണ്ട് കൂടുതൽ മണൽ വാരരുതെന്ന് 16-11-2001-ൽ താൻ സൈറ്റ് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും ശ്രീമതി കെ. എം. അന്നമ്മ സമിതിയിൽ വിശദീകരിച്ചു.

45. സൈറ്റ് സൂപ്പർവൈസർമാരുടെ കൈവശമുണ്ടായിരുന്ന കണക്കുകൾ സെക്രട്ടറി പരിശോധിക്കാറുണ്ടായിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന്, പ്രസ്തുത കണക്കുകൾ താൻ അന്നത്തെ സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ. സത്യവാൻ നായർ മുഖേനയാണ് പരിശോധിച്ചിരുന്നതെന്ന് സെക്രട്ടറി മറുപടി നൽകി.

46. ആദ്യത്തെ ഓഡിറ്റിന് ശേഷം രണ്ടാമത് പ്രാദേശിക പരിശോധനയ്ക്ക് കടവ് രജിസ്റ്റർ ഉൾപ്പെടെ പല രേഖകളും തങ്ങൾക്ക് ലഭ്യമാക്കിയില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി.

47. മണൽ വിൽപ്പന രജിസ്റ്റർ, ക്യാഷ് രജിസ്റ്റർ, കടവ് രജിസ്റ്റർ, പാസ്സ് സ്റ്റോക്ക് രജിസ്റ്റർ എന്നീ രേഖകൾ ഒന്നുംതന്നെ പരിശോധനയ്ക്ക് ലഭിച്ചില്ലെന്നും, ആദ്യത്തെ പരിശോധനയിൽ ഓഡിറ്റുകാർ കണ്ടുവെന്ന് പറയുന്ന കടവു രജിസ്റ്ററിന്റെ കോപ്പിയെങ്കിലും ഓഡിറ്റുകാർ എടുത്തു സൂക്ഷിക്കേണ്ടതായിരുന്നുവെന്നും എസ്. പി. എ. ഒ., LSGD കൂട്ടിച്ചേർത്തു.

48. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച ബന്ധപ്പെട്ട രേഖകളും ഫയലും അസിസ്റ്റന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ഓഡിറ്റ് വകുപ്പ് എന്നിവർ പുനഃപരിശോധന നടത്തി ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

49. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ LF 10080/Spl.Cell G2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"24-11-2008-ൽ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഹാജരാക്കപ്പെട്ട രേഖകളുടെയും തദവസരത്തിൽ ഹാജരായിരുന്ന ടി കാലയളവിലെ സെക്രട്ടറി ശ്രീമതി കെ. എം. അന്നമ്മയെ നേരിൽക്കേട്ടതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വസ്തുതാ പരിശോധനാക്കുറിപ്പുകൾ ചുവടെ ചേർത്തിരിക്കുന്നു:

വെള്ളൂർ ഗ്രാമപഞ്ചായത്ത് 5-11-2001 മുതൽ 5-2-2002 വരെയും 15-3-2002 മുതൽ 31-3-2002 വരെയും മണൽ വിൽപ്പനയ്ക്കായി നൽകിയിട്ടുള്ള പാസ്സുകൾ, മണൽ വിറ്റുവരവ് തുക ചേർത്തിട്ടുള്ള കടവു രജിസ്റ്റർ, മണൽ സംഭരണ ചെലവു സംബന്ധമായ വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ടി കാലയളവിൽ പാസ്സുകൾ മുഖേന വിവിധ ഇനം വാഹനങ്ങൾ ഉപയോഗിച്ച് മണൽ വില്പന നടത്തിയിട്ടുളള ദിവസങ്ങളിലെ വിറ്റുവരവ് തുക ബന്ധപ്പെട്ട കടവ് രജിസ്റ്ററിൽ ചേർത്തിട്ടുളളതായി കാണുന്നു. (ടി കാലയളവിൽ ആകെ 28 ദിവസങ്ങളിൽ മണൽ വില്പന നടത്തിയിട്ടില്ല. പ്രസ്തുത തീയതികളിൽ പാസ്സുകൾ വിതരണം ചെയ്തിട്ടില്ല.)

17-10-2001-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 200 ക്യുബിക് അടി മണൽ എന്നത് ഒരു ലോഡ് എന്നും ആയതിന് സംഭരണ ചെലവ് 1,630 രൂപയെന്നും നിശ്ചയിച്ചിരുന്നു. പ്രസ്തുത നിരക്കാണ് ഓഡിറ്റ് പരാമർശത്തിലെ നഷ്ടം കണക്കാക്കുന്നതിന് ആധാരമാക്കിയിട്ടുള്ളത്. എന്നാൽ അടി കണക്കിന് മണൽ കയറ്റുന്നതും വില നിശ്ചയിക്കുന്നതും ബുദ്ധിമുട്ട് ആകയാൽ ടി തീരുമാനം റദ്ദ് ചെയ്ത് വാഹനത്തിന്റെ ഇനം അനുസരിച്ച് താഴെപ്പറയും പ്രകാരം വില നിജപ്പെടുത്തുകയുണ്ടായി. (8-11-2001-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം II)

| | | |
|---|---|---|
| ടിപ്പർ ലോറി | .. | 2,750 രൂപ |
| സാധാരണ ലോറി | .. | 2,500 രൂപ |
| മസ്ദ ലോറി | .. | 2,250 രൂപ |
| 407 ലോറി | .. | 1,400 രൂപ |
| ടെമ്പോ ലോറി | .. | 1,200 രൂപ |

കൂടാതെ സംഭരണ ചെലവിന് 17-10-2001-ലെ തീരുമാനപ്രകാരം നിശ്ചയിച്ചിരുന്ന നിരക്കായ 1,630 രൂപ 29-11-2001-ലെ 29(എ) നമ്പരായുള്ള കമ്മിറ്റി തീരുമാന പ്രകാരം വള്ളം ഒന്നിന് 825 രൂപയെന്ന് പുനർനിർണ്ണയം ചെയ്തിട്ടുമുണ്ട്. 8-11-2001 മുതൽ ലോറി അടിസ്ഥാനപ്പെടുത്തിയിട്ടുള്ള നിരക്കുകൾ പ്രകാരമാണ് മണൽ വില്പന നടത്തിയിട്ടുള്ളതെന്ന് പാസ്സുകളും അനുബന്ധ രജിസ്റ്ററും (കടവ് രജിസ്റ്റർ) പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. പ്രാദേശിക പാസ്സുകൾക്ക് 10% കിഴിവും അനുവദിച്ചിട്ടുണ്ട്. ടി രേഖകൾ പ്രകാരം വ്യക്തമായിട്ടുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു:

| *കാലയളവ്* | *വില്പന യില്ലാത്ത ദിവസ ങ്ങളുടെ എണ്ണം* | *പാസ്സുക ളുടെ എണ്ണം* | *പ്രാദേശിക പാസ്സുകളുടെ എണ്ണം* | *മണൽ വിറ്റുവരവ് (₹)* | *സംഭരണ ചെലവ് (₹)* |
|---|---|---|---|---|---|
| 5-11-2001 മുതൽ 30-11-2001 വരെ | 3 | 593 | 85 | 14,20,679 | 9,90,303 |
| 12/2001 | 8 | 668 | 213 | 15,19,985 | 11,85,466 |
| 1/2002 | 7 | 669 | 166 | 15,26,935 | 11,23,682 |
| 1-2-2002 മുതൽ 5-2-2002 വരെ | 1 | 105 | 25 | 2,37,675 | 1,62,200 |
| 15-3-2002 മുതൽ 31-3-2002 വരെ | 9 | 191 | 97 | 4,32,150 | 6,81,149 |
| ആകെ | 28 | 2226 | 586 | 51,37,424 | 41,42,800 |

ഓഡിറ്റിന് ലഭ്യമാക്കിയ കടവു രജിസ്റ്ററുകൾ പ്രകാരം 11/2001-ൽ മൊത്തം 239501 ക്യൂബിക് അടി മണൽ സംഭരിച്ചതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്ററുകൾ തുടർന്ന് നടത്തിയ രണ്ട് പ്രാദേശിക പരിശോധനകളിലും ലഭ്യമാക്കുക യുണ്ടായില്ല. ആയതിനാൽ ടി അളവിനെക്കുറിച്ച് പ്രാദേശിക പരിശോധനയിൽ യാതൊന്നും വ്യക്തമായിട്ടില്ല. ടി രജിസ്റ്ററുകൾ ആധികാരിക രജിസ്റ്ററുകൾ അല്ലെന്നും മണൽ വില്പനയുടെ മേൽനോട്ടം വഹിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരുന്ന പഞ്ചായത്ത് ജീവനക്കാർക്ക് പ്രാഥമികമായി അളവു രേഖപ്പെടുത്തുന്നതിനും മറ്റുമായി ഉപയോഗിക്കുന്ന രജിസ്റ്ററാണെന്നും സെക്രട്ടറി വിശദീകരിക്കുകയുണ്ടായി.

5-11-2001 മുതൽ 16-11-2001 വരെ മണൽ വിറ്റുവരവ് ഇനത്തിലുള്ള തുകയിൽ നിന്നാണ് കൂലി നൽകിയിട്ടുള്ളത്. 17-11-2001 മുതലുള്ള കാലയളവിൽ വിറ്റുവരവ് തുക വരവു രജിസ്റ്ററിൽ ചേർത്ത് ഒടുക്കിയിട്ടുള്ളതായി കാണുന്നു. നിയമാനുസൃത മുള്ള ആർ.എം.എഫ്. തുക ഒടുക്കി ലഭ്യമാക്കിയ പാസ്സുകൾ വിനിയോഗിച്ച് വില്പന നടത്തിയിട്ടുള്ള ദിവസങ്ങളിലെ വിറ്റുവരവ് തുക കൃത്യമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് ഒടുക്കിയിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ കാണുന്നു.

ആർ.എം.എഫ്. ഇനത്തിൽ ടി കാലയളവിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| *ചെലാൻ നമ്പർ/ രസീത് തീയതി* | *തുക (₹)* |
|---|---|
| 2057/31-10-2001 | 1,30,000 |
| 6/ 26-11-2001 | 4,000 |
| 82/30-11-2001 | 24,000 |
| 74/4-12-2001 | 1,04,200 |
| 3/29-12-2001 | 90,000 |
| 4/17-1-2002 | 60,000 |
| 5/31-1-2002 | 42,000 |
| 4/15-3-2002 | 60,000 |
| ആകെ | 5,14,200 |

വിതരണം ചെയ്ത പാസ്സുകളുടെ അടിസ്ഥാനത്തിൽ ടി കാലയളവിലെ മണൽ വില്പനയുടെ ആകെ ഡിമാന്റ് തുകയായ 51,37,424 രൂപയിൽ സംഭരണ ചെലവ് 41,42,800 രൂപ കിഴിച്ച് ബാക്കിയുള്ള 9,94,624 രൂപ പഞ്ചായത്ത് ഫണ്ടിൽ യഥാസമയം അടവാക്കിയിട്ടുണ്ട്.

മണൽ വില്പനയിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്ന് ബോധ്യമായ സാഹചര്യത്തിൽ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

50. **മണൽ വില്പനയിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമിതി മനസ്സിലാക്കുന്നതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

51. **ഫയലുകൾ, രജിസ്റ്ററുകൾ മറ്റനുബന്ധ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതും അവ പരിശോധനയ്ക്ക് ഓഡിറ്റ് മുൻപാകെ യഥാസമയം ഹാജരാക്കേണ്ടതും പഞ്ചായത്ത് സെക്രട്ടറിമാരുടെ ചുമതലയാണ്. അപ്രകാരം കൃത്യമായ രേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കാതെ ഓഡിറ്റ് പരാമർശങ്ങൾക്ക് ഇടവരുത്തുന്ന സെക്രട്ടറിമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണൽ വിൽപ്പനയിലെ ക്രമക്കേടുകൾ**

വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2000-2001, 2001-2002 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയുടെ ഓഡിറ്റ് വേളയിൽ പഞ്ചായത്തിലെ മണൽ വിതരണവുമായി ബന്ധപ്പെട്ട് ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് പ്രഥമാ ദൃഷ്ട്യാ ബോദ്ധ്യപ്പെട്ടു. 16-2-2002 മുതൽ 11-3-2002 വരെയുള്ള കാലയളവിൽ (ജീവനക്കാരുടെ പണിമുടക്ക് കാലയളവ്) പഞ്ചായത്ത് പ്രസിഡന്റ് സ്വന്തം നിലയിൽ മണൽ പാസുകൾ നൽകുകയും ആയതിൽനിന്നും ലഭിച്ച ഗണ്യമായ തുകകൾ സ്വകാര്യധനം എന്ന നിലയിൽ സൂക്ഷിച്ച് അനുബന്ധ ചെലവുകൾ കിഴിച്ച് നിസ്സാര തുക മാത്രം പഞ്ചായത്ത് അക്കൗണ്ടിൽ അടച്ചതായി കാണുന്നു. പ്രസ്തുത കാലയളവിൽ 10,90,875 രൂപ വരവുണ്ടായിരുന്നതിൽ 30-3-2002-ൽ പ്രസിഡന്റ് പഞ്ചായത്തിൽ ഏൽപ്പിച്ച 52,000 രൂപയുൾപ്പെടെ 1,93,609 രൂപ മാത്രം ബാങ്കിൽ അടച്ചിട്ടുള്ളതായും ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ കാണുന്നു. ബാക്കി തുക ചെലവായതായി പറയുന്നുവെങ്കിലും ഇതു സംബന്ധിച്ച ഒരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ 10,94,121 രൂപ ചെലവഴിച്ചതിന്റെ ഒരു സംക്ഷിപ്ത പത്രിക ഓഡിറ്റിന് നൽകിയിട്ടുണ്ട്. ഓഫീസിൽ ഹാജരാകാതിരുന്ന പഞ്ചായത്ത് സെക്രട്ടറി പാസ്സുകളിൽ കയ്യൊപ്പ് രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. പഞ്ചായത്ത് പ്രസിഡന്റ് ഹാജരാക്കിയ പ്രസ്തുത ചെലവിനങ്ങളിൽ ആധികാരികത ഉറപ്പു വരുത്തുന്ന രേഖകൾ ലഭ്യമല്ല.

27-2-2002 മുതൽ 11-3-2002 വരെ 5,36,980 രൂപയുടെ മണൽ വിറ്റുവെങ്കിലും 30-3-2002-ൽ 52,000 രൂപ മാത്രമാണ് പ്രസിഡന്റ് പഞ്ചായത്തിൽ ഏൽപ്പിച്ചത്. ഇത് തികച്ചും സംശയാസ്പദമായ സാഹചര്യം സൃഷ്ടിക്കുന്നു.

മേൽപ്പറഞ്ഞ ക്രമക്കേടുകൾ കൂടാതെ മണൽ പാസ് ഇഷ്യൂ ചെയ്തതിലും തൊഴിലാളികൾക്ക് കൂലി നൽകിയ ഇനത്തിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കാണുന്നു. അതിനാൽ വെള്ളൂർ പഞ്ചായത്തിലെ മണൽ വാരലും വിപണനവും സംബന്ധിച്ച് കൂടുതൽ സമഗ്രവും വസ്തുനിഷ്ഠവുമായ അന്വേഷണം ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.4]

52. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/എ.ബി.1/08/LSGD നമ്പർ കത്തു മുഖേന ഗവൺമെന്റ് നൽകിയ മറുപടി.

"16-2-2002 മുതൽ 11-3-2002 വരെ സമരകാലയളവിൽ ജില്ലാ കളക്ടറുടെ അനുമതിപ്രകാരമാണ് പഞ്ചായത്ത് പ്രസിഡന്റ് മണൽ വിപണനം നടത്തിയിട്ടുള്ള തെന്നും സെക്രട്ടറിയുൾപ്പെടെയുള്ള ജീവനക്കാർ സമരത്തിലായിരുന്നുവെങ്കിലും സെക്രട്ടറി ഒപ്പിട്ട് മുൻകൂർ സമർപ്പിക്കുവാൻ അലമാരയിൽ സൂക്ഷിച്ചിരുന്ന പാസ്സുകളാണ് സമരകാലയളവിൽ പ്രസിഡന്റ് മണൽ വിൽപ്പനയ്ക്കായി വിതരണം നടത്തിയിട്ടുള്ളതെന്നും 29-8-2005-ലെ III-ാം നമ്പർ തീരുമാനത്തിൽ അംഗീകരി ച്ചിട്ടുള്ള ചെലവുകൾ കിഴിച്ച് ബാക്കി തുകയാണ് ബാങ്കിൽ അടച്ചിട്ടുള്ളതെന്നും പ്രസിഡന്റിന്റെ മറുപടിയിൽ പറയുന്നത്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 6-1-2004-ലെ എൽ.എഫ്.കെ.പി. (5) 29/04-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യത്തിൽ അന്വേഷണം നടത്തുകയും 10-9-2004-ലെ ജി3-202/04-ാം നമ്പർ കത്തും പ്രകാരം പഞ്ചായത്തിനുണ്ടായിരുന്ന നഷ്ടം സംബന്ധിച്ച് അക്കമിട്ട് പറഞ്ഞിരുന്ന കാര്യങ്ങളിൽ പറയുന്ന തുക മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. പി. കണ്ണൻ 30-12-2004-ൽ 12504/48, 1-3-2005-ലെ 12513/84 എന്നീ രസീതുകൾ പ്രകാരം 15,000 രൂപ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

മേൽപ്പടി കത്തിലെ മറ്റൊരു നിർദ്ദേശം പ്രസിഡന്റ് നൽകിയിട്ടുള്ള കണക്കുകൾ പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്കായി സമർപ്പിച്ച് നിയമാനുസരണം അംഗീകരിക്കാവുന്ന എല്ലാവിധ ചെലവുകളും അംഗീകരിച്ച് ചെലവു ചെയ്ത തുകയ്ക്ക് റാറ്റിഫിക്കേഷൻ വാങ്ങണമെന്നായിരുന്നു. ഇതുപ്രകാരം 29-8-2005-ൽ ചേർന്ന കമ്മിറ്റി III-ാം നമ്പർ തീരുമാന പ്രകാരം കണക്കുകൾ പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ക്രമനമ്പർ 11,12,13 പ്രകാരം അംഗീകരിച്ച തുകയാണ് പ്രസിഡന്റ് ശ്രീ. പി. പി. കണ്ണൻ പഞ്ചായത്തിൽ അടച്ചിട്ടുള്ളത്. ടി തുക സമര കാലയളവിൽ പഞ്ചായത്തിൽ അനിവാര്യമായി വന്ന പൊതു ആവശ്യങ്ങൾക്ക് ചെലവഴിച്ചതാണെന്നും ദുരുപയോഗം ചെയ്തതല്ല എന്നും, എന്നാൽ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം കൈയിൽ നിന്നും അടച്ചിട്ടുള്ളതു മാണെന്നാണ് പ്രസിഡന്റിന്റെ മറുപടി. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ചെലവ് സംബന്ധിച്ച് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ അന്തിമ തീർപ്പ് ആവശ്യമാണ്."

53. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞ തിന്, 16-2-2002 മുതൽ 11-3-2002 വരെ ഒരു എൽ.ഡി. ക്ലാർക്ക് ഒഴിച്ച് ബാക്കി എല്ലാ ജീവനക്കാരും സമരത്തിലായിരുന്നതുകൊണ്ട് തുക യഥാസമയം അക്കൗണ്ട് ചെയ്യാൻ സാധിച്ചില്ലെന്നും ഡെപ്യൂട്ടി ഡയറക്ടർ 10-5-2005-ൽ പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച അക്കൗണ്ട്സിന് കമ്മിറ്റി സാധൂകരണം നൽകിയ തനുസരിച്ച് 29-8-2005-ൽ പഞ്ചായത്ത് കമ്മിറ്റിയിൽ കണക്കുകൾ

അവതരിപ്പിച്ചുവെന്നും അതിൽ മണൽത്തൊഴിലാളികൾക്ക് കൂലികൊടുത്ത 8,26,748 രൂപ ജിയോളജി വകുപ്പിൽ അടച്ച 9,000 രൂപ ജിയോളജി വകുപ്പിൽ റോയൽറ്റിയായി അടച്ചത് 15,000 രൂപ, R.M.F. വിഹിതം 24,000 എന്നിവ മണൽ വിൽപ്പന തുകയിൽ നിന്ന് എടുത്ത് അടച്ചതായാണ് കാണുന്നതെന്നും വാഹന വാടകയായ 2,000 കൂടാതെ 4,358 വേറെയും ചെലവായിട്ടുണ്ടെന്നും പഞ്ചായത്തിന്റെ വൈദ്യുതി ചാർജ്ജായി അടച്ച 1,656 രൂപയും ടെലിഫോൺ ചാർജായ 2,336 രൂപയും ഭക്ഷണ ചെലവായ 2,214 രൂപയും ആറു കടവുകളിലെ സൂപ്പർവൈസർമാർക്ക് 1,000 രൂപ വീതം 6,000 രൂപയും, 9-ാം വാർഡിലെ റോഡ് അറ്റകുറ്റപ്പണിക്ക് 4,500 രൂപയും 8-ാം വാർഡിൽ പൈപ്പ് ഇട്ടതിന് 4,500 രൂപയും മണൽ വിറ്റുകിട്ടിയ തുകയിൽ നിന്നും അടയ്ക്കുകയും, ബാക്കിവന്ന 1,93,609 രൂപ ബാങ്കിൽ അടയ്ക്കുകയും ചെയ്തെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. അതിൽ കടവ് കൺവീനർമാർക്ക് നൽകിയ 6,000 രൂപയും രണ്ട് വർക്കുകൾക്ക് പ്രസിഡന്റ് കൊടുത്ത 4,500 രൂപയുമടക്കം 15,000 രൂപ വൗച്ചറില്ലാത്തതുകൊണ്ട് നോട്ടീസ് നൽകിയപ്പോൾ പ്രസിഡന്റ് തിരിച്ചടച്ചിട്ടുണ്ടെന്നും വെള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. പി. മുരളീധരൻ സമിതിയെ അറിയിച്ചു.

54. മേൽ സൂചിപ്പിച്ച കാര്യങ്ങൾ എല്ലാംതന്നെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചാണ് പ്രസിഡന്റ് ചെയ്തതെന്നും എന്നാൽ തീരുമാനത്തിന്റെ പകർപ്പ് കൊണ്ടുവന്നിട്ടില്ലെന്നും പാസ് മുഖേനയല്ലാതെ തങ്ങൾ മണൽ വിറ്റിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

55. **മണൽ വില്പനയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വൗച്ചറില്ലാത്ത 15,000 രൂപ പഞ്ചായത്ത് പ്രസിഡന്റ് തിരിച്ചടച്ചിട്ടുള്ളതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## അകലക്കുന്നം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**(i) ചെങ്ങളം വാർഡിൽ സമ്പൂർണ്ണ വെളിച്ചം—പദ്ധതി നടത്തിപ്പിലെ അപാകതകൾ**

പഞ്ചായത്തിലെ ചെങ്ങളം വാർഡിൽ വൈദ്യുതി എത്താത്ത ഏകദേശം '50' ഭവനങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് സാഹചര്യമൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടത്തിപ്പിനായി ക്വട്ടേഷൻ ലഭിച്ച വ്യക്തി 62 വീടുകൾ വയറിംഗ് ചെയ്തതായി കാണിച്ച് 31,744 രൂപ കൈപ്പറ്റിയതായി കാണുന്നു. വൈദ്യുതി എത്താത്ത വീടുകളിൽ വെളിച്ചം എത്തിക്കുന്നതിന് പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും ഈ ഭവനങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുക്കേണ്ടതിനുപകരം പഞ്ചായത്ത് കമ്മിറ്റി നേരിട്ടാണ് തെരഞ്ഞെടുത്തിരിക്കുന്നത്. 62 വീടുകൾ വയറിംഗ് ചെയ്തതായി രേഖകൾ ഒന്നും തന്നെയില്ല. 42 ഭവനങ്ങൾ വയറിംഗ് നടത്തിയതായി ബന്ധപ്പെട്ട വാർഡ് മെമ്പർ

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാക്കി 20 വീടുകളെ സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ ഒന്നും ഇല്ല. യാതൊരു മാനദണ്ഡവുമില്ലാതെയും നിബന്ധനകൾ ഒന്നും പാലിക്കാതെയും പ്രവൃത്തി നടത്തിയതിനാലും, പ്രവൃത്തി നടത്തിയതിന്റെ തെളിവുകൾ ഒന്നുംതന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാലും പ്രസ്തുത പദ്ധതിക്കു വേണ്ടി ചെലവാക്കിയ 31,744 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.1.5.3)

56. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:

"തൃപ്തികരമായ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. രേഖകൾ കൃതൃമായി സൂക്ഷിച്ചിട്ടുണ്ട്. ഈ വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ 22-8-2008-ലെ എ1-109/06-ാം നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്".

57. വീടുകളിൽ വൈദ്യുതി നൽകിയതിന് യാതൊരു രേഖയുമില്ലെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ആകെയുള്ള 62 വീടുകളിലും വയറിംഗ് പൂർത്തിയാക്കി കറണ്ട് കണക്ഷൻ നൽകിയിട്ടുള്ളതായി പള്ളിക്കത്തോട് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും മേൽ പ്രവൃത്തി ഗ്രാമസഭ അംഗീകരിച്ചു തന്നിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് എല്ലാ രേഖകളും ഓഡിറ്റ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

58. പ്രസ്തുത രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

59. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ LF 10080/ Spl.Cell G2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ ചെങ്ങളം വാർഡിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത വീടുകളിൽ വയറിംഗ് നടത്തി വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പാക്കിയ 'സമ്പൂർണ വെളിച്ചം' പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായ അപാകതകൾ ബഹു. നിയമസഭാ സമിതിയുടെ സജീവ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സെക്രട്ടറിയുടെ 22-8-2008-ലെ മറുപടിയുടെ നിജസ്ഥിതി നേരിൽക്കണ്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുകയുണ്ടായി. തദനുസരണം അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ 28-11-2008-ൽ പ്രാദേശിക പരിശോധന നടത്തിയും ബന്ധപ്പെട്ട അധികാരികളെ നേരിൽക്കണ്ടും സ്വരൂപിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു:

(1) ഗ്രാമപഞ്ചായത്ത് 77 ഭവനങ്ങൾ വൈദ്യുതീകരിക്കാനാണ് പദ്ധതി ആസൂത്രണം ചെയ്തത്. 62 പേർ മാത്രമാണ് വയറിംഗ് പൂർത്തിയാക്കിയത്. ഓഡിറ്റ് വേളയിൽ ലഭ്യമാക്കാതിരുന്ന 77 ഗുണഭോക്താക്കൾ അടങ്ങുന്ന പ്രസ്തുത പദ്ധതിയുടെ ഗ്രാമസഭ അംഗീകരിച്ച പട്ടിക പരിശോധനയ്ക്ക് ഹാജരാക്കി.

(27-1-2001-ലെ ഗ്രാമസഭ അംഗീകരിച്ച പട്ടിക) ആയതിൽ ഉൾപ്പെടുന്ന 62 ഗുണഭോക്താക്കൾക്ക് തന്നെയാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് പട്ടിക പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെയാണ് (ഗ്രാമസഭയിലൂടെ) ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടത്തിയതെന്ന സെക്രട്ടറിയുടെ മറുപടി അംഗീകരിക്കാവുന്നതാണ്.

(2) വീടു വയറിംഗ് നടത്തിയ 62 ഗുണഭോക്താക്കളിൽ 42 പേരുടെ പൂർത്തീകരണ വിവരങ്ങൾ മാത്രമാണ് ഓഡിറ്റ് വേളയിൽ ഹാജരാക്കിയത്. ബാക്കിയുള്ളവരുടെ വിവരങ്ങൾ ലഭ്യമല്ലാതിരുന്നത് ഓഡിറ്റ് പരാമർശത്തിന് ഹേതുവായിത്തീർന്നു. ബാക്കിയുണ്ടായിരുന്ന 20 പേരും വയറിംഗ് പൂർത്തീകരിച്ച താണെന്നും ആകെയുള്ള 62 വീടുകളിലും നിലവിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും പരിശോധനാ വേളയിൽ സന്നിഹിതനായിരുന്ന വാർഡ് മെമ്പർ അറിയിക്കുകയുണ്ടായി. ടി വിശദീകരണത്തിന് ഉപോദ്ബലകമായി ഗുണഭോക്താക്കളുടെ പേര് കൺസ്യൂമർ നമ്പർ എന്നീ വിശദാംശങ്ങൾ അടങ്ങിയ പള്ളിക്കത്തോട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്തും (കത്ത് നമ്പർ DB/53/AKM/PKD/ 08-09/5/28-4-2008) ഹാജരാക്കുകയുണ്ടായി. പ്രസ്തുത കത്ത് പരിശോധിച്ച് ആയവർ ധനസഹായം കൈപ്പറ്റിയവർ തന്നെയാണെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

ധനസഹായം കൈപ്പറ്റിയവർ പ്രസ്തുത തുക വിനിയോഗിച്ച് വൈദ്യുതീകരണം നടത്തിയതായും തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ നിയമാനുസൃതം പൂർത്തീകരിച്ച തായും രേഖകളിൽ നിന്ന് ബോധ്യപ്പെട്ടിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

60. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പൈപ്പ്‌ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ**

പെട്ടകക്കുന്ന്-മൂഴിമുഖം പൈപ്പ് ലൈൻ പദ്ധതിക്കു വേണ്ടിയും പടിഞ്ഞാറൻ മേഖല കുടിവെള്ള പദ്ധതിക്കു വേണ്ടിയും പൈപ്പുകൾ വാങ്ങിയതിലും പദ്ധതി നടപ്പിലാക്കിയതിലും ക്രമക്കേടുകൾ നടന്നതായി ഓഡിറ്റിൽ കണ്ടെത്തി. ടി പദ്ധതി കൾക്കായി പൈപ്പുകൾ വാങ്ങിയതുൾപ്പെടെ യഥാക്രമം 50,160 രൂപയും 12,18,686 രൂപയും ചെലവാക്കിയതായി കാണുന്നു. പൈപ്പുകൾ വാങ്ങിയപ്പോൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചതായി കാണുന്നില്ല. പത്രപ്പരസ്യം നൽകുകയോ, ക്വട്ടേഷനുകൾ ക്ഷണിക്കുകയോ ചെയ്തിട്ടില്ല. വാങ്ങിയ പൈപ്പുകൾ സുരക്ഷിത മല്ലാതെ ചില സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നത്. പൈപ്പുകളുടെ ഗുണമേന്മയോ അളവുകളോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രേഖകൾ ഒന്നും ഹാജരാക്കി യിട്ടില്ല. ഓഡിറ്റ് തീയതി വരെ പ്രസ്തുത രണ്ടു പദ്ധതികളും പൂർത്തിയാക്കി യിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത രണ്ടു പദ്ധതികൾക്കായി ചെലവായ 12,68,846 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.1.5.4(i).]

61. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി.

"ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച സ്ഥാപനമായ പ്രോഫിറ്റ് കോർപൈപ്പ് ലിമിറ്റഡിൽ നിന്ന് സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ പാലിച്ചാണ് പൈപ്പ് വാങ്ങിയിട്ടുള്ളത്. വാട്ടർ അതോറിറ്റി കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18-11-1998-ലെ എ.ബി.4 ഡി.എൽ.പി. ഡി.2830/98/പി.വി.സി. നമ്പർ കത്തിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ജനകീയ കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ നടപ്പിലാക്കിയ ഈ പദ്ധതി നാളിതുവരെ ജനോപകാരപ്രദമായി നടപ്പിലാക്കി വരുന്നതാണ്. കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ മേഖലയായ ആർപ്പൂക്കര ഗ്രാമ പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് ഈ പദ്ധതി ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. രേഖകൾ എല്ലാം സൂക്ഷിച്ചിട്ടുണ്ട്."

62. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, കളക്ടർ അദ്ധ്യക്ഷനായുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ് പ്രോഫിറ്റ് കോർ പെപ്പ് ലിമിറ്റഡ് എന്ന സ്ഥാപനം സെലക്ട് ചെയ്തതെന്നും, പ്രവൃത്തി പൂർത്തിയായി വെള്ളം ലഭിക്കുന്നുണ്ടെന്നും ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. സത്യദാസ് സമിതിയെ അറിയിച്ചു.

63. പൈപ്പ് മണ്ണിനടിയിലാണോ സൂക്ഷിച്ചിരുന്നതെന്നും വാട്ടർ അതോറിറ്റിയാണോ പൈപ്പ് ലേ ചെയ്തത് എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, മണ്ണിനടിയിലും അല്ലാതെയും പൈപ്പ് ലേ ചെയ്തിട്ടുണ്ടെന്നും ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചത് വാട്ടർ അതോറിറ്റിയായിരുന്നു വെന്നും ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

64. പദ്ധതി പൂർത്തിയാക്കിയതിന് രേഖയുണ്ടോ എന്നും ഗുണഭോക്തൃ സമിതിയുടെ കൺവീനർ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, ഗുണഭോക്തൃ വിഹിതം പദ്ധതി നടത്തിപ്പിന് വിനിയോഗിച്ചതായി എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അതിന്റെ ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടില്ലെന്നും തൊഴിൽ തർക്കം മൂലമുള്ള കേസ്സ് ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാലാണ് ഫൈനൽ ബിൽ സെറ്റിൽ ചെയ്യാൻ സാധിക്കാത്തതെന്നും, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി വിശദീകരിച്ചു.

65. ഫൈനൽ ബിൽ തീർപ്പാക്കിയതിന്റെയും ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റേയും രേഖകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ ഒരു മാസത്തിനകം ഹാജരാക്കാൻ പഞ്ചായത്തിനോടും രേഖകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകാൻ ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചു.

66. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 9-6-2009-ലെ എൽ.എഫ് 10080/ Spl.Cell.G2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"പെട്ടകക്കുന്ന്-മൂഴിമുഖം പൈപ്പ് ലൈൻ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച രേഖകൾ രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും അവ ലഭിച്ചില്ല. തന്മൂലം ടി ഖണ്ഡികയിന്മേലുള്ള മറുപടിയുടെ നിജസ്ഥിതി പരിശോധിച്ചുറപ്പിക്കാൻ സാധിക്കുന്നില്ല. ഡി.എൽ.പി.സി. (ജില്ലാതല പ്രൊക്യൂറിംഗ് കമ്മിറ്റി-കളക്ടർ അധ്യക്ഷനായുള്ള) യുടെ മിനിട്സ്/യോഗതീരുമാനം/ഉത്തരവ് എന്നിവ ലഭ്യമല്ലാത്തതിനാൽ പൈപ്പ് വാങ്ങിയതിന്റെ നടപടിക്രമവും റേറ്റിന്റെ നിജസ്ഥിതിയും നിർണ്ണയിക്കാൻ കഴിയുന്നില്ല.

അളവുപുസ്തകം ലഭ്യമാകാത്തതിനാൽ ഫൈനൽ ബിൽ സെറ്റിൽ ചെയ്തതിന്റെ വിവരവും ഗുണഭോക്തൃവിഹിതവും കുറവു വരുത്തിയിട്ടുള്ളതിന്റെ വിവരവും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പടിഞ്ഞാറൻ മേഖല കുടിവെള്ള പദ്ധതി സംബന്ധിച്ച ഫയൽ/മറ്റു രേഖകൾ രേഖാമൂലം ആവശ്യപ്പെട്ടു എങ്കിലും ലഭിച്ചില്ല. ലഭിച്ച രേഖകൾ താഴെ പറയുന്നവ മാത്രം:

(1) അളവു പുസ്തകം നമ്പർ XXXV/1999-2000

(2) 7 മാസ്റ്റർ റോളുകൾ

ടി പദ്ധതിക്കു കീഴിൽ 1,45,000 രൂപ ആകെ കൺവീനർക്ക് നൽകിയിട്ടുണ്ട്. അളവുപുസ്തകം പേജ് 59 മുതൽ 70 വരെ ചേർത്ത വിവരങ്ങൾ പ്രകാരം അന്തിമ വേലമൂല്യം 3,17,377 രൂപയാണ്. എ.ഇ., കെ.ഡബ്ള്യു.എ., മെഡിക്കൽ കോളേജ് സെക്ഷൻ, ഗാന്ധിനഗർ വേലയുടെ അളവെടുക്കുകയും എ.എക്സ്.ഇ., കെ.ഡബ്ള്യൂ.എ., വാട്ടർ വർക്സ് സബ്ഡിവിഷൻ, കോട്ടയം ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ വേലമൂല്യത്തിൽ നിന്നും നികുതികൾ, ഗുണഭോക്തൃവിഹിതം, റിറ്റൻഷൻ എന്നിവ കുറവു വരുത്തുകയോ തുക കൺവീനർക്ക് നല്കാനുള്ള തുകയ്ക്ക് പാസ് ഓഡർ നല്കുകയോ ചെയ്തിട്ടില്ല. ഇതിൽ നിന്നും ഫൈനൽ ബില്ല് നാളിതുവരെ സെറ്റിൽ ചെയ്തിട്ടില്ല എന്ന് വ്യക്തമാകുന്നു. (മേൽ രണ്ടു പദ്ധതികളുടെയും നിർവ്വഹണരേഖകൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും ആർപ്പൂക്കര പഞ്ചായത്തിൽ നിന്നും മറുപടി ലഭിച്ചിരുന്നു. എന്നാൽ പരിശോധനാ സമയം ഇവ ലഭ്യമാക്കുകയുണ്ടായില്ല.)"

**നിഗമനങ്ങൾ/ശുപാർശകൾ**

67. **ഫൈനൽ ബിൽ തീർപ്പാക്കിയതിന്റെയും ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റേയും രേഖകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ ഒരു മാസത്തിനകം ഹാജരാക്കാൻ 19-11-2008-ലെ തെളിവെടുപ്പു യോഗത്തിൽ സമിതി പഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി നിർദ്ദേശം പഞ്ചായത്ത് സെക്രട്ടറി പാലിച്ചിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. അപ്രകാരം സമിതി നിർദ്ദേശം പാലിക്കാൻ കൂട്ടാക്കാതിരുന്ന സെക്രട്ടറിക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം സമിതി ആവശ്യപ്പെട്ട രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പാറപ്പുറം ശുദ്ധജലവിതരണ പദ്ധതി-ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.**

പാറപ്പുറം ശുദ്ധജല പദ്ധതിയുടെ പേരിൽ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 3,58,151 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല. ആകെ 233 പേരിൽ നിന്നും തുകകൾ പിരിച്ചതായിട്ടാണ് കാണുന്നതെങ്കിലും പിരിച്ചെടുത്ത ആകെ തുക എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതയിനത്തിൽ ജനകീയ സമിതി പിരിച്ചടുത്ത തുക എത്രയെന്ന് അന്വേഷിച്ചു കണ്ടെത്തേണ്ടതും പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ട തുമാണ്. പ്രസ്തുത പദ്ധതി പ്രകാരം 1,30,610 രൂപ 1-ാം പാർട്ട് ബിൽ പ്രകാരം നൽകിയതായി കാണുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച അളവ് പുസ്തകം, ഡേറ്റ, കൺവേയൻസ് സ്റ്റേറ്റുമെന്റ്, പാസ്ബുക്ക് എന്നിവ ആഡിറ്റിന് ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റിനെക്കാൾ കൂടുതലായി ചെയ്ത ഇനങ്ങൾക്ക് അംഗീകാരം വാങ്ങിയതായി കാണുന്നില്ല. ഇക്കാരണത്താൽ 1,30,610 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.1.5.4 (ii).]

68. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:

"ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനും ആയത് പദ്ധതിയുടെ നിർവ്വഹണത്തി നായി വിനിയോഗിക്കുന്നതിനും ഗുണഭോക്തൃ സിമിതിക്ക് അനുവാദം നൽകിയിട്ടുള്ള താണ്. ഗുണഭോക്തൃ വിഹിതം പിരിച്ചതിനെ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ സമിതിയിൽ നിന്നും നൽകണമെന്നാവശ്യപ്പെട്ട് സമിതി സെക്രട്ടറിക്ക് കത്ത് നൽകി യിട്ടുണ്ട്. കത്തിന്റെ മറുപടി ലഭിച്ചിട്ടില്ല. പദ്ധതിയുടെ ഫൈനൽ ബിൽ നാളിതുവരെ നൽകിയിട്ടില്ല.

ശുദ്ധജലക്ഷാമം നേരിടുന്ന ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ടി പദ്ധതി വലിയൊരളവുവരെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വേളയിൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം സംബന്ധിച്ച് ഓഡിറ്റ് ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുന്നതു സംബന്ധിച്ച വീഴ്ച മൂലമാണ് ഓഡിറ്റ് പരാമർശമുണ്ടായത്.

പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഫൈനൽ ബിൽ നൽകുന്ന സമയത്ത് ഗുണഭോക്തൃ വിഹിതം ബില്ലിൽ നിന്നും കുറവു ചെയ്യുന്നതാണ്."

69. ഗുണഭോക്തൃ വിഹിതം ഗുണഭോക്തൃ സമിതിക്ക് വേണമെങ്കിൽ വിനിയോഗി ക്കാമെങ്കിലും, കണക്ക് പഞ്ചായത്തിന്റേയോ ഗുണഭോക്തൃ സമിതിയുടെയോ അക്കൗണ്ടിൽപ്പെടുത്തി സെറ്റിൽ ചെയ്യേണ്ടതാണെന്ന വസ്തുത ചൂണ്ടിക്കാട്ടിയ സമിതി, പാറപ്പുറം ശുദ്ധജല വിതരണ പദ്ധതിയിലെ ഗുണഭോക്തൃ വിഹിതം എങ്ങനെ ചെലവഴിച്ചുവെന്നതിന് രേഖയില്ലാത്തതിന്റെ വിശദീകരണം ആരാഞ്ഞു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫൈനൽ ബിൽ ഓഡിറ്റ് സമയത്ത് തയ്യാറാ

യിരുന്നില്ലെന്നും എന്നാൽ ഇപ്പോൾ അത് തയ്യാറായിട്ടുണ്ടെന്നും ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

70. ഫൈനൽ ബിൽ തീർപ്പാക്കിയതിന്റേയും ബാക്കി തുക പഞ്ചായത്ത് ഫണ്ടിൽ വരവു വച്ചതിന്റേയും രേഖകളും ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ കണക്കുകളും ഒരു മാസത്തിനകം ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കാൻ പഞ്ചായത്ത് അധികൃതരോട് സമിതി നിർദ്ദേശിച്ചു.

71. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ LF10080/spl.Cell G2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

"ആകെ 25,52,438 രൂപയുടെ അടങ്കലിൽ രൂപീകരിച്ച പാറപ്പുറം ജലവിതരണ പദ്ധതിയിൽ പ്ലാൻ ഫണ്ട് വിഹിതം 8,37,400 രൂപയും, തനത് ഫണ്ട് 2,15,038 രൂപയും ഗുണഭോക്തൃവിഹിതമായി 15,00,000 രൂപയും ആണ് ഉൾക്കൊള്ളിച്ചത്. 1998-99, 1999-2000, 2000-01 എന്നീ വർഷങ്ങളിലായി ആകെ 20,48,296 രൂപ പദ്ധതിയുടെ നിർവ്വഹണത്തിന് ചുമതലപ്പെട്ട ആർപ്പൂക്കര ജനകീയ സമിതിക്ക് നല്കുകയുണ്ടായി. ടി പദ്ധതി നടത്തിപ്പിന് ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന്, രസീത് സീൽ ചെയ്ത് നൽകുന്നതിന് 18-9-1998-ലെ 1 (എ) നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തു. ഇതു സംബന്ധിച്ച് ഗുണഭോക്തൃ വിഹിതം എത്രയാണ് പിരിച്ചത് എന്നതിനെകുറിച്ചും ഈ തുക എപ്രകാരം ഏതെല്ലാം ദിവസം സമിതി പഞ്ചായത്തിൽ അടവു വരുത്തി എന്നതിനെക്കുറിച്ച് ഫയൽ പരിശോധിച്ചതിൽ കൃത്യമായ വിവരങ്ങളോ രേഖകളോ ഉള്ളതായി കാണുന്നില്ല. ഫയലിൽ ഇതു സംബന്ധിച്ച വ്യത്യസ്ത കണക്കുകൾ ഉള്ളതായി കാണുന്നു. നിർവ്വഹണ സമിതി ഹാജരാക്കിയ ഒരു സ്റ്റേറ്റ്മെന്റ് പ്രകാരം 3,62,650 രൂപ ഗുണഭോക്തൃവിഹിതമായി സംഭരിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ കാണുന്ന ഗുണഭോക്തൃവിഹിതം സംബന്ധിച്ച മറ്റൊരു സ്റ്റേറ്റുമെന്റു പ്രകാരം 3,87,401 രൂപ എന്നും കാണുന്നു. ആർപ്പൂക്കര ജനകീയ സമിതി പ്രസിഡന്റ് ശ്രീ. കെ. ആർ. നാരായണൻ സമർപ്പിച്ച മറുപടിയിൽ 10,46,250 രൂപ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെയും പഞ്ചായത്ത് അക്കൗണ്ടിൽ വരവു വച്ചതിന്റെയും ഒരു രേഖകളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂല്യനിർണ്ണയം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിന്റെയും അന്തിമ ബിൽ തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമായിട്ടില്ല. ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ കണക്ക് ബോധിപ്പിക്കുന്നതിനും ഫൈനൽ ബിൽ തയ്യാറാക്കി സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചു കൊണ്ട് ആർപ്പൂക്കര ജനകീയ സമിതിയുടെ പ്രസിഡന്റിന് 4-4-2008-ൽ എ3/263/07 നമ്പർ കത്ത് പഞ്ചായത്ത് നൽകിയിട്ടുണ്ട്. കൂടാതെ 29-11-2008, 20-12-2008 എന്നീ തീയതികളിൽ എ3/578/08 നമ്പർ കത്തിലൂടെ പ്രസ്തുത ആവശ്യം ആവർത്തിച്ചിട്ടുണ്ട്. 4-4-2008-ലെ എ3/263/07 നമ്പർ കത്തിന് 8-8-2008-ൽ സമിതി പ്രസിഡന്റ് നല്കിയ മറുപടിയിൽ ഗുണഭോക്തൃവിഹിതമായി പിരിച്ച 10,46,250 രൂപ സംബന്ധിച്ച കണക്ക് പഞ്ചായത്തിന് യഥാസമയം നൽകിയിരുന്നതായി വ്യക്തമാക്കിയിട്ടുണ്ട്.

ടി പദ്ധതിയുടെ അന്തിമബിൽ തയ്യാറാക്കുന്നതിനും ഗുണഭോക്തൃ വിഹിതം അതിൽ നിന്നും തിരിച്ചു പിടിക്കുന്നതിനും (3,58,151 രൂപ) നിർദ്ദേശിച്ചുകൊണ്ട് 29-11-2008-ലും 20-12-2008-ലും പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ്, എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുടെ അന്തിമ ബിൽ തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് 24-2-2009, 16-3-2009, 25-3-2009 എന്നീ തീയതികളിൽ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കടുത്തുരുത്തി, കോട്ടയം എന്നിവർക്ക് കത്ത് നൽകിയിട്ടുള്ളതായും കാണുന്നു. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.”

**നിഗമനങ്ങൾ/ശുപാർശകൾ**

**72. ഫയലിൽ ഗുണഭോക്തൃവിഹിതം രേഖപ്പെടുത്തിയിരിക്കുന്നതിൽ വ്യക്തത ഇല്ലാത്തതിനാൽ ഇപ്രകാരം വ്യത്യസ്ത തുകകൾ രേഖപ്പെടുത്താനുണ്ടായ സാഹചര്യവും ഏതാണ് ശരിയായ തുകയെന്നതു സംബന്ധിച്ചും ഭരണ വകുപ്പ് അന്വേഷണം നടത്തി ആയതിന്റെ റിപ്പോർട്ട് സമിതിക്കു നൽകണമെന്നും കൃത്യമായ തുക തന്നെ ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

**73. പദ്ധതി സംബന്ധിച്ച ഫൈനൽ ബിൽ തയ്യാറായിട്ടുണ്ടെന്ന് ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ മൊഴി നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാവേളയിൽ ആയത് സെക്രട്ടറി ഹാജരാക്കിയിരുന്നില്ല. ആയതിനാൽ ഗുണഭോക്തൃവിഹിതമായി എത്ര തുക പിരിച്ചിട്ടുണ്ട് എന്നതിന്റെയും ഫൈനൽ ബിൽ സംബന്ധിച്ചുള്ളതിന്റേയും കൃത്യമായ കണക്ക്, രേഖകൾ സഹിതം ഓഡിറ്റ് വകുപ്പ് മുമ്പാകെ അടിയന്തിരമായി ഹാജരാക്കണമെന്നും ഓഡിറ്റ് വകുപ്പ് പ്രസ്തുത രേഖകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം—ഉയർന്ന നിരക്കിൽ സാധനങ്ങൾ വാങ്ങിയതിനാൽ പഞ്ചായത്തിനു നഷ്ടം സംഭവിച്ചു**

മുണ്ടക്കയം ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മണൽ, മെറ്റൽ എന്നിവയ്ക്ക് P.W.D നിരക്കിനേക്കാൾ അധികരിച്ച് തുക നൽകി വാങ്ങിയതിനാൽ പഞ്ചായത്തിന് 29,243 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 24-2-2000-ത്തിലെ 85686-ാം നമ്പർ ചെക്കു മുഖേന 1,58,710 രൂപ ശ്രീ. വി. പി. സെയ്തു മുഹമ്മദ് എന്ന വ്യക്തിക്ക് നൽകി കാണുന്നു. അതുപോലെ തന്നെ 2-ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മണൽ, മെറ്റൽ, റബിൾ, ഇഷ്ടിക തുടങ്ങിയവ വാങ്ങിയ ഇനത്തിൽ ശ്രീ. വി. പി. സെയ്തു മുഹമ്മദിന് 1,96,947 രൂപ നൽകിയിട്ടുണ്ട്. ഇതിൽ സാധനങ്ങളുടെ യഥാർത്ഥ വിലയെക്കാൾ 52,676 രൂപ അധികമായാണ് നൽകിയിരിക്കുന്നത്. ഇപ്രകാരം പ്രസ്തുത രണ്ടു നിർമ്മാണ പ്രവർത്തനങ്ങളിലുമായി പഞ്ചായത്ത് ഫണ്ടിന് നഷ്ടപ്പെട്ട 81,919 രൂപ ആഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.1.5.(i).]

ഓഡിറ്റ് ഖണ്ഡിക

**ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിൽ അപാകതകൾ**

1999-2000-ൽ നേരിട്ടുള്ള നിർവ്വഹണത്തിലൂടെ ഒന്നാംഘട്ടം കെട്ടിട നിർമ്മാണത്തിനായി 13,82,637 രൂപയും ഗുണഭോക്തൃ സമിതി നടത്തിയ രണ്ടാംഘട്ടത്തിനായി 10,19,605 രൂപയും ഉൾപ്പെടെ ആകെ 24,03,242 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നാംഘട്ട പ്രവൃത്തിയുടെ മൂല്യനിർണ്ണയം ഓഡിറ്റ് തീയതിവരെ നടത്തിയില്ല. ഒന്നാംഘട്ട പ്രവൃത്തിയുടെ അളവെടുക്കൽ പോലും പൂർത്തിയാക്കാതെയാണ് രണ്ടാംഘട്ട പ്രവൃത്തി ഏറ്റെടുത്തത്. ചെലവിന്റെ സംശുദ്ധി ഉറപ്പാക്കുന്നതിനാവശ്യമായ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞില്ല.

1999-2000-ലെ ഓഡിറ്റ് റിപ്പോർട്ടിൽ മണൽ, മെറ്റൽ, റബിൾ ഇഷ്ടിക എന്നിവ സപ്ലൈ ചെയ്ത വ്യക്തിക്ക് അധികം നൽകിയ 52,676 രൂപ നിരാകരിച്ചിരുന്നുവെങ്കിലും നാളിതുവരെ മറുപടി സമർപ്പിക്കുകയോ, തുക തിരികെ അടയ്ക്കുകയോ ചെയ്തിട്ടില്ല. ഒന്നാം ഘട്ട പ്രവൃത്തിക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത വ്യക്തി തന്നെ തുടർന്നുള്ള വർഷങ്ങളിൽ കോൺട്രാക്ടർ എന്ന നിലയിൽ പ്രവൃത്തി ഏറ്റെടുത്തതായി കാണുന്നു. അതിനാൽ പ്രവൃത്തി ബിനാമി കോൺട്രാക്ടർ മുഖേന നടന്നതായി സംശയിക്കുന്നു.

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് മാനദണ്ഡങ്ങൾ പാലിക്കാതെയും യാതൊരുവിധ സുതാര്യത ഇല്ലാതെയും സ്വേച്ഛാപരമായി പ്രവൃത്തി നടപ്പിലാക്കിയത് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളെ അട്ടിമറിക്കുന്നതിന് തുല്യമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.1.4.2]

74. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവണ്മെന്റ് നൽകിയ മറുപടി:

"അധികമായി കൈപ്പറ്റിയ തുക സാധനങ്ങൾ വിതരണം ചെയ്ത ശ്രീ. സെയ്ദ് മുഹമ്മദ് വട്ടകപ്പാറ, വരിക്കാനി പി.ഒ., മുണ്ടക്കയം എന്നയാളിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് A1-707/07 തീയതി 25-10-2008 നമ്പർ കത്ത് പ്രകാരം ബഹു: ജില്ലാ കളക്ടർ അവർകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്."

75. ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മണൽ, മെറ്റൽ എന്നിവയ്ക്ക് പി.ഡബ്ല്യു.ഡി. നിരക്കിനേക്കാൾ അധികരിച്ച തുക നൽകിയതിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന് മണൽ, മെറ്റൽ എന്നിവ സപ്ലൈ ചെയ്ത കോൺട്രാക്ടർ ശ്രീ. വി. പി. സെയ്തു മുഹമ്മദിൽ നിന്നും 52,676 രൂപ തിരികെ ഈടാക്കുന്നതിനായി ആർ. ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എൻ. കെ. അവറാച്ചൻ സമിതിയിൽ വിശദീകരിച്ചു.

76. എന്നാൽ കോൺട്രാക്ടറിൽനിന്ന് അപ്രകാരം തുക ഈടാക്കാൻ കഴിയില്ലെന്നും സാധനങ്ങൾക്ക് പി.ഡബ്ല്യു.ഡി. നിരക്കിനേക്കാൾ അധികരിച്ച തുക നൽകാൻ ശുപാർശ നൽകിയത് ആരാണെന്നും സമിതി ആരാഞ്ഞതിന്, അന്ന് A.E. ആയിരുന്ന ശ്രീ. മോഹൻദാസാണ് അപ്രകാരം ശുപാർശ ചെയ്തതെന്നും, അദ്ദേഹം റിട്ടയർ ചെയ്തുവെന്നും സെക്രട്ടറി മറുപടി നൽകി.

77. പഞ്ചായത്ത് നേരിട്ട് എക്സിക്യൂട്ട് ചെയ്ത പ്രവൃത്തിയായതിനാൽ സെക്രട്ടറിയാണ് അതിന്റെ നിർവ്വഹണോദ്യോഗസ്ഥനെന്നും നിരക്കിനേക്കാൾ അധിക തുക നൽകിയെന്ന് പറയുമ്പോൾ അത് സെക്രട്ടറി കൂടി പരിശോധിക്കേണ്ടതായിരുന്നു വെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയിൽ വിശദീകരിച്ചു.

78. അന്നത്തെ സെക്രട്ടറി ശ്രീ. എം. ആൽഫ്രഡ് ഇപ്പോൾ ഓസ്ട്രേലിയയിലാണെന്ന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

79. ആർ. ആർ. നടപടിയെടുക്കാൻ വ്യക്തി സ്ഥലത്ത് വേണമെന്ന് നിർബന്ധമില്ലെന്നും പി.ഡബ്ല്യു.ഡി. നിരക്കിനേക്കാൾ അധികരിച്ച തുക നൽകാൻ ശുപാർശ ചെയ്ത മുൻ A. E. ശ്രീ. കെ.വി. മോഹൻദാസ് ബന്ധപ്പെട്ട മുൻ സെക്രട്ടറി ശ്രീ. എം. ആൽഫ്രഡ് എന്നിവർക്കെതിരെ ആർ.ആർ. നടപടി സ്വീകരിച്ച് പി.ഡബ്ല്യു.ഡി. റേറ്റിനേക്കാൾ അധികരിച്ച് നൽകിയ തുക രണ്ടുപേരിൽ നിന്നും തുല്യമായി ഈടാക്കി ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

80. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ LF10080/spl.Cell G2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

"നേരിട്ടുള്ള നിർവ്വഹണത്തിലൂടെ നടപ്പാക്കിയ ടൗൺ ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിക്കു വേണ്ടി ഉയർന്ന നിരക്കിൽ സാധനങ്ങൾ വാങ്ങിയ ഇനത്തിലുണ്ടായ നഷ്ടം പലിശ സഹിതം ഈടാക്കുന്നതിന് ബഹു. സമിതിയുടെ നിർദേശാനുസരണം താഴെപ്പറയുന്ന പ്രകാരം ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നു:

| *ആർ. ആർ. നടപടികൾക്ക് ശുപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ/വ്യക്തി* | *പലിശ സഹിതമുള്ള തുക (രൂപ)* | *അഭിപ്രായക്കുറിപ്പ്* |
|---|---|---|
| (1) | (2) | (3) |
| ശ്രീ. കെ. വി. മോഹൻദാസ്, മുൻ അസിസ്റ്റന്റ് എൻജിനീയർ | 81,919 | 26-2-2009-ൽ ആലപ്പുഴ ജില്ലാ കളക്ടർക്ക് എ1-707/08 നമ്പർ നടപടികളിലൂടെ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം വ്യക്തമല്ല. |
| ശ്രീ. എം. ആൽഫ്രഡ്, മുൻ സെക്രട്ടറി | 52,676 | 25-11-2008-ൽ ഇടുക്കി ജില്ലാ കളക്ടർക്ക് എ1-707/08 നമ്പർ നടപടികളിലൂടെ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം വ്യക്തമല്ല. |

| (1) | (2) | (3) |
|---|---|---|
| ശ്രീ. വി. പി. സെയ്ത് മുഹമ്മദ്, ഗുണഭോക്തൃ സമിതി കൺവീനർ | 52,676 | 25-11-2008-ൽ എ1-707/08 നമ്പർ നടപടികളിലൂടെ കോട്ടയം ജില്ലാ കളക്ടർക്ക് സമർപ്പിച്ച ശുപാർശയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കാഞ്ഞിരപ്പള്ളി തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. [ഡെപ്യൂട്ടി കളക്ടറുടെ (ആർ. ആർ.) 18-12-2008-ലെ ബി (10)/ 2008/54002/5 നമ്പർ കത്ത്] ടി നടപടികൾക്കെതിരേടിയാൻ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി അന്വേഷണത്തിൽ അറിയുന്നു.” |

81. 2004-2005 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശം:

“ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിൽ അപാകതകൾ” സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് 2001-ൽ വാല്യൂവേഷൻ നടത്തി ഫൈനൽ ബിൽ നൽകിയിട്ടുണ്ടെന്നും പൂർത്തിയായ കെട്ടിടത്തിൽ ഇപ്പോൾ ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തിക്കുകയാണെന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

82. മൂല്യനിർണ്ണയം പൂർത്തിയാക്കി എം. ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി പ്രവൃത്തി സംബന്ധിച്ച് ഫൈനൽ ബിൽ ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ ഒരു മാസത്തിനകം ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

83. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ LF10080/Spl.Cell G2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

“മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് വിവിധ ഘട്ടങ്ങളിലായി വിവിധ നിർവ്വഹണ രീതികൾ അവലംബിച്ചാണ് പൂർത്തീകരിച്ചിട്ടുള്ളത്. നേരിട്ടുള്ള നിർവ്വഹണത്തിലൂടെ 15 ലക്ഷം രൂപ അടങ്കലിൽ ഏറ്റെടുത്ത ഒന്നാം ഘട്ട പ്രവൃത്തികളിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യമുള്ള മെറ്റീരിയൽസ് (സിമന്റ്, കട്ട, കല്ല്, കമ്പി, മണൽ മുതലായവ) ഗ്രാമപഞ്ചായത്ത് നേരിട്ട് മാർക്കറ്റ് നിരക്കിൽ വാങ്ങിയിട്ടുള്ളതായും ലേബർ ചാർജ് സെൽഫ് ചെക്കുകൾ മുഖേന പിൻവലിച്ച് നൽകിയതായും കാണപ്പെട്ടു.

വാങ്ങിയ സാധനങ്ങളുടെ "സ്റ്റോക്ക് മെഷർമെന്റ്" 1999-2000-ലെ നാലാം നമ്പർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടനിർമ്മാണത്തിൽ പ്രീ മെഷർമെന്റ് ആവശ്യമായ പ്രബലിത കോൺക്രീറ്റിംഗ് (Reinforcement) ഉൾപ്പെടെയുള്ള വേലകളുടെ അളവ് യഥാസമയം രേഖപ്പെടുത്തുന്നതിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിരിക്കുന്നു. ഇത്തരം വേലകളുടെ അളവ് രേഖപ്പെടുത്തിമൂല്യനിർണ്ണയം നടത്തുക അസാധ്യമായി തീർന്നിരിക്കുന്നു. (പ്രവൃത്തികൾ അന്തിമമായി പൂർത്തീകരിച്ചതിനാൽ) ഈ സാഹചര്യത്തിൽ നിലവിലുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിക്കുകയുണ്ടായി. പൂർണ്ണമായും കൃത്യത കൈവരിക്കാൻ സാധിക്കുകയില്ലെങ്കിലും സാധ്യമാകുന്ന തരത്തിൽ വളവുകൾ രേഖപ്പെടുത്തുന്നതിന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് വരുകയാണെന്നും അധികൃതർ അറിയിക്കുകയുണ്ടായി. നേരിട്ടുള്ള നിർവ്വഹണത്തിലൂടെ പൂർത്തിയാക്കിയ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ മെറ്റീരിയൽസ്/ലേബർ ചാർജിനത്തിൽ 31-3-2001 വരെ ചെലവഴിച്ച 13,82,637 രൂപ ക്രമീകരിക്കാത്ത മുൻകൂർ ചെലവായി മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മറ്റ് അപാകതകളിന്മേൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല".

**നിഗമനങ്ങൾ/ശുപാർശകൾ**

84. **പി.ഡബ്ല്യൂ.ഡി. നിരക്കിനേക്കാൾ അധികരിച്ച നിരക്കിൽ മണൽ, മെറ്റൽ എന്നിവയ്ക്ക് തുക നൽകുകമൂലം പഞ്ചായത്തിനുണ്ടായ 81,919 രൂപയുടെ നഷ്ടത്തിന് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ. വി. മോഹൻദാസ്, പഞ്ചായത്തു മുൻ സെക്രട്ടറി ശ്രീ. എം. ആൽഫ്രഡ് എന്നിവർ ഉത്തരവാദികളാണെന്നും ആയതിനാൽ മേൽ തുക ഈ രണ്ട് ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

85. **പ്രവൃത്തിയുടെ അളവ് യഥാസമയം M. Book-ൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം പ്രവൃത്തിയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി M. Book-ൽ വിവരങ്ങൾ രേഖപ്പെടുത്തി പ്രവൃത്തി സംബന്ധിച്ച ഫൈനൽ ബിൽ ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കാത്തപക്ഷം ഒന്നാം ഘട്ടത്തിൽ കെട്ടിട നിർമ്മാണത്തിനായി ചെലവാക്കിയ 13,82,637 രൂപ ക്രമീകരിക്കാത്ത മുൻകൂർ ചെലവായി പരിഗണിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും Revenue Recovery നടപടി വഴി തിരികെ ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുമാർക്കറ്റ്/മത്സ്യമാംസ മാർക്കറ്റ് കെട്ടിടം പണിയിൽ അപാകതകൾ**

30.5 ലക്ഷം ചെലവഴിച്ചിട്ടും മാർക്കറ്റ് കെട്ടിടങ്ങൾ പൂർത്തിയായില്ല.

പൊതുമാർക്കറ്റ്, മത്സ്യമാർക്കറ്റ് എന്നിവയ്ക്ക് മണിമലയാറിന്റെ തീരത്ത് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഒന്നും രണ്ടും ഘട്ടം നിർമ്മാണത്തിനായി 30,50,000 രൂപ ചെലവാക്കിയിരിക്കുന്നതായി കാണുന്നു. ലക്ഷങ്ങൾ ചെലവാക്കിയിട്ടും കെട്ടിടം തികച്ചും അപൂർണ്ണമായ രീതിയിലും ഉപേക്ഷിക്കപ്പെട്ട നിലയിലുമാണ്.

കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർവ്വഹണം, തുക നൽകൽ എന്നിവ ഒറിജിനൽ ഖണ്ഡികയിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പൂർത്തീകരണത്തിനുള്ള ആകെ പ്രതീക്ഷിക്കുന്ന ചെലവ് നിർണ്ണയിക്കാതിരിക്കൽ, ശരിയായ സൈറ്റ് പരിശോധനയില്ലാതെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, ചില ഇനങ്ങൾക്ക് അധിക നിരക്ക് നൽകൽ, ബിനാമി ഇടപാട് നടന്നുവെന്ന് സംശയിക്കുന്നതിനുള്ള ശക്തമായ സൂചനകൾ, സാങ്കേതിക അനുമതി തുകയിൽ നികുതി വിഹിതങ്ങൾക്കായി പ്രത്യേകം വക കൊള്ളിച്ചിരിക്കുന്ന 50,669 രൂപ കൂടി കൺവീനർക്ക് നൽകിയ നടപടി തുടങ്ങിയവ ഖണ്ഡികയിൽ വിവരിച്ചിട്ടുണ്ട്.

തീർത്തും ഉപേക്ഷിക്കപ്പെട്ട നിലയിൽ പ്രയോജനരഹിതമായി കാണുന്ന കെട്ടിടം പൂർത്തീകരിക്കണമെങ്കിൽ ഇനി എത്ര തുക വേണ്ടിവരുമെന്നോ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നോ യാതൊരു ധാരണയും അധികൃതർക്ക് ഉള്ളതായി കാണുന്നില്ല. പദ്ധതി ചെലവ് 30,50,000 രൂപ പാഴ് ചെലവാകാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.I.4.1]

86. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/എ.ബി1/08/എൽ.എസ്.ജി.ഡി. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:

"മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പൊതുമാർക്കറ്റ്, മത്സ്യമാംസമാർക്കറ്റ് കെട്ടിടം പണികൾ എന്ന പ്രോജക്ട് ബഹുവർഷ പ്രോജക്ടായി പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഓഡിറ്റിൽ പരാമർശിക്കുന്നതുപോലെ 30.5 ലക്ഷം രൂപയുടെ പണികൾകൊണ്ട് ടി പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കുകയില്ല.

ഈ പ്രവൃത്തി (മത്സ്യമാംസ മാർക്കറ്റ്) ആരംഭിച്ചത് 1999-2000-ലാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു:

| *വർഷം* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* | *നിർമ്മാണഘട്ടം* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1999-2000 | 22,00,000 | 22,00,000 | 100% | പൊതുമാർക്കറ്റിന്റെ അടിത്തറ പൂർത്തീകരിക്കുകയും സെല്ലാർകോളത്തിന്റെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. |
| 2000-01 | 5,00,000 | 4,83,000 | 97% | പ്രവൃത്തിയുടെ രണ്ടാം ഘട്ടമായ സെല്ലാർ നിർമ്മിച്ചു. |
| 2001-02 | 15,00,000 | 5,50,000 | 37% | സെല്ലാറിന്റെ ടോപ്പു വാർക്കുകയും ഒന്നാം നിലനിർമ്മാണം ആരംഭിക്കുകയും ചെയ്തു. |
| 2002-03 മുതൽ 2004-05 വരെയുള്ള 3 വർഷക്കാലം തുക വകയിരുത്തിയില്ല | | | | |
| 2005-06 | 8,00,000 | 7,74,802 | 97% | മത്സ്യമാംസ മാർക്കറ്റിനു വേണ്ടി 4 ഹാളുകളിൽ വിട്രിഫൈഡ് ടൈൽസ് പാകി പ്രത്യേകം മുറികൾ തിരിക്കുകയും ചെയ്തു. |
| 2006-07 | 4,50,000 | 4,50,000 | 100% | മത്സ്യമാംസ മാർക്കറ്റ് കെട്ടിടത്തിന്റെ ഭിത്തികൾ നിർമ്മിച്ച് പ്ലാസ്റ്ററിംഗ് നടത്തി ഷട്ടറുകൾ സ്ഥാപിച്ച്, മണ്ണ് ഫില്ലിംഗ് നടത്തി ചുറ്റും സംരക്ഷണഭിത്തി നിർമ്മിക്കുകയും ചെയ്തു. |
| 2007-08 | 15,00,000 | 7,36,110 | പ്രവൃത്തി പൂർത്തീകരിച്ച് വരുന്നു. | 2007-2008 സാമ്പത്തിക വർഷം 100% തുകയും ചെലവഴിച്ച് മത്സ്യ മാംസ പൊതു സസ്യ മാർക്കറ്റ് ഒരു നില പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ടി വർഷം പദ്ധതി പ്രവർത്തനം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | താമസിച്ചതിനാൽ 2008-09-ൽ സ്പിൽ ഓവറായി ടി പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളതാണ്. വൈദ്യുതീകരണവും പ്ലംബിംഗ് ജോലികളും മാത്രമാണ് ഇനി അവശേഷിക്കുന്നത്. ഇവയുടെ പൂർത്തീകരണത്തോടുകൂടി പഞ്ചായത്തിന് ധനാഗമമാർഗ്ഗം സൃഷ്ടിക്കപ്പെടുകയും സെല്ലാറിൽ ഒരേ സമയം 75 ഓളം വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഉണ്ടാവുകയും ചെയ്യും.” |

87. മേൽ പ്രവൃത്തിക്കുവേണ്ടി 30.5 ലക്ഷം രൂപ ചെലവഴിച്ചിട്ടു കെട്ടിടം പണി പൂർത്തിയായിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് കെട്ടിടം പണി പൂർത്തീകരിച്ചുവെന്നും അതിനായി 55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും നാല് ഭാഗമായാണ് പ്രവൃത്തിചെയ്തതെന്നും ആദ്യത്തെ പ്രവൃത്തിക്കു മാത്രമേ കൺവീനറുണ്ടായിരുന്നുള്ളുവെന്നും, കൺവീനർ ശ്രീമതി മേരി ക്രിസ്തുദാസ് ആയിരുന്നുവെന്നും ബാക്കിയുള്ള വർക്കുകൾ ടെണ്ടർ വിളിച്ചാണ് ചെയ്തതെന്നും കൺവീനർക്ക് അധികം നൽകിയ തുക തിരിച്ചുപിടിച്ച് സെറ്റിൽ ചെയ്തിട്ടുണ്ടെന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദമാക്കി.

88. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് ഒരു മാസത്തിനുളളിൽ സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

89. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ എൽ.എഫ്.10080/സ്പെ.സെൽ.ജി2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

“1998-1999 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന “പൊതുമാർക്കറ്റ്/മൽസ്യ മാംസ മാർക്കറ്റ് കെട്ടിട നിർമ്മാണം” എന്ന പദ്ധതിയുടെ 31-3-2002 വരെയുള്ള സ്ഥിതിയാണ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നത്. ടി കാലയളവുവരെ 30,50,000 രൂപ ചെലവഴിച്ചിട്ടും കെട്ടിട നിർമ്മാണം ഒട്ടുംതന്നെ പൂർത്തീകരണ ഘട്ടത്തിൽ എത്തിയിരുന്നില്ല. 6/04-ൽ നടന്ന ഓഡിറ്റ് വേളയിൽ ടി കെട്ടിടത്തിന്റെ അവസ്ഥ നേരിൽ കാണുകയും തുടർ നിർമ്മാണ പ്രവൃത്തികൾ ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്ന് വ്യക്തമാകുകയും ചെയ്തിരുന്നു. പദ്ധതി തയ്യാറാക്കൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർവ്വഹണം, തുക നൽകൽ എന്നീ വിഷയങ്ങളിൽ കാണപ്പെട്ട അപാകതകളും റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

2002-03, 2003-04, 2004-05, 2005-06 വർഷങ്ങളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ടി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. ഓഡിറ്റിന്റെയും ബഹു. നിയമസഭാ സമിതിയുടേയും ഇടപെടലിനെ തുടർന്ന് നിർമ്മാണ പ്രവർത്തന ങ്ങൾ പുനരാരംഭിക്കുകയും വിവിധ ഘട്ട പ്രവൃത്തികൾക്കായി 27,39,787 രൂപ കൂടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സേഫ്റ്റി ടാങ്ക്, ഡ്രെയിനേജ്, ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ/സാനിട്ടറി അറേഞ്ച്മെന്റ് മുതലായ പ്രവൃത്തികൾ നിലവിൽ അവശേഷിക്കുന്നു. പ്രസ്തുത പ്രവൃത്തികൾ കൂടി പൂർത്തീകരിച്ചാൽ പൊതു മാർക്കറ്റിന്റെയും മൽസ്യമാർക്കറ്റിന്റെയും പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

പരിഹരിക്കപ്പെടാത്ത അപാകതകൾ

(1) റിപ്പോർട്ടിൽ നിരാകരിച്ചിട്ടുള്ള തുകകളുടെ റിക്കവറി നടപടികൾ പൂർത്തിയായിട്ടില്ല.

(2) നികുതി വിഹിതങ്ങൾ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി മുതലായ ഇനങ്ങൾക്കായി വകയിരുത്തിയിരുന്ന തുകകളും ഗുണഭോക്തൃ സമിതി കൺവീ നർക്ക് നൽകി. (എസ്റ്റിമേറ്റ്/സാങ്കേതികാനുമതി തുകയെ അധികരിച്ചുള്ള പ്രവൃത്തി കൾ നടത്തി). ടിയിനങ്ങളിലുള്ള ഏകദേശം 1.75 ലക്ഷം രൂപ നാളിതുവരെ നിശ്ചിത ശീർഷകങ്ങളിൽ അടവാക്കിയിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

90. **പൊതുമാർക്കറ്റ്/മത്സ്യമാംസമാർക്കറ്റ് പണിക്കായി 50 ലക്ഷത്തിൽപരം രൂപാ ചെലവു ചെയ്തിട്ടും പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത സമിതി വളരെ ഗൗരവമായി വീക്ഷിക്കുന്നു. ഒരു പദ്ധതി ഏറ്റെടുത്താൽ അതിന്റെ പൂർത്തീകരണം നടന്നാൽ മാത്രമേ ആ പദ്ധതികൊണ്ട് പ്രയോജനമുണ്ടാവുകയുള്ളു എന്ന വസ്തുത വിലയിരുത്തി ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണെന്നു സമിതി ചൂണ്ടിക്കാ ട്ടുന്നു. പദ്ധതി നടത്തിപ്പിൽ മുണ്ടക്കയം പഞ്ചായത്ത് വേണ്ടത്ര ശുഷ്കാന്തിയോ ആർജ്ജവമോ കാണിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. സമയബന്ധിതമായി മാർക്കറ്റ് പണി പൂർത്തീകരിക്കണമെന്നും പൂർത്തീകരണ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. 9-6-2009-ലെ കത്തു പ്രകാരം പരിഹരിക്കപ്പെടാത്ത അപാകതകൾ എന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നതിൽ ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ചിട്ടുള്ള തുകകൾ തിരികെ ഈടാക്കുന്ന നടപടി പൂർത്തിയാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നിരാകരിച്ച തുക എത്ര യെന്നോ ഇവ ഏതൊക്കെ ഇനങ്ങളിലാണെന്നോ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളി ച്ചിട്ടില്ല. ഇപ്രകാരം ഓഡിറ്റ് തടസ്സമോ, നിരാകരണമോ സംബന്ധിച്ച വിശദവിവരങ്ങൾ ഉൾക്കൊള്ളിക്കാതെ ഓഡിറ്റ് ഖണ്ഡികകൾ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നത് ശരിയായ നടപടിയല്ലെന്നും ഓഡിറ്റ് ഒബ്ജക്ഷനുകൾ സംബന്ധിച്ച വിശദവിവരം സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കണ മെന്നും സമിതി ഓഡിറ്റ് വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡിക പരിശോധന വേളയിൽ സമിതിക്കു നൽകിയ മെമ്മോ ഓഫ് ഇംപോർട്ടന്റ് പോയിന്റ്സിൽ നിന്നുമാണ് നിരാകരണം സംബന്ധിച്ച വിവരങ്ങൾ സമിതിക്കു ലഭ്യമായതെന്നും നിരാകരിച്ചതായി പറയുന്ന തുക യഥാക്രമം 1,10,445 രൂപയും 50,669 രൂപയും അടിയന്തരമായി കൺവീനറിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## ഉഴവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അധികം തുക പിൻവലിച്ച് ക്രമക്കേട് നടത്തി**

ഉഴവൂർ ഗ്രാമപഞ്ചായത്തിലെ 1998-1999 വർഷത്തെ ചെലവ് ആഡിറ്റിനോടനുബന്ധിച്ചുള്ള പണം ഒടുക്ക്, പിൻവലിക്കൽ എന്നിവയുടെ പരിശോധന നടത്തവേ യഥാർത്ഥത്തിൽ വരുന്ന ചെലവ് തുകയെക്കാൾ അധികം തുക പിൻവലിക്കുകയും, അനധികൃതമായി കൈവശം വയ്ക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് കാഷ് ബുക്ക് പ്രകാരം ഉഴവൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1,77,957 രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും കാഷ് ബുക്കിൽ പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ഇല്ല. എന്നാൽ ചെലവ് രജിസ്റ്റർ പ്രകാരം 1,59,522 രൂപയുടെ പേമെന്റ് മാത്രമേ നടന്നിട്ടുള്ളൂ. ഇതു സംബന്ധിച്ച വൗച്ചറുകളുടെ പരിശോധനയിലും രജിസ്റ്ററിലുള്ള പേമെന്റുകൾ മാത്രമേ നടന്നിട്ടുള്ളൂ എന്നു കാണുന്നു. വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ യഥാർത്ഥത്തിൽ ആവശ്യമായതിനെക്കാൾ അധികമായി പിൻവലിച്ച 18,435 രൂപ പിഴപ്പലിശയുൾപ്പെടെ പഞ്ചായത്തു ഫണ്ടിൽ തിരിച്ചടയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥനെതിരെ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.1.5.6(i).]

91. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവണ്മെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2002-2003 സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അധിക തുക പിൻവലിച്ച് ക്രമക്കേട് നടത്തി എന്ന ഓഡിറ്റ് പരാമർശത്തിൽ 18,435 രൂപ അധികം പിൻവലിച്ചതായി കാണിച്ചിരിക്കുന്നു. 1-8-2000-ൽ 65,728 രൂപയും 2-8-2000-ൽ 1,12,229 രൂപയും ഉൾപ്പെടെ ആകെ 1,77,957 രൂപ പിൻവലിച്ചതിൽ 1-8-2000-ൽ 57,442 രൂപയും 2-8-2000-ൽ 1,02,080 രൂപയും ഉൾപ്പെടെ 1,59,522 രൂപ മാത്രമേ കാഷ് ബുക്ക് പ്രകാരവും പേമെന്റ് രജിസ്റ്റർ പ്രകാരവും ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളൂ.

92. 18,435 രൂപയുടെ വൗച്ചറുകളുടെ വിശദാംശങ്ങളോ ഓഡിറ്റ് സമയത്ത് ഹാജരാക്കിയിരുന്നില്ല.

എന്നാൽ ടി 18,435 രൂപയിൽ 1-8-2000-ൽ അധികമായി പിൻവലിച്ച 8,266 രൂപ ആ സമയത്ത് ഈ ആഫീസിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. വി. ആന്റണിയുടെ 7-2000-ലെ ശമ്പളമായ 9,286 രൂപയിൽ നിന്നും പിൻവലിച്ചതാണ്. 2-8-2000-ൽ അധികമായി പിൻവലിച്ച 10,149 രൂപ ടിയാന്റെ അരിയർ ഡി.എ. തുകയായ 11,080 രൂപയിൽ നിന്നും പിൻവലിച്ചതാണ്. ഇതു സംബന്ധിച്ച് 7-2000-ലെ ശമ്പള ബിൽ ഈ ഓഫീസിൽ ലഭ്യമാണ്. അരിയർ ഡി.എ. യുടെ ബില്ലിന്റെ പകർപ്പും ഇപ്പോൾ ലഭ്യമാണ്. അക്വിറ്റൻസിൽ ചേർത്തിട്ടുണ്ട്. അക്വിറ്റൻസ് ആഫീസിൽ ലഭ്യമാണ്".

93. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് തുക പിൻവലിക്കുന്ന സമയത്ത് ബിൽ കിട്ടിയിട്ടില്ലായിരുന്നുവെന്നും ഇപ്പോൾ ബന്ധപ്പെട്ട എല്ലാ ബില്ലുകളും വൗച്ചറുകളും ഫയലിലുണ്ടെന്നും ഉഴവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. ബില്ലാകാതെ ഡി. എ. കുടിശ്ശികയുണ്ടെന്ന് എങ്ങനെ തീരുമാനിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന്, ഡി. എ. കുടിശ്ശികയുടെ സ്റ്റേറ്റ്മെന്റ് കൗണ്ടർസൈൻ ചെയ്ത് കിട്ടാൻ അന്നത്തെ ഡെപ്യൂട്ടി ഡയക്ടർക്ക് അയച്ചുകൊടുത്തിരുന്നെന്നും ഇപ്പോൾ 1,933 രൂപ പഴയ സെക്രട്ടറിക്ക് നൽകാനുണ്ടെന്നും സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

94. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വൗച്ചറുകൾ, അക്വിറ്റൻസ്, ക്യാഷ് ബുക്ക് എന്നിവ ഉൾപ്പെടെയുള്ള രേഖകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ ഒരു മാസത്തിനകം ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

95. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 9-6-2009-ലെ എൽ.എഫ്/10080/ സ്പെ.സെൽ ജി2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"1-8-2000-ലെ സെൽഫ് ചെക്ക് നമ്പർ 20131 പ്രകാരം പിൻവലിച്ച 65,728 രൂപ യിൽ നിന്ന് 57,442 രൂപയുടെ ചെലവ് വിശദാംശങ്ങളും 2-8-2000-ലെ ചെക്ക് നമ്പർ 20135 പ്രകാരം പിൻവലിച്ച 1,12,229 രൂപയിൽ നിന്ന് 1,02,080 രൂപയുടെ ചെലവ് വിശദാംശങ്ങളും മാത്രമാണ് ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയത്. തത്ഫലമായി 18,435 രൂപയുടെ (65,728-57,442)+(1,12,229-1,02,080) അധികം പിൻവലിക്കൽ നടത്തിയതായി ബോധ്യപ്പെടുകയും ചെയ്തു.

ടി കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ.വി. ആന്റണിയുടെ 7/2000-ലെ ശമ്പളവും 15-1-1989 മുതൽ 31-5-2000 വരെയുള്ള കാലയളവിലെ ക്ഷാമബത്ത കുടിശ്ശികയും ഉൾപ്പെടുന്നതാണ് അധികം പിൻവലിച്ചതായി പരാമർശിക്കപ്പെട്ട തുക യെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്ന് ബിൽ പാസ്സാക്കി വരുന്നതിന് മുമ്പായി ശമ്പളം മാറിയതിനാലാണ് പ്രസ്തുത വൗച്ചറുകൾ പരിശോധ നയ്ക്ക് ഹാജരാക്കാതിരുന്നതെന്നും ആയത് നിലവിൽ വൗച്ചർ ഫയലിൽ സൂക്ഷിച്ചി ട്ടുണ്ടെന്നും വിശദീകരിക്കുകയുണ്ടായി. കൂടാതെ യഥാർത്ഥത്തിൽ ശമ്പളവും കുടിശ്ശിക ക്ഷാമബത്തയും ഇനത്തിൽ അർഹമായിരുന്ന 20,366 രൂപയിൽ (യഥാക്രമം 9,286 രൂപയും 11,080 രൂപയും)18,435 രൂപ മാത്രമാണ് ടിയാൻ കൈപ്പറ്റിയിട്ടുള്ളതെന്നും ബാക്കി തുക നാളിതുവരെ നല്കിയിട്ടില്ലെന്നും സെക്രട്ടറി അറിയിക്കുകയുണ്ടായി.

ഹാജരാക്കിയ 8/2000 ലെ പ്രസ്തുത വൗച്ചറുകൾ കാഷ് ബുക്ക്, പാസ്സ് ബുക്ക്, ചെക്കിന്റെ കൗണ്ടർ ഫോയിൽ, അക്വിറ്റൻസ് റോൾ എന്നിവ പരിശോധിച്ച് ലഭ്യമായ മറുപടി ശരിയാണെന്നും അധികം തുക പിൻവലിക്കപ്പെട്ടിട്ടില്ലെന്നും ഉറപ്പു വരുത്തിയിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

96. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ സെന്റർ പദ്ധതി-കമ്പ്യൂട്ടർ വാങ്ങിയതിലെയും അത് ഉപയോഗിക്കാതിരുന്നതിലെയും അപാകതകൾ സംബന്ധിച്ച്.**

1998-99, 1999-2000 വർഷങ്ങളിലായി കമ്പ്യൂട്ടർ സെന്റർ പദ്ധതിക്കുവേണ്ടി ആകെ 9,08,590 രൂപ ചെലവാക്കിയതായി കാണുന്നു. ഈ പദ്ധതിക്ക് ഡി. പി. സി. യുടേയും ബി.എൽ.ഇ.സി.യുടേയും അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമല്ല. 5,25,060 രൂപ ചെലവിൽ 9 കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും സ്റ്റോർ പർച്ചേസ് നിയമം പാലിക്കാതെയും പത്ര പരസ്യം നൽകാതെയുമാണ് വാങ്ങിയിരിക്കുന്നത്. നാളിതുവരെ കമ്പ്യൂട്ടർ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടില്ല. വാങ്ങിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നാളിതുവരെ ഉപയോഗിക്കാതെ കമ്പ്യൂട്ടർ സെന്ററിൽ സൂക്ഷിച്ചിരിക്കുന്നു. കമ്പ്യൂട്ടർ സെന്ററിന്റെ കെട്ടിട നിർമ്മാണത്തിനായി 2,35,000 രൂപ മുൻകൂർ നൽകിയത് ആവശ്യമായ രേഖകളൊന്നുമില്ലാതെയാണ്. കെട്ടിട നിർമ്മാണത്തിന് സ്റ്റീൽട്രസ്‌വർക്ക് ചെയ്തയിനത്തിൽ 10,193 രൂപ അധികമായി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾക്ക് മൂന്നു വർഷത്തേക്ക് മെയിന്റനൻസ് ചാർജിനത്തിൽ അനധികൃതമായി 42,970 രൂപ നൽകിയിട്ടുണ്ട്. അലുമിനിയം ഫാബ്രിക്കേഷൻ നടത്തിയ ഇനത്തിൽ 17,300 രൂപ ചെലവാക്കിയതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ഈ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള ക്രമക്കേടിനെപ്പറ്റിയും പഞ്ചായത്തിനുണ്ടായ നഷ്ടത്തെ സംബന്ധിച്ചും സമഗ്രമായ അന്വേഷണം നടത്തി യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII .1.5.7]

97. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/എബി1/08/എൽ.എസ്.ജി.ഡി. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി.

"1. പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

2. ഉപസമിതി അംഗീകാരവും ജില്ലാ കളക്ടറുടെ അനുമതിയും ലഭിച്ചശേഷമാണ് കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങിയത്.

3. കെട്ടിടം പണിപൂർത്തീകരിച്ചിട്ടുണ്ട്.

4. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതു കൊണ്ടാണ് അന്ന് സെന്റർ പ്രവർത്തനമാരംഭിക്കാഞ്ഞത്.

5. പഴയ കമ്പ്യൂട്ടറുകൾ ഇപ്പോൾ പ്രവർത്തിക്കണമെങ്കിൽ കൂടുതൽ തുക മുടക്കി നവീകരിക്കേണ്ടതായിട്ടുണ്ട് എന്നാണ് വിദഗ്ദ്ധാഭിപ്രായം.

6. ഈ വിഷയത്തിൽ കൂടുതൽ ആധികാര നിർദ്ദേശം ലഭിക്കുന്നതിനായി 31-1-2008-ന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് അഭിപ്രായം ചോദിച്ചിട്ടുണ്ട്. ആയതിന്റെ മറുപടി ലഭിച്ചിട്ടില്ല.

7. കെട്ടിടത്തിന് സ്റ്റീൽ ട്രസ്സ് വർക്ക് ചെയ്ത ഇനത്തിൽ കൂടുതലായി കൊടുത്ത 10,193 രൂപ തിരികെ അടയ്ക്കുന്നതിന് കരാറുകാരന് നോട്ടീസ് നല്കിയിട്ടുണ്ട്."

98. കമ്പ്യൂട്ടറുകൾ ഇപ്പോൾ ഉപയോഗയോഗ്യമാണോ എന്ന സമിതിയുടെ ചോദ്യത്തിന് കുട്ടികൾക്ക് ട്രെയിനിംഗ് നൽകാനായാണ് ഡി.പി.സി. അംഗീകാര ത്തോടെ പത്രപരസ്യം നൽകി 1998-99-ൽ വിപ്രോയിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിയ തെന്നും എന്നാൽ കെട്ടിടം പണിയാത്തതുകൊണ്ടാണ് ട്രെയിനിംഗ് നൽകാൻ കഴിയാ തിരുന്നതെന്നും വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ മറുപടി നൽകി. കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിച്ചുനോക്കിയപ്പോൾ 6 എണ്ണം പ്രവർത്തന യോഗ്യമാണെന്നും അതിൽ 2 കമ്പ്യൂട്ടറുകൾ ഓഫീസിൽ ഉപയോഗിച്ചുവരുന്നു വെന്നും വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

99. അക്കാലത്തെ സെക്രട്ടറി ആരായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് ശ്രീ. കെ. എൻ. ദിവാകരൻപിള്ളയായിരുന്നു അന്നത്തെ സെക്രട്ടറിയെന്നും, അദ്ദേഹം ഇപ്പോൾ റിട്ടയറായിയെന്നും എന്നാൽ ഡി.സി.ആർ.ജി. നൽകിയിട്ടില്ലെന്നും സെക്രട്ടറി മറുപടി നൽകി.

100. ജില്ലാ ഇൻഫർമേഷൻ സെന്ററിന്റെ അംഗീകരത്തോടെയാണ് കമ്പ്യൂട്ടറുകൾ വാങ്ങിയതെന്നും ശ്രീ. സുരേഷ് മൈലാട്ടുപാറയാണ് അന്നത്തെ പ്രസിഡന്റ് എന്നും ശ്രീ. പി. പി. മുരളീധരൻ, വെള്ളാവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു.

101. കമ്പ്യൂട്ടറുകളുടെ മെയിന്റനൻസ് ചാർജ്ജായി 42,970 രൂപ നൽകിയതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് അത് എ.എം.സി. ആയിട്ടാണ് നൽകിയതെന്നും കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച മുൻ സെക്രട്ടറി ഫൈനൽ ബിൽ നൽകിയിട്ടു ണ്ടെന്നും കരാറുകാരന് നൽകിയ 10,190 രൂപ തിരിച്ചു പിടിക്കാനായി 6-6-2008-ൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

102. കെട്ടിടത്തിന് സ്റ്റീൽട്രസ്വർക്ക് ചെയ്ത ഇനത്തിൽ കാരാറുകാരന് അധികം നൽകിയ തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി ത്വരിതപ്പെടുത്തുവാനും കമ്പ്യൂട്ടർ മെയിന്റനൻസ് ചാർജ്ജ് ഇനത്തിൽ അനധികൃതമായി അഡ്വാൻസ് നൽകിയ 42,970 രൂപ ബന്ധപ്പെട്ട സെക്രട്ടറിയുടെ (ശ്രീ. ദിവാകരൻപിള്ള) ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുക, കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുക, എം. ബുക്കിൽ രേഖപ്പെടുത്തി കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ഫൈനൽ ബിൽ, വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കുവാനും സമിതി നിർദ്ദേശിച്ചു. ഇതോടൊപ്പം ഉപയോഗരഹിതമായിരിക്കുന്ന കമ്പ്യൂട്ടറുകൾ പഞ്ചായത്ത് ഓഫീസിൽ ഉപയോഗപ്രദമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിച്ചു.

103. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ എൽ.എഫ്. 10080/ സ്പെ.സെൽ.ജി2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"1998-99 വർഷം ആവിഷ്ക്കരിച്ച് തുടർന്നുള്ള പല വർഷങ്ങളിൽ ഗണ്യമായ തുക ചെലവഴിക്കപ്പെട്ടിട്ടുള്ള കമ്പ്യൂട്ടർ സെന്റർ/കരിയർ സെന്റർ എന്ന പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം നാളിതുവരെ കൈവരിച്ചിട്ടില്ല. പദ്ധതിക്കുവേണ്ടി വിവിധ

വർഷങ്ങളിലായി ചെലവഴിച്ചിട്ടുള്ള തുകയുടെ കൃത്യമായ കണക്കുകളും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. (പ്രത്യേക റിപ്പോർട്ടിൽ കണക്കാക്കിയിരുന്ന 9,80,590 രൂപയുടെ ചെലവ് 31-3-2000 വരെയുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിലും ടി പദ്ധതിക്കു വേണ്ടി തുക ചെലവഴിച്ചിട്ടുണ്ട്.

ടി പദ്ധതിക്കുവേണ്ടി നിർമ്മിച്ചിരുന്ന കെട്ടിടത്തിന്റെ മൂല്യനിർണ്ണയം 1998-99-ലെ രണ്ടാം നമ്പർ അളവു പുസ്തകത്തിൽ യഥാസമയം തന്നെ രേഖപ്പെടുത്തി 3-1-2000-ൽ തന്നെ ഗുണഭോക്തൃസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നതിനാൽ കെട്ടിടത്തിന്റെ മൂല്യ നിർണ്ണയം നടത്താൻ സമിതി നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ plinth area കണക്കാക്കി ഒരു 1 എം-ന് 3,500 രൂപ നിരക്കിൽ 4,37,500 രൂപയുടെ സംക്ഷിപ്ത മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതായും കാണുന്നു. (125 എം' X 3500) 2000 ജനുവരി മാസം നടത്തിയ മൂല്യനിർണ്ണയത്തിൽ plinth Area യുടെ അടിസ്ഥാനത്തിലുള്ള മൂല്യനിർണ്ണയമായതിനാലും (4,37,500 രൂപ) രണ്ടാമതു നടത്തിയ മൂല്യനിർണ്ണയം അംഗീകരിക്കാനാവില്ല.

**പരിഹരിക്കപ്പെട്ട അപാകതകൾ**

സ്റ്റീൽ ട്രെസ് വർക്ക് ഇനത്തിൽ അധികം നൽകിയ തുകയായ 10,193 രൂപ ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. കെ. സി. തോമസിൽ നിന്നും 31-3-2009-ലെ 14725/641 രസീതു പ്രകാരം ഈടാക്കിയിട്ടുണ്ട്.

**പരിഹരിക്കപ്പെടാത്ത അപാകതകൾ**

(1) കമ്പ്യൂട്ടർ മെയിന്റനൻസ് ചാർജ്ജിനത്തിൽ ക്രമപ്രകാരമല്ലാതെ നൽകിയ 42,970 രൂപ പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീ. ജോസഫിൽ നിന്നും ഈടാക്കുന്നതിന് 21-3-2009-ലെ എ433/06-ാം നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദിഷ്ട ഫോറത്തിൽ ആലപ്പുഴ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും തുടർനടപടികൾ ഉണ്ടായതിന്റെ വിവരങ്ങൾ ലഭ്യമല്ല.

(2) കെട്ടിട നിർമ്മാണത്തിൽ സാങ്കേതികാനുമതി തുകയായ 2,75,000 രൂപ അധികരിച്ച് 30,974 രൂപ കൂടി ചെലവഴിച്ചിരുന്നു. ഇതിൽ തിരികെ ഈടാക്കിയ 10,193 രൂപ കുറച്ച് 20,781 രൂപയുടെ ചെലവിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഈ പദ്ധതിക്കുവേണ്ടി വാങ്ങിയ കമ്പ്യൂട്ടർ സാമഗ്രികളുടെ പശ്ചാത്തല സൗകര്യങ്ങളും നാളിതുവരെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

**104. കമ്പ്യൂട്ടർ മെയിന്റനൻസ് ചാർജിനത്തിൽ ക്രമപ്രകാരമല്ലാതെ നൽകിയ 42,970 രൂപ മുൻ സെക്രട്ടറി ശ്രീ. ജോസഫിന്റെ ശമ്പളത്തിൽ നിന്നോ/പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ ആർ. ആർ. നടപടി മുഖേനയോ ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് തുക ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ സമിതിക്ക് റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

## കടുത്തുരുത്തി പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### (i) സ്പെയർ പാർട്സുകൾ വാങ്ങുവാൻ ധനസഹായം നൽകിയതിലെ അപാകതകൾ

2000-01 വർഷത്തെ പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗരേഖ 3-4-2000-ലെ ജി.ഒ.(എംഎസ്.)നമ്പർ 17/2000/പി.എൻ.ജി. ഉത്തരവ് പ്രകാരം സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നത് അവയുടെ ആസ്തി വർദ്ധിപ്പിക്കുന്നതിനു വേണ്ടി മാത്രമായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അല്ലാതെ പ്രവർത്തനമൂലധന മായും മാനേജീരിയിൽ സബ്സിഡിയായും ഉപാധിരഹിത ധനസഹായമായും യാതൊരു തുകയും നൽകാൻ പാടില്ല. എന്നാൽ ടി ഉത്തരവിനു വിരുദ്ധമായി വൈക്കം താലൂക്ക് പട്ടികജാതി പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന്റെ ഉടമസ്ഥത യിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന ബസ്സിന് സ്പെയർ പാർട്ടുകൾ വാങ്ങുന്നതി നായി 1,10,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. സ്പെയർ പാർട്ടുകൾ, ഡീസൽ, ടയർ തുടങ്ങിയവയുടെ വില വർദ്ധനവുമൂലം സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സർവ്വീസ് ലാഭകരമായി നടത്താൻ പറ്റാതെ വന്നിരിക്കുന്നു എന്ന കാരണത്താൽ സ്പെയർ പാർട്ടുകൾ വാങ്ങുന്നതിനുള്ള ധനസഹായമായിട്ടാണ് ഇവിടെ തുക നൽകിയിരിക്കുന്നത്. ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ അംഗീകരിക്കാവുന്നതല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.1.5.8]

105. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/എബി1/08/എൽ.എസ്.ജി.ഡി. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:

"1,10,000 രൂപ ഈടാക്കുന്നതിനായി മേൽപ്പടി കാലയളവിൽ പ്രസിഡന്റുമാരായി രുന്ന ശ്രീമതി ഗ്രേസി ജിമ്മി, മൂശാരിപറമ്പിൽ, ആയാംകുടി, ശ്രീ. സണ്ണി പറമ്പിൽ, കടുത്തുരുത്തി പി.ഒ., വാലാച്ചിറ എന്നിവർക്കും ഈ കാലയളവിൽ സെക്രട്ടറി ആയിരുന്ന ശ്രീ. പി. റ്റി. വാവ, പാറയ്ക്കാട്ടുകുഴി, മേമ്മുറി പി.ഒ., മാൻവെട്ടം, ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. കെ. ബി. കുട്ടപ്പൻ, കളരിക്കൽ പീടികയിൽ, മാഞ്ഞൂർ പി.ഒ., കുറുപ്പന്തറ എന്നിവർക്കും എതിരെ 27-9-2008-ൽ ആർ.ആർ. നടപടികൾ ആരംഭിച്ചു എന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു."

106. സ്പെയർ പാർട്സ് വാങ്ങിയതിന് രേഖയുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അത് സംബന്ധിച്ച ബില്ലും വൗച്ചറും ഉണ്ടെന്നും വാങ്ങിയ സ്പെയർ പാർട്സ് ഉപയോഗിച്ച് മുടങ്ങിക്കിടന്ന ബസ്സിന്റെ സർവ്വീസ് പുനരാരംഭിച്ചുവെന്ന് സൊസൈറ്റി അറിയിച്ചിട്ടുണ്ടെന്നും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. ഒന്നേമുക്കാൽ ലക്ഷം രൂപ ചെലവാക്കി വാങ്ങിയ കാറിന്റെയും ട്രാക്ടറിന്റേയും സ്പെയർ പാർട്സ് ബസ്സിന് ഉപയോഗിച്ചു എന്നു പറയുന്നത് വിശ്വസനീയമല്ലെന്നും സമിതി വ്യക്തമാക്കി.

107. പേയ്മെന്റ് ഓതറൈസ് ചെയ്തത് ആരാണെന്ന സമിതിയുടെ ചോദ്യത്തിന്, 20-8-2000 കാലഘട്ടത്തിലെ പ്രസിഡന്റായിരുന്ന ശ്രീമതി ഗ്രേസി ജിമ്മിയാണ് പേയ്മെന്റ് ഓതറൈസ് ചെയ്തതെന്നും ടിയാൾക്കെതിരെയും അന്നത്തെ സെക്രട്ടറി ശ്രീ. പി. റ്റി. വാവയ്ക്കെതിരെയും ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

108. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 9-6-2009-ലെ എൽ.എഫ്. 10080/സ്പെ. സെൽ.ജി2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2000-01 വർഷത്തെ വരവു ചെലവ് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5.1 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടത്തിനുത്തരവാദിയായ അന്നത്തെ പ്രസിഡന്റ് ശ്രീമതി ഗ്രേസി ജിമ്മി, മുൻ സെക്രട്ടറി ശ്രീ. പി. റ്റി. വാവ എന്നിവർക്കെതിരെയുള്ള ആർ.ആർ. നടപടി സംബന്ധിച്ച് പ്രാദേശികമായി പരിശോധിച്ചു. പരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു:

27-10-2008-ൽ 1,10,000 രൂപ 15 ദിവസത്തിനകം അടയ്ക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മുൻ സെക്രട്ടറി ശ്രീ. പി. റ്റി. വാവ, ജൂനിയർ സൂപ്രണ്ട്, ശ്രീ. കെ. ബി. കുട്ടപ്പൻ, മുൻ പ്രസിഡന്റുമാരായ ശ്രീമതി ഗ്രേസി ജിമ്മി, ശ്രീ. സണ്ണി പറമ്പിൽ എന്നിവരെ അറിയിക്കുകയും ഇവരുടെ മറുപടിയുടെ അടിസ്ഥാനത്തിൽ 12-11-2008-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ രണ്ടാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി കണ്ടെത്തിയ തുകയായ 1,10,000 രൂപയുടെ 75% തുകയായ 82,500 രൂപ മുൻ സെക്രട്ടറി ശ്രീ. പി. റ്റി. വാവയിൽ നിന്നും ബാക്കി 27,500 രൂപ മുൻ പ്രസിഡന്റ് ശ്രീമതി ഗ്രേസി ജിമ്മിയിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് 13-11-2008-ലെ കത്ത് പ്രകാരം റവന്യൂ റിക്കവറിക്കുള്ള പ്രൊപ്പോസൽ ഫോറം നമ്പർ 24-ൽ കളക്ടർക്ക് സമർപ്പിച്ചു."

"പിന്നീട് 11-12-2008-ലെ 3-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത പദ്ധതിക്ക് സാധൂകരണം നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും റിക്വസിഷൻ പ്രകാരമുള്ള റവന്യൂ റിക്കവറി നടപടികൾ സർക്കാർ തീരുമാനം ഉണ്ടാകുന്നതുവരെ താൽക്കാലികമായി നിർത്തിവയ്ക്കണമെന്ന് കളക്ടറോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചു. ആയതനുസരിച്ച് 12-12-2008 തീയതി ആയുള്ള കത്ത് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിക്കും 30-12-2008 തീയതി ആയുള്ള കത്ത് കോട്ടയം ജില്ലാ കളക്ടർക്കും അയച്ചതായി കാണുന്നു.

ശ്രീ. പി. റ്റി. വാവ ബഹു. ഹൈക്കോടതിയിൽ 2097/09-ാം നമ്പരായി നല്കിയ കേസിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള മുഴുവൻ നടപടികളും താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് ഉത്തരവ് 2-1-2009-ൽ ലഭിച്ചു (Interim stay of all further proceedings)".

**നിഗമനങ്ങൾ/ശുപാർശകൾ**

**109. പ്രസ്തുത പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ സാധൂകരണം ലഭ്യമായോ എന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുന്നതിനോടൊപ്പം ശ്രീ. പി. റ്റി. വാവ ഹൈക്കോടതിയിൽ നിന്നും നേടിയ ആർ.ആർ. നടപടിക്ക് എതിരെയുള്ള സ്റ്റേ വെയ്ക്കേറ്റ് ചെയ്യുന്നതിനുവേണ്ട നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

പാറത്തോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്ത് പണി—ചെലവായ തുകയെക്കാൾ കൂടുതൽ പിൻവലിച്ച് ധനാപഹരണം നടത്തി**

പാറത്തോട് ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളുടെ പണികൾ പൂർത്തിയായതിനുശേഷം യഥാർത്ഥത്തിൽ ചെലവായ തുകയ്ക്കു പുറമേ സെൽഫ് ചെക്കെഴുതി തുകകൾ പിൻവലിച്ച് ധനാപഹരണം നടത്തിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഈയിനത്തിൽ 1,18,868 രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്.

വെളിച്ചിയാനി-പാലപ്ര റോഡ് ടാർ ചെയ്തതിന് യഥാർത്ഥത്തിൽ 1,56,788 രൂപയാണ് ചെലവായത്. എന്നാൽ ഇതിനു പുറമേ 94,228 രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്. പൊടിമറ്റം ആനക്കല്ല് റോഡ് ടാറിംഗിൽ ആകെ ചെലവായ 86,216 രൂപയ്ക്കുപുറമേ 12,662 രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്. വെളിച്ചിയാനി സെന്റ് തോമസ് റോഡ് ടാറിംഗിൽ 9,026 രൂപ അധികമായി പിൻവലിച്ചതിനു പുറമേ 17,665 രൂപയ്ക്ക് അനാവശ്യമായി സാധനങ്ങൾ വാങ്ങിയിട്ടുള്ളതായും ഓഡിറ്റിൽ തെളിഞ്ഞിട്ടുണ്ട്. അതുപോലെ ചിറ്റടി ആനന്താനം കോളനി റോഡ് കല്ല് പാകുന്ന ജോലിയിൽ ആകെ ചെലവായ 30,000 രൂപയ്ക്കു പുറമേ 2,952 രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്.

മേൽ പ്രതിപാദിച്ച എല്ലാ ജോലികളിലുമായി അനധികൃതമായി പിൻവലിച്ച തുകയ്ക്ക് ഓഡിറ്റ് നടത്തിയ തീയതി വരെ 18% പിഴപ്പലിശയുൾപ്പെടെ ആകെ 2,17,540 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.1.5.9.]

110. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/എബി1/08/എൽ.എസ്. ജി.ഡി./ നമ്പർ കത്തുമുഖേന ഗവൺമെന്റ് നല്കിയ മറുപടി:

ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി പി. റ്റി. ഫിലോമിനയ്ക്ക് 12-5-2003, 15-12-2003-ലും സി.126/03 നമ്പർ കത്ത് നൽകിയിരുന്നു എങ്കിലും മറുപടി നൽകിയിട്ടില്ല. 14-8-2007-ൽ എ.319/07 നമ്പർ കത്ത് നൽകിയിരുന്നു. ആയതിനു മറുപടിയായി ടിയാൾ കേരള ഹൈക്കോടതിയിൽ W.P.(C) No. 5719 of 2006 ആയി

സമർപ്പിച്ച റിട്ട് പെറ്റീഷനുമേൽ 23-3-2007-ൽ ഉണ്ടായ വിധി പ്രകാരം കേരള ലോക്കൽ ഫണ്ട് ആഡിറ്റ് റൂൾസ് 1994 പ്രകാരം ഉത്തരവാദികളായിട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് സർച്ചാർജ്ജിന്റെ തീയതി മുതൽ നാലുമാസം കഴിയുന്നതിനാൽ ആ വ്യക്തി ബാധ്യതപ്പെടുന്നില്ല എന്ന് വിധിച്ചു. ബഹു. കേരള ഹൈക്കോടതിയുടെ വിധി ഉള്ളതുമൂലം (അപ്പീൽ നൽകാതിരുന്നതിനാൽ) ആർ.ആർ. നടപടി സ്വീകരിക്കാൻ കഴിയില്ല.

111. പ്രസ്തുത ഓഡിറ്റ് പരമാർശവുമായി ബന്ധപ്പെട്ട സെക്രട്ടറി ആരാണെന്ന സമിതിയുടെ ചോദ്യത്തിന്, ശ്രീമതി പി. റ്റി. ഫിലോമിനയായിരുന്നു അന്നത്തെ സെക്രട്ടറിയെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് അവർക്ക് എതിരെ പുറപ്പെടുവിച്ച സർച്ചാർജ്ജ് നോട്ടീസിനെതിരെ ഹൈക്കോടതിയിൽ നിന്ന് ഉത്തരവ് സമ്പാദിച്ചിട്ടുണ്ടെന്നും പാറത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

112. സർച്ചാർജ്ജ് നടപടി മാത്രമേ കോടതി തടസ്സപ്പെടുത്തിയിട്ടുള്ളൂവെന്നും എന്നാൽ പഞ്ചായത്തിനുള്ള നഷ്ടം ഈടാക്കുന്നതിൽ ഹൈക്കോടതി ഉത്തരവ് ഒരു തടസ്സമല്ലെന്നും SPAO, LSGD വിശദീകരിച്ചു.

113. ആകെ എത്ര രൂപയാണ് അനധികൃതമായി പിൻവലിച്ചിട്ടുള്ളത് എന്ന സമിതിയുടെ ചോദ്യത്തിന് ഓഡിറ്റ് നടത്തിയ തീയതി വരെ 18% പിഴപ്പലിശ ഉൾപ്പെടെ ആകെ 2,17,540 രൂപയാണ് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതെന്ന് പാറത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

114. പഞ്ചായത്തിന് നഷ്ടം സംഭവിച്ച 2,17,540 രൂപ ശ്രീമതി പി.റ്റി. ഫിലോമിനയിൽ നിന്നും ഈടാക്കാൻ 19-11-2004-ൽ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തുവെങ്കിലും സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുവാനുണ്ടായ 4 മാസത്തെ താമസം ഓഡിറ്റ് റൂൾസിന് എതിരായതുകൊണ്ട് സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നിയമാനുസൃതമല്ല എന്ന കാരണത്താൽ അത് കോടതി അസാധു (ക്വാഷ്) ആക്കിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

115. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 9-6-2009-ലെ എൽ.എഫ്.10080/സ്പെ. സെൽ ജി2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ധനദുർവിനിയോഗം നടത്തിയ സെക്രട്ടറി ശ്രീ. പി. റ്റി. ഫിലോമിനയ്ക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം ഡി.ഡി.പി.യെ ചുമതലപ്പെടുത്തുന്നതിനോടൊപ്പം ആർ.ആർ. നടപടി സ്വീകരിച്ച് നഷ്ടം ഈടാക്കണമെന്ന് ബഹു. സമിതി നിർദ്ദേശം നൽകിയിരുന്നു.

ടി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം 21-4-2009-ൽ പ്രാദേശികമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ വെളിപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കോട്ടയം ഡി. ഡി. പി.യുടെ 1-4-2009-ലെ ജി.3-7889/08 നമ്പർ കത്തു പ്രകാരം സീനിയർ ഗവൺമെന്റ് പ്ലീഡർ ശ്രീ. കെ. ജെ. മുഹമ്മദ് അൻവാർ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുകയുണ്ടായി.

ഡബ്ല്യു.പി.(സി) നമ്പർ 5719/2006 (ഇ) നമ്പരായുള്ള കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്മേൽ അപ്പീൽ സ്വീകരിക്കപ്പെടാനുള്ള സാധ്യതയില്ലെന്നും ടിയാൾക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ മുൻകൂർ അനുവാദം ആവശ്യമാണെന്നും കേസിന് ഉപോത്ബലകമായ എല്ലാ തെളിവുകളും ആവശ്യമാണെന്നും നിയമോപദേശത്തിൽ അഭിപ്രായപ്പെട്ടു കാണുന്നു. പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

116. **ധനദുർവിനിയോഗം നടത്തിയ സെക്രട്ടറി ശ്രീമതി പി. റ്റി. ഫിലോമിനയ്ക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് ഗവൺമെന്റ് പ്ലീഡർ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ സമിതി മുമ്പാകെ അടിയന്തിരമായി ഹാജരാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## കുറിച്ചി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**രസീതുകൾ മുഖേന പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.**

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ചെലവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധിച്ചതിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. 9/1998 മുതൽ 12/2001 വരെയുള്ള കാലയളവിലാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളത്. വരവ് രജിസ്റ്ററിൽ പിരിവ് തുക മുഴുവനായും രേഖപ്പെടുത്താതെയും ഭാഗികമായി മാത്രം രേഖപ്പെടുത്തുകയും രജിസ്റ്ററിൽ ചേർത്ത തുക അടവാക്കാതെയും, ആകെ 10,806 രൂപ തിരിമറി നടത്തിയതായി ഓഡിറ്റിൽ കണ്ടെത്തി. ചില സന്ദർഭങ്ങളിൽ വരവിനേക്കാൾ കൂടുതൽ തുക അടവു വരുത്തിയിട്ടുള്ളതായും കാണുന്നു. പിരിവ് തുക യഥാസമയം അടവാക്കാതെ കൈവശം വയ്ക്കുന്നതുമൂലമാണ് ഇത്തരം അപാകതകൾ ഉണ്ടാകുന്നത്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനുശേഷം 4,752 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. ബാക്കി തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, മേലിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക VII.1.5.10.]

117. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/എബി1/08/എൽ.എസ്.ജി.ഡി./ നമ്പർ കത്തു മുഖേന ഗവൺമെന്റ് നല്കിയ മറുപടി:

"അടയ്ക്കുവാനുള്ള ബാലൻസ് തുക 6,054 രൂപയും പലിശയും 96/8054 തീയതി 27-6-2007 നമ്പർ രസീതു പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചു."

118. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, 6,054 രൂപയും അതിന്റെ പലിശയായ 6,357 രൂപയും കൂടി ആകെയുള്ള 12,411 രൂപ 27-6-2007-ൽ തിരികെ ഈടാക്കിയിട്ടുണ്ടെന്ന് കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. എൻ. നന്ദകുമാർ സമിതിയെ അറിയിച്ചു.

119. പ്രസ്തുത വിവരം രേഖകൾ സഹിതം ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

120. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 9-6-2009-ലെ എൽ.എഫ്.10080/സ്പെ. സെൽ ജി2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 1999-2000 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2(എ) [2000-03 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക നമ്പർ VII.1.5.10(I)] പ്രകാരമുള്ള ന്യൂന അടവ് 6,054 രൂപ ആയതിന് ഉത്തരവാദിയായ ശ്രീമതി വൽസലാദേവിയിൽ നിന്നും (മുൻ യു.ഡി. ക്ലാർക്ക്) പലിശ സഹിതം ഈടാക്കി 27-6-2007-ലെ 96/8054-ാം നമ്പർ രസീതു പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്."

ശ്രീമതി വൽസലാദേവിയിൽ നിന്ന് ഈടാക്കിയ തുകയുടെ അധിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| രസീത് നമ്പർ/തീയതി | .. | 96/8054/27-6-2007 |
| ന്യൂന അടവ് തുക | .. | 6,054 |
| ആയതിന് ഈടാക്കിയ പിഴപ്പലിശ | .. | 6,357 |
| ആകെ | .. | 12,411 രൂപ |

**നിഗമനങ്ങൾ/ശുപാർശകൾ**

**121. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയായ 6,054 രൂപ പലിശ സഹിതം ഉത്തരവാദിയായ ശ്രീമതി വത്സലാദേവി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## മണിമല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജലസേചന പദ്ധതികളിൽ പാഴ്ചെലവ്**

മണിമല ഗ്രാമപഞ്ചായത്തിന്റെ 9-ാം പദ്ധതി ജനകീയാസൂത്രണ പദ്ധതികളുടെ ഓഡിറ്റ് നടത്തിയ വേളയിൽ വിവിധ ജലസേചന പദ്ധതികളുടെ നടത്തിപ്പിൽ ഗുരുതരമായ അപാകതകളും ഗണ്യമായ തുകയുടെ പാഴ്ച്ചെലവുകളും സംഭവിച്ചതായി കാണുന്നു.

കാർഷിക ആവശ്യങ്ങൾക്കായി ജലസേചന സൗകര്യം ഏർപ്പെടുത്തുക, വിവിധ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക എന്ന ഉദ്ദേശത്തോടുകൂടി 1998-99 വർഷം മുതൽ ഏറ്റെടുക്കപ്പെട്ട താഴെപ്പറയുന്ന 12 ജലസേചന പദ്ധതികൾക്കായി

ഓഡിറ്റ് തീയതി വരെ 33,51,484 രൂപ ചെലവഴിച്ചിട്ടും നാളിതുവരെ ഒരു പദ്ധതി പോലും പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

| | *പ്രവൃത്തിയുടെ പേര്* | *ചെലവഴിച്ച തുക* |
|---|---|---|
| 1. | പൂവത്തോലി ജലസേചനം | 4,76,194 |
| 2. | കൊക്കാപ്പുഴ ജലസേചനം | 48,523 |
| 3. | മണിമല സാമൂഹ്യജലസേചനം | 1,67,003 |
| 4. | ശവക്കോട്ടഭാഗം ജലസേചനം | 5,09,754 |
| 5. | വെച്ച്ക്കുന്ന് ജലസേചനം | 3,28,529 |
| 6. | നെല്ലിത്താനം ജലസേചനം | 5,12,571 |
| 7. | ഉപ്പ്കുളം കുറിഞ്ഞിപുരയിടം ജലസേചനം | 3,20,577 |
| 8. | ചാരുവേലി ജലസേചനം | 2,85,284 |
| 9. | കൊന്നക്കുളം ജലസേചനം | 4,96,195 |
| 10. | വട്ടിഞ്ച ജലസേചനം | 66,641 |
| 11. | ചരളഭാഗം ജലസേചനം | 52,298 |
| 12. | കുരങ്ങൻമല ജലസേചനം | 87,915 |
| | ആകെ | 33,51,484 |

പൊതുധനം കൈകാര്യം ചെയ്യുന്നതിൽ സ്വകാര്യധനം ചെലവഴിക്കുന്നതിനു പുലർത്തുന്ന അതേ ഔചിത്യബോധവും സൂക്ഷ്മതയും പുലർത്തണമെന്ന ഫിനാൻഷ്യൽ കോഡിലെ അടിസ്ഥാന തത്വങ്ങൾ പോലും അവഗണിച്ചുകൊണ്ട് ഒട്ടേറെ പാഴ്ചെലവ് വരുത്തിയതിന് കാരണക്കാരായവരിൽ നിന്നും നഷ്ടപ്പെട്ട തുക ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.1.]

122. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/എബി1/08/എൽ.എസ്. ജി.ഡി./ നമ്പർ കത്തുമുഖേന ഗവൺമെന്റ് നല്കിയ മറുപടി:

“പൂവത്തോലി ജലസേചന പദ്ധതിക്ക് 4,76,194 രൂപ ഉപയോഗിച്ച് കുളം, ടാങ്ക് ഇവ നിർമ്മിക്കുകയും, വിതരണപൈപ്പ് സ്ഥാപിക്കുകയും ചെയ്തു. വൈദ്യുതീകരണം നടത്തി പണി പൂർത്തിയാക്കുന്നതിന് 30,000 രൂപ 2007-08 വർഷം വകയിരുത്തി യിട്ടുണ്ട്. 2007-08 ഡി. പി. സി.യുടെ അംഗീകാരം ലഭിച്ചു എങ്കിലും റ്റി.എസ്. ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചില്ല. ഇപ്പോൾ റ്റി. എസ്. ലഭിച്ചിട്ടുണ്ട്. 2008-09-ൽ തന്നെ പണി പൂർത്തിയാക്കുന്നതാണ്.

കൊക്കാപ്പുഴ ജലസേചന പദ്ധതി കമ്മീഷൻ ചെയ്തു തടസ്സമില്ലാതെ പ്രവർത്തനം നടന്നുവരികയാണ്. 20 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

മണിമല സാമൂഹ്യജലസേചന പദ്ധതി 1999-2000-ൽ കമ്മീഷൻ ചെയ്ത് ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചു. തടസ്സമില്ലാതെ പ്രവർത്തനം നടന്നു. പിന്നീട് ഗുണഭോക്തൃ സമിതി കറന്റ് ചാർജ്ജ് കുടിശ്ശിക വരുത്തിയതിനാൽ വൈദ്യുതി ബോർഡ് പമ്പും മോട്ടറും ജപ്തി നടത്തി ലേലം ചെയ്തു. ഇപ്പോൾ പദ്ധതി പ്രവർത്തനരഹിതമാണ്.

ശവക്കോട്ട ജലസേചന പദ്ധതിക്ക് 5,09,754 രൂപ ഉപയോഗിച്ച് കുളവും ടാങ്കും നിർമ്മിക്കുകയും വിതരണപൈപ്പ് ഇടുകയും ചെയ്തിട്ടുണ്ട്. കുളത്തിന് ആഴം കുറവായതിനാൽ വെള്ളമില്ല. നിലവിലുള്ള കുളത്തിന് ആഴം കൂട്ടുന്നതിനും, വൈദ്യുതീകരണത്തിനുമായി 1,62,500 രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. 2007-08-ൽ ഡി. പി. സി. അംഗീകാരം ലഭിച്ചു എങ്കിലും റ്റി. എസ്. ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചില്ല. ഇപ്പോൾ റ്റി.എസ്. ലഭിച്ചിട്ടുണ്ട്. 2008-09-ൽ തന്നെ പണി പൂർത്തിയാക്കുന്നതാണ്.

വെച്ചൂക്കുന്ന് ജലസേചന പദ്ധതിക്ക് കിണറും ടാങ്കും നിർമ്മിക്കുന്നതിനും മോട്ടാർ വാങ്ങുന്നതിനും വൈദ്യുതീകരണത്തിനുമായി ഈ വർഷം 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി 2007-08 വർഷം തന്നെ പ്രവർത്തനം തുടങ്ങുന്നതാണ്. ഡി.പി.സി. അംഗീകാരം ലഭിച്ചു. റ്റി.എസ്. ലഭിച്ചില്ല.

ഉപ്പുകുളം-കുറിഞ്ഞിപ്പുരയിടം ജലസേചന പദ്ധതി കമ്മീഷൻ ചെയ്ത് തടസ്സമില്ലാതെ പ്രവർത്തിക്കുന്നു. 45 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

ചാരുവേലി ജലസേചന പദ്ധതിക്ക് കിണറും ടാങ്കും നിർമ്മിച്ചിട്ടുണ്ട്. വിതരണ പൈപ്പ് ഇട്ടിട്ടുണ്ട്. മോട്ടാറും പമ്പും വാങ്ങിയിട്ടുണ്ട്. കിണറ്റിൽ വെള്ളമില്ലാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കിണർ ആഴം കൂട്ടുന്നതിനും വിതരണ പൈപ്പ് ഇടുന്നതിനും ഈ വർഷം 2,70,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഡി.പി.സി. അംഗീകാരം ലഭിച്ചെങ്കിലും റ്റി.എസ്. ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

കൊന്നക്കുളം ജലസേചന പദ്ധതി പൂർത്തിയായി ഉപയോഗിച്ച് വരുന്നു.

വട്ടിഞ്ച ജലസേചന പദ്ധതിക്ക് കുഴൽകിണർ കുഴിച്ചിട്ടുണ്ട്. സിന്തറ്റിക്ക് ടാങ്ക് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. വിതരണ പൈപ്പ് ഇട്ടിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഈ വർഷം മോട്ടാർ പുരയ്ക്കും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും 71,000 രൂപ വകകൊള്ളിച്ചിരിക്കുന്നു. ഡി.പി.സി. അംഗീകാരം ലഭിച്ചെങ്കിലും റ്റി. എസ്. ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

കുരങ്ങൻമല ജലസേചന പദ്ധതിക്ക് മോട്ടാറിന് കപ്പാസിറ്റി കുറവായത് കൊണ്ട് ടാങ്കിൽ വെള്ളം എത്തുന്നില്ല. 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്."

123. പൂവത്തോലി ജലസേചന പദ്ധതിക്ക് വൈദ്യുതി കണക്ഷൻ കിട്ടാത്തതു മാത്രമാണോ പ്രശ്നമെന്ന് സമിതിയുടെ ചോദ്യത്തിന് പദ്ധതിക്ക് ഡി. പി. സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, വൈദ്യുതി കണക്ഷന് തുക അടച്ചിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ പദ്ധതി പ്രവർത്തനം ആരംഭിക്കുമെന്നും മണിമല ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

124. കൊക്കാപ്പുഴ ജലസേചന പദ്ധതി പ്രവൃത്തിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പദ്ധതി പ്രവർത്തിക്കുന്നുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി.

125. മണിമല ജലസേചന പദ്ധതിയുടെ സ്ഥലത്ത് വെള്ളമെത്തിക്കാനുള്ള മോട്ടോർ പമ്പ് കറന്റ് ചാർജ്ജ് അടച്ചില്ലെന്ന പേരിൽ കെ.എസ്.ഇ.ബി. ജപ്തി ചെയ്തു എന്നു പറയുന്നത് വിശ്വാസയോഗ്യമല്ലെന്നും അപ്രകാരം ചെയ്യാൻ കെ.എസ്.ഇ.ബി.ക്ക് അധികാരമില്ലെന്നും സമിതി വ്യക്തമാക്കി.

**നിഗമനങ്ങൾ/ശുപാർശകൾ**

126. **മണിമല ജലസേചന പദ്ധതിയുടെ ഭാഗമായുള്ള മോട്ടോർ പമ്പ്, കറന്റ് ചാർജ്ജ് അടയ്ക്കാത്തതിന്റെ പേരിൽ വൈദ്യുതി ബോർഡ് ജപ്തി ചെയ്തു കൊണ്ടു പോയി എന്നത് വാസ്തവമാണോയെന്നും, അപ്രകാരം ജപ്തി ചെയ്യുവാൻ കെ.എസ്.ഇ.ബി.ക്ക് അധികാരമുണ്ടോയെന്നും ജലസേചന പദ്ധതി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്നും അന്വേഷിച്ച് ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## തിടനാട് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ജലസേചന പദ്ധതികൾ—മുൻഗണനാക്രമം തെറ്റിച്ച് മെറ്റീരിയൽസ് വാങ്ങിയ ഇനത്തിൽ ഭീമമായ നഷ്ടം**

1999-2000 വർഷത്തിൽ ആരംഭിക്കപ്പെട്ട ചേരാനി, പാതാഴ, മാടമല തുടങ്ങിയ ജലസേചന പദ്ധതികൾക്കായി മുൻഗണനാക്രമം തെറ്റിച്ച് മെറ്റീരിയൽസ് വാങ്ങിയതിലാണ് നഷ്ടം സംഭവിച്ചിട്ടുള്ളത്.

വിവിധ ഘട്ടങ്ങളായി പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികളുടെ ഒന്നാം ഘട്ടത്തിന് കാലതാമസം നേരിടുമെന്നതിനാൽ രണ്ടാംഘട്ടം തൻവർഷം തന്നെ നടപ്പിലാക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചിരുന്നു. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കുവേണ്ടി വൈക്കത്തുള്ള കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന് 5,00,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 8,344 രൂപ അധികമായി നൽകിയിരിക്കുന്നതായി ഓഡിറ്റിൽ കണക്കാക്കപ്പെട്ടിട്ടുണ്ട്. പൈപ്പുകളും അനുബന്ധ സാധനങ്ങളും വാങ്ങൽ, ടാങ്കുകൾ നിർമ്മിക്കൽ എന്നിവ ഒഴികെയുള്ള മറ്റു തുടർപ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടുള്ളതായി കാണുന്നില്ല. എല്ലാ പദ്ധതികളും ഏകദേശം ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ദീർഘവീക്ഷണമില്ലാതെ പ്രോജക്ട് ആവിഷ്ക്കരിക്കുകയും ന്യായയുക്തമല്ലാത്ത രീതിയിൽ സാധനങ്ങൾ കാലെ കൂട്ടി വാങ്ങിയതിനെപ്പറ്റിയും വിശദമായി അന്വേഷിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.2.]

127. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/എബി1/08/LSGD നമ്പർ കത്തു മുഖേന ഗവൺമെന്റ് നൽകിയ മറുപടി:

"1999-2000 വർഷത്തിൽ ആരംഭിച്ച ചേരാനി, പാതാഴ, മാടമല എന്നീ ജലസേചന പദ്ധതികൾ ഒന്നും രണ്ടും ഘട്ടങ്ങളായി പൂർത്തീകരിക്കുവാനാണ്

വിഭാവനം ചെയ്തിരുന്നത്. ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായി മാർച്ചുമാസം തുക ലാപ്സാകും എന്നതിനാലാണ് രണ്ടാംഘട്ടമായി പൈപ്പുകളും പമ്പുസെറ്റുകളും വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതും ആയതു പ്രകാരം ടി പദ്ധതിക്കുവേണ്ടി അഞ്ചു ലക്ഷം രൂപ വൈക്കത്തുള്ള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ ഒടുക്കി പൈപ്പും പമ്പ് സെറ്റുകളും വാങ്ങിയിട്ടുള്ളത്. മതിയായ പരിശീലനമില്ലാതെ ജനകീയാസൂത്രണ പദ്ധതിക്ക് തുടക്കം കുറിച്ചതിനാലാണ് മുൻഗണനാക്രമം തെറ്റിച്ച് മെറ്റീരിയൽസ് വാങ്ങുന്നതിന് ഇടയായത്. ടി പദ്ധതികളുടെ പൂർത്തീകരണത്തിന് മതിയായ തുക പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും മാറിവന്ന ഭരണസമിതി ടി പദ്ധതികൾക്ക് പ്രാധാന്യം നൽകാതെ മറ്റു പദ്ധതികളിലേക്ക് തിരിയുകയും ചെയ്തു. ഇപ്പോൾ നിലവിലുള്ള ഭരണസമിതി പദ്ധതികൾ പൂർത്തീകരിക്കുന്നതിനു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പാതാഴ പദ്ധതി പ്രദേശത്ത് ചെക്ക് ഡാം നിർമ്മിച്ചിട്ടുള്ളതിനാൽ പദ്ധതിക്കു വേണ്ടി നിർമ്മിച്ചിട്ടുള്ള കിണറിൽ ആവശ്യാനുസരണം ജലം ലഭിക്കും. ചേരാനി പദ്ധതിക്ക് കിണർ നിർമ്മിച്ചെങ്കിലും ജലം ലഭിക്കാതെയിരുന്നതിനാൽ കുഴൽകിണർ നിർമ്മിച്ച് ജലം ലഭ്യമാക്കുവാൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

ചേരാനി, പാതാഴ, മാടമല എന്നീ ജലസേചന പദ്ധതികൾക്കായി വാങ്ങിയിട്ടുള്ള പൈപ്പുകളും പമ്പുസെറ്റുകളും സുരക്ഷിതമായി സൂക്ഷിച്ചിട്ടുള്ളതിനാൽ പൊതു ഖജനാവിനു ഇതുമൂലം നഷ്ടം ഉണ്ടായിട്ടുള്ളതല്ല. ടി പൈപ്പുകളുടെയും പമ്പുസെറ്റുകളുടെയും ഗുണനിലവാരം പരിശോധിച്ചു സാക്ഷ്യപത്രം നൽകുന്നതിനു രേഖാമൂലം അസിസ്റ്റന്റ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി പാലായോടു ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ ഭരണമാറ്റംമൂലം അവഗണിക്കപ്പെട്ടതല്ലാതെ പദ്ധതിയുടെ മഹത്തായ ലക്ഷ്യം ഇപ്പോഴും നിലനിൽക്കുന്നു. പഞ്ചായത്ത് സമിതിയുടെ പരിമിതി മൂലം മാത്രമാണ് അപാകത സംഭവിച്ചു പോയിട്ടുള്ളത്. തുടർന്നുവരുന്ന വർഷങ്ങളിൽ സമയബന്ധിതമായി ടി പദ്ധതികൾ പൂർത്തീകരിക്കാൻ പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതും ആയതിന്റെ ഭാഗമായി മാടമല കുടിവെള്ള പദ്ധതിക്ക് 2,53,041 രൂപയും, ചേരാനി പാതാഴ കുഴി കുടിവെള്ള പദ്ധതികൾക്കു വേണ്ടി 1,50,000 രൂപ വീതവും 2008-09 വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുമുണ്ട്."

128. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാകുന്നതിന് മുൻപുതന്നെ രണ്ടാം ഘട്ടത്തിനുവേണ്ടി സാധനങ്ങൾ വാങ്ങിയ വകയിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അധികം നൽകിയ 8,344 രൂപ തിരികെ ഈടാക്കിയോ എന്നും തുടർന്ന് ബാക്കിയുള്ള വർക്ക് നടത്താൻ ബോർഡ് തീരുമാനിച്ചോ എന്നും സമിതി ആരാഞ്ഞതിന്, തുക ഈടാക്കാനായി പല പ്രാവശ്യം അറിയിപ്പു നൽകിയെങ്കിലും ലഭിച്ചില്ലെന്നും സാധനങ്ങൾ സപ്ലൈ ചെയ്ത് ഫിറ്റ് ചെയ്യണമെന്നായിരുന്നു കരാറെന്നും എന്നാൽ സപ്ലൈ മാത്രമേ നടത്തിയിട്ടുള്ളൂവെന്നും ബാക്കിയുള്ള വർക്ക് നടത്താൻ ബോർഡ് തീരുമാനിച്ചുവെന്നും നടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

129. പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അധികം നൽകിയിട്ടുള്ള തുക 8,344 രൂപ തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച മറുപടി:

130. ഫിറ്റിങ് ചാർജിനത്തിൽ KAICO-യിൽ അടവാക്കിയ 8,344 രൂപ ഈടാക്കുന്നതിനായി 21-11-2008-ൽ സി2/214/08 നമ്പരായി രജിസ്ട്രേഡ് കത്തും പ്രസ്തുത കത്തിന്മേൽ നടപടികളൊന്നുമുണ്ടാവാതിരിക്കുന്നതിനാൽ 15-12-2008, 20-1-2009 തീയതികളിൽ ഓർമ്മക്കുറിപ്പുകൾ അയയ്ക്കുകയുണ്ടായി. എന്നാൽ ആയത് നാളിതുവരെ ഈടാക്കിയിട്ടില്ല.

ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട മാടമല കുടിവെള്ള പദ്ധതിക്കായി 2008-09 വർഷം 1,13,346 രൂപ (വികസന ഫണ്ട് വിഹിതം 1,03,041+തനത് ഫണ്ട് 10,305) ചെലവഴിച്ച് ജി. ഐ. പൈപ്പ് ഉപയോഗിച്ച് പമ്പിംഗ് മെയിൻ ലൈൻ സ്ഥാപിച്ചിട്ടുണ്ട് (വാങ്ങിയ പൈപ്പുകൾ ഉപയോഗപ്പെടുത്തിയിട്ടില്ല). മറ്റു രണ്ടു പദ്ധതികളായ ചേരാനി, പാതാഴ എന്നിവയ്ക്കായി 2008-09 വർഷവും മുൻവർഷങ്ങളിലും തുകയൊന്നും വകയിരുത്തിയിട്ടില്ല.

**നിഗമനങ്ങൾ/ശുപാർശകൾ**

131. **ചേരാനി, പാതാഴ, മാടമല എന്നീ ജലസേചന പദ്ധതികൾക്കായി വാങ്ങിയിട്ടുള്ള പൈപ്പുകളുടെയും പമ്പുസെറ്റുകളുടെയും ഗുണനിലവാരം അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുക. അതോടൊപ്പം KAICO-യ്ക്ക് അധികം നൽകിയിട്ടുള്ള 8,344 രൂപ തിരികെ ഈടാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## പാമ്പാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ തുക ദുർവിനിയോഗം ചെയ്തു**

മാളിയേക്കൽപ്പടി-കാട്ടാംകുന്ന് റോഡ് പുനരുദ്ധാരണ പണിയ്ക്കുവേണ്ടി 1,00,000 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനറായി ശ്രീ. പി. കെ. വർഗ്ഗീസ് കണിയാംപറമ്പിൽ എന്ന വ്യക്തിയെ തിരഞ്ഞെടുക്കുകയും 30-3-2002-ൽ മൊബിലൈസേഷൻ അഡ്വാൻസായി 25,000 രൂപ നൽകുകയുണ്ടായി. എന്നാൽ കൺവീനർ പണി നടത്തുന്നില്ല എന്ന കാരണത്താൽ കമ്മിറ്റി അംഗങ്ങൾ രാജി വയ്ക്കുന്നതായി 24-6-2002-ന് കത്ത് നൽകിയതിനാൽ പുതിയ കൺവീനറായി ശ്രീ. പി. എ. ചെറിയാൻ പുത്തൻപുരയ്ക്കൽ എന്ന വ്യക്തിയെ തെരഞ്ഞെടുക്കുകയും 14-7-2003-ന് 10,000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ കൺവീനർക്ക് അഡ്വാൻസ് നൽകിയിരുന്നുവെങ്കിലും പണി ചെയ്തതായുള്ള രേഖകൾ ഒന്നും തന്നെയില്ല. ടിയാളിൽ നിന്നും ഈ തുക ഈടാക്കുവാനുള്ള നടപടികൾ ഒന്നും തന്നെ സ്വീകരിച്ചു കാണുന്നില്ല. ആയതിനാൽ മുൻകൂറായി നൽകിയ 25,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക 18% പലിശയുൾപ്പെടെ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. പണി പൂർത്തിയാക്കാത്തതിനാൽ രണ്ടാമത്തെ കൺവീനർക്ക് നൽകിയ 10,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.3]

132. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/എ.ബി.1/08/LSGD നമ്പർ കത്തു മുഖേന ഗവൺമെന്റ് നൽകിയ മറുപടി.

"പണി 2003-2004-ൽ പൂർത്തീകരിക്കുകയും അഡ്വാൻസ് നൽകിയ തുകകൾ കിഴിച്ച് ഫൈനൽ പേമെന്റ് 22-3-2004-ൽ നൽകുകയും ചെയ്തിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

133. **പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

കെട്ടിടനികുതി—ഡിമാന്റിൽ ചേർത്ത് ഈടാക്കി അടച്ചില്ല—34,906 രൂപ നഷ്ടം

**അസസ് ചെയ്ത കെട്ടിടങ്ങളുടെ നികുതി ഈടാക്കിയില്ല**

2000-01-ൽ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമായി സപ്ലിമെന്ററിയായി 366 കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയതിന്റെ വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18-1-2001-ലെ മിനിറ്റ്സിൽ ചേർത്തിട്ടുണ്ട്. അതിൽ 341 കെട്ടിടങ്ങളുടെ വിവരങ്ങളാണ് അസസ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടുളളത്. കെട്ടിട നികുതി ചുമത്തുമ്പോൾ നിയമാനുസൃതം പാലിക്കേണ്ട നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെയാണ് കെട്ടിടങ്ങൾ അസസ് ചെയ്തിരിക്കുന്നത്. 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം കെട്ടിടം അസസ് ചെയ്യുന്നതിന് കെട്ടിട ഉടമ റിട്ടേൺ സമർപ്പിക്കേണ്ടതാണ്. ആയത് സമർപ്പിച്ചതായി കാണുന്നില്ല. കെട്ടിട ഉടമസ്ഥന്റെ പേര്, കെട്ടിട നമ്പർ/വാർഡ് നമ്പർ, ആണ്ടിനാൽ ചുമത്തിയ കരം എന്നിവ മാത്രമാണ് മിനിറ്റ്സിലും അസസ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തി യിട്ടുളളത്. കെട്ടിടങ്ങളുടെ വിവരണം, മതിപ്പുവില, ആണ്ടിൽ കിട്ടാവുന്ന വാടക എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം വിശദാംശങ്ങൾ കൂടാതെ എന്തടിസ്ഥാനത്തിലാണ് കരം ചുമത്തിയതെന്ന് വ്യക്തമല്ല. നികുതി 2000-01-ലെ ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുകയോ, ഈടാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ തൻവർഷം 34,906 രൂപ യുടെ നഷ്ടം പഞ്ചായത്തിന് വന്നിട്ടുണ്ട്.

പഞ്ചായത്തിൽ പുതുതായി നിർമ്മിച്ച 300 കെട്ടിടങ്ങൾക്കും വിപുലീകരണം നടത്തിയ 200-ൽപ്പരം വീടുകൾക്കും യഥാസമയം നികുതി ചുമത്തപ്പെട്ടിട്ടില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11-12-2000-ലേയും 18-1-2001-ലേയും തീരുമാനങ്ങളിൽ നിന്നും വ്യക്തമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.I.2.1]

134. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:

"കൊഴുവനാൽ പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ നശിച്ചുപോയിരിക്കുകയാണ്. ആയതിനാൽ ടി വിഷയം സംബന്ധിച്ചു പരിശോധന നടത്തുവാൻ സാധിക്കാത്ത അവസ്ഥയിലാണ്. അസസ്മെന്റ് രജിസ്റ്റർ നശിച്ച നിലയിലാണെന്നുള്ള വിവരം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്. കൂടാതെ പഞ്ചായത്തിലെ 2000-01-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സും ലഭ്യമായിട്ടില്ല.

കൊഴുവനാൽ പഞ്ചായത്തിലെ പല റിക്കാർഡുകളും നഷ്ടപ്പെട്ട അവസ്ഥയിലാണെന്ന വിവരം ബഹു. ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുമാണ്. പഞ്ചായത്തിലെ പഴയ റിക്കാർഡുകളുടെ കണക്കെടുപ്പ് എ.ഡി.പി.-യുടെ നിർദ്ദേശ പ്രകാരം നടന്നുവരികയാണ്. മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിലെ നഷ്ടം കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച് വ്യക്തമായ ഒരു റിപ്പോർട്ട് നൽകുക അസാദ്ധ്യമായിരിക്കുകയാണ് എന്ന വിവരം മേൽ ഉത്തരവായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു".

135. കെട്ടിട നികുതി ചുമത്തുമ്പോൾ നിയമാനുസൃതം പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാത്തതിന്റെ വിശദീകരണവും, അതിനുത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനാണ് പ്രവൃത്തി ചെയ്തതെന്നും 366 കെട്ടിടങ്ങൾക്കാണ് അപ്രകാരം ചെയ്തിരിക്കുന്നതെന്നും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സിൽ ചേർത്തിട്ടുണ്ടെങ്കിലും പഞ്ചായത്ത് കമ്മിറ്റി അത് അംഗീകരിച്ചിട്ടില്ലെന്നും സ്റ്റാന്റിംഗ് കമ്മിറ്റി അസ്സസ്സ് ചെയ്തുവെങ്കിലും കൈമാറ്റം ചെയ്യാത്തതിനാൽ ഡിമാന്റ് രജിസ്റ്ററിലേക്ക് വന്നിട്ടില്ലെന്നും അസ്സസ്സ്മെന്റ് രജിസ്റ്റർ നശിച്ചുപോയെന്നും കൊഴുവനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

136. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് കാണാതായതെങ്ങനെയെന്ന് സമിതി വിശദീകരണം ആരാഞ്ഞതിന് പഞ്ചായത്തിലെ കുറെ രേഖകൾ കാണാനില്ലെന്ന് ഗവൺമെന്റ് സെക്രട്ടറി, കോടതി, ഓംബുഡ്സ്മാൻ എന്നിവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി വിശദീകരിച്ചു.

137. സ്റ്റാന്റിംഗ് കമ്മിറ്റിയെടുത്ത തീരുമാനത്തിൻമേൽ നടപടി സ്വീകരിക്കാതിരുന്നതിനാൽ പഞ്ചായത്തിനുണ്ടായ 34,906 രൂപയുടെ നഷ്ടം പലിശ സഹിതം ബന്ധപ്പെട്ട മുൻ സെക്രട്ടറിയുടെ ഡി.സി.ആർ.ജി.-യിൽ നിന്നോ ടിയാനെതിരെ ആർ.ആർ. നടപടിയിലൂടെയോ ഈടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

138. കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് നടത്താൻ സാധിക്കുന്നില്ലെന്ന് ഓംബുഡ്സ്മാന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓംബുഡ്സ്മാൻ കംപ്ലീറ്റ് ഇൻവെന്ററി തയ്യാറാക്കാൻ പറയുകയും അപ്രകാരം പരിശോധിച്ചതിൽ കുറെ ഫയലുകളും രേഖകളും നഷ്ടപ്പെട്ടിട്ടുള്ളതായി മനസ്സിലാക്കുകയും അതു സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിനുവേണ്ടി ഓംബുഡ്സ്മാന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും കോട്ടയം ഡി.ഡി.പി. സമിതിയിൽ വിശദീകരിച്ചു.

139. പഞ്ചായത്തിലെ ധാരാളം ഫയലുകൾ നശിപ്പിച്ചുവെന്നും സ്റ്റാന്റിംഗ് കമ്മിറ്റി വിളിച്ചു ചേർക്കണ്ടായെന്ന് പ്രസിഡന്റ് ശ്രീ. ജോസ്മോൻ മുണ്ടയ്ക്കൽ നിർദ്ദേശിച്ച

തിനെതിരെ ഇപ്പോഴത്തെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തനിക്കും ഇലക്ഷൻ കമ്മീഷനും പരാതി നൽകിയിട്ടുണ്ടെന്നും കഴിഞ്ഞ വർഷത്തെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സ് കൃത്രിമമായി എഴുതിയുണ്ടാക്കുകയാണ് ചെയ്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

140. കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ ദിവസക്കൂലിക്കാരായിട്ടുള്ള മൂന്നുനാലു സ്റ്റാഫുകൾ മാത്രമാണ് ഉള്ളതെന്നും അവരാണ് പഞ്ചായത്തിന്റെ മിനിട്ട്സ് വരെ എഴുതുന്നതെന്നും പഞ്ചായത്തിലെ ജനന രജിസ്റ്ററുകളും മറ്റു രേഖകളും നശിപ്പിച്ചു കളഞ്ഞ നിലയിലാണുള്ളതെന്നും കൊഴുവനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

141. ഒരു ശിക്ഷാ നടപടിയെന്ന നിലയിൽ ഒരു വർഷത്തേക്ക് പ്രസ്തുത പഞ്ചായത്തിന് പ്ലാൻ ഫണ്ട് നൽകാതിരിക്കാൻ ആകില്ലേയെന്ന് സമിതി ആരാഞ്ഞതിന്, പ്ലാൻ ഫണ്ട് പല പ്രാവശ്യം പിടിച്ചുവെച്ചുവെങ്കിലും ജനങ്ങൾ ബുദ്ധിമുട്ടിലാകുമെന്ന് വിചാരിച്ച് പിന്നീട് റിലീസ് ചെയ്തു കൊടുക്കുകയാണുണ്ടായത് എന്ന് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ് ശ്രീ. വി. എം. ഗോപാലമേനോൻ സമിതിയെ അറിയിച്ചു.

142. ജനങ്ങൾക്കു വേണ്ട സഹായം യാതൊരു രേഖകളുടേയും പിൻബലമില്ലാതെ പ്രസിഡന്റ് ചെയ്തുകൊടുക്കുന്നതിനാൽ ജനങ്ങൾക്ക് യാതൊരു പരാതിയുമില്ലെന്നും, പ്രസ്തുത പഞ്ചായത്തിൽ ധൈര്യമായി ഇൻസ്പെക്ഷൻ നടത്താൻ സാധിക്കുന്നില്ലെന്നും എല്ലാ രേഖകളും പഞ്ചായത്ത് സെക്രട്ടറിയുടെ കൈവശമുണ്ടെങ്കിലും ഓഡിറ്റിന് അവ നൽകാറില്ലെന്നും കോട്ടയം ഡി.ഡി.പി. വ്യക്തമാക്കി.

143. കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് കർശനമാക്കുന്നതിനും ഓഡിറ്റ് തടസ്സപ്പെടാതിരിക്കുന്നതിനും അവശ്യംവേണ്ട നടപടികൾ സ്വീകരിച്ച് അവയുടെ പുരോഗതി സമിതിക്ക് റിപ്പോർട്ട് ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

144. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 9-6-2009-ലെ എൽ.എഫ്. 10080/സ്പെ.സെൽജി.2/09 നമ്പർ കത്തു മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

(1) **ഓഡിറ്റ് കർശനമാക്കുന്നത്—സംബന്ധിച്ച്**

ബഹു. സമിതിയുടെ നിർദ്ദേശാനുസരണം 2002-03, 2003-04, 2004-05 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് 1/09-ന് പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. 2007-08 വർഷം വരെയുള്ള വാർഷിക ധനകാര്യ പത്രികകൾ (95-96, 96-97, 97-98 വർഷങ്ങളിലെ ഒഴികെ) ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് വാർഷിക കണക്കുകൾ ലഭ്യമാക്കിയ വർഷങ്ങളിലെ ഓഡിറ്റ് നടത്തുന്നതാണ്.

(2) **കെട്ടിട നികുതി നഷ്ടം ഈടാക്കുന്നത്—സംബന്ധിച്ച്**

കെട്ടിട നികുതി ചുമത്താതിരുന്നതുമൂലം പഞ്ചായത്തിനു സംഭവിച്ച 34,906 രൂപയുടെ നഷ്ടം ഈടാക്കുന്നതിന് 2000-01 വർഷം ചുമതലയുണ്ടായിരുന്ന

സെക്രട്ടറിക്ക് 15-12-2008 തീയതിയിൽ എ1-824/08 നമ്പരായി ആർ.ആർ. നോട്ടീസ് അയയ്ക്കുകയുണ്ടായി. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്റർ പരിശോധി ക്കാവുന്ന പരിധിക്കപ്പുറം ജീർണിച്ചതാകയാൽ അസസ് ചെയ്ത ഏതെങ്കിലും കെട്ടിടത്തിന്റെ നികുതി ഈടാക്കപ്പെടുന്നുണ്ടോയെന്ന് പഞ്ചായത്തധികൃതർക്ക് തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല. ആയതിനാൽ 2000-01 വർഷം അസസ് ചെയ്ത 366 കെട്ടിട ഉടമകൾക്കും രജിസ്ട്രേഡ് ആയി ആർ.ആർ. നോട്ടീസ് അയയ്ക്കുക യുണ്ടായി. തത്ഫലമായി ഡിമാന്റിൽ നിന്നും വിട്ടുപോയ 224 പേരുടെ കെട്ടിട നികുതി പൂർണമായും (2008-09 വരെ), 14 പേരുടേത് 2007-08 വരെയും, 20 പേരുടേത് 2006-07 വരെയും 11 പേരുടേത് 2005-06 വരെയും 5 പേരുടേത് 2004-05 വരെയും ഈടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. (ടി സ്ഥിതിവിവര കണക്ക് 31-3-2009 വരെയുള്ളതാണ്). ബാക്കിയുള്ള 92 പേരെയും നിലവിൽ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 50 വ്യക്തികളുടെ പേർക്ക് അയച്ച നോട്ടീസ് മേൽവിലാസക്കാരനെ കണ്ടെത്താനായില്ല എന്ന കാരണത്താൽ മടങ്ങി വന്നിട്ടുണ്ട്. കെട്ടിട നികുതി പരിഷ്കരണ പ്രക്രിയ പുരോഗമിക്കുന്നതിനാൽ ടി 92 പേരുടെ കെട്ടിടങ്ങളുടെ തത് സ്ഥിതിയെ കുറിച്ച് വിലയിരുത്തി ഡിമാന്റ് തുക പൂർണമായി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്തധികൃതർ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നത് 2000-01 വർഷത്തെ നഷ്ടം മാത്രമാണ് (34,906 രൂപ). പ്രസ്തുത നഷ്ടം ഓരോ വർഷവും തുടരുക വഴി സംഭവിച്ച 2.8 ലക്ഷത്തോളം രൂപയുടെ നഷ്ടം ഏറെക്കുറെ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിന് സംഭവിച്ച നഷ്ടം മുൻ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്ന തിൽ നടപടികളവസാനിപ്പിച്ച് തങ്ങളുടെ ബാധ്യതയിൽ നിന്നൊഴിയുന്നതിന് പകരം ആത്മാർത്ഥമായ ശ്രമങ്ങളിലൂടെ 2000-01 വർഷത്തെ ഡിമാന്റിനു പുറമെ ഭൂരിപക്ഷം പേരുടേയും 2008-09 വരെയുള്ള നികുതി ഈടാക്കി മാതൃകാപരമായ നടപടികൾ സ്വീകരിച്ച നിലവിലുള്ള ജീവനക്കാരുടെ സേവനം ശ്ലാഘനീയമാണ്."

**നിഗമനങ്ങൾ/ശുപാർശകൾ**

145. **2000-01 വർഷത്തെ കെട്ടിട നികുതി ചുമത്താതെ 34,906 രൂപയുടെ നഷ്ടം വരുത്തിയ മുൻ സെക്രട്ടറിയുടെ പേരിലുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് ബന്ധപ്പെട്ട വകുപ്പു മേധാവിയോട് സമിതി നിർദ്ദേശിക്കുന്നു.**

## കരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ പരിശീലനകേന്ദ്രം പാഴ്ച്ചെലവ്**

പ്രീഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുള്ള താഴ്ന്ന വരുമാനമുള്ള പെൺകുട്ടി കൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് നടത്തിപ്പിലുള്ള കെടുകാര്യസ്ഥതമൂലം പ്രാഥമികമായി നടത്തിയ 1,15,475 രൂപയുടെ ചെലവ് യാതൊരു പ്രയോജനവും സിദ്ധിക്കാതെ തികച്ചും പാഴ്ച്ചെലവായി മാറിയത്. അടിസ്ഥാന സൗകര്യങ്ങൾ

ഉണ്ടാക്കുന്നതിനുമുമ്പായി 59,000 രൂപയ്ക്ക് രണ്ട് കമ്പ്യൂട്ടറുകളും 6.500 രൂപയ്ക്ക് പ്രിന്ററും വാങ്ങി ഒട്ടും സുരക്ഷിതമല്ലാത്ത അവസ്ഥയിൽ ദീർഘ നാൾ സൂക്ഷിച്ച് പ്രവർത്തനക്ഷമത നഷ്ടപ്പെടുത്തി. കമ്പ്യൂട്ടർ മുറിക്കായി 46,375 രൂപ കൂടി ചെലവഴിച്ചതോടെ അടങ്കൽ തുകയായ 63,000 രൂപയിൽ അധികരിച്ച് 52,475 രൂപ (ആകെ 1,15,475 രൂപ) ചെലവാക്കേണ്ടിവന്നു. നാളിതുവരെ ഒരു വ്യക്തിക്കുപോലും കമ്പ്യൂട്ടർ പരിശീലനം നൽകാൻ കഴിഞ്ഞിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.I.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:

146. കരൂർ ഗ്രാമപഞ്ചായത്ത് 98-99 വർഷം 42-ാം നമ്പർ പ്രോജക്ടായി 2 കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും വാങ്ങുന്നതിനായി 63,000 രൂപയുടെ പ്രോജക്ട് രൂപീകരിച്ചിരുന്നു. ടി പ്രോജക്ടിനായി ഓഡിറ്റ് റിപ്പോർട്ടിൽ കാണിച്ചിരിക്കുന്ന പ്രകാരം 1,15,475 രൂപ ചെലവഴിച്ചിട്ടില്ല. 2 കമ്പ്യൂട്ടറുകളും പ്രിന്ററും വാങ്ങിയ ഇനത്തിൽ 65,500 രൂപ മാത്രമാണ് പ്രോജക്ട് നമ്പർ 42 പ്രകാരം ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ടി കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങിയിരിക്കുന്നത് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കെൽട്രോൺ കമ്പനിയിൽ നിന്നുമാണ്.

ടി കമ്പ്യൂട്ടർ സ്ഥാപിച്ചിരിക്കുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കേണ്ടി വന്നതിനാലാണ് മറ്റ് സ്ഥലങ്ങളിൽ ടി കമ്പ്യൂട്ടറുകൾ സൂക്ഷിക്കേണ്ടിവന്നത് എന്ന് കാണുന്നു. കെട്ടിടം പൊളിച്ച് നീക്കിയതിനാൽ പരിശീലനങ്ങൾ നടപ്പിലാക്കുന്നതിന് സാധിച്ചില്ല എന്നും കാണുന്നു.

കമ്പ്യൂട്ടർ മുറിയുടെ സജ്ജീകരണത്തിനായി ഫർണിച്ചറുകൾ വാങ്ങുന്നതിനായി 2000-01 വർഷം 38-ാം നമ്പരായി 50039 രൂപയുടെ പ്രോജക്ട് ഉണ്ടാക്കിയിരുന്നു. ആയത് വിവിധ ഫർണിച്ചറുകൾ വാങ്ങുന്നതിനുവേണ്ടിയാണ്. ഈ ഫർണിച്ചറുകൾ വാങ്ങിയിരിക്കുന്നത് 29-11-2004-ലെ പത്രപ്പരസ്യം വഴി ഓപ്പൺ ടെണ്ടർ ക്ഷണിച്ചാണ്. ഈ പ്രോജക്ടിലാണ് 49,975 രൂപ ചെലവഴിച്ചിട്ടുള്ളത്. ഇത്രയും തുകയുടെ വിവിധതരം ഫർണിച്ചറുകൾ വാങ്ങുന്നത് തദ്ദേശീയമായി നടപ്പിലാക്കുവാൻ പാടില്ലാത്തതിനാലാണ് ഓപ്പൺ ടെണ്ടർ ക്ഷണിച്ചത്. മേശകൾ, പ്ലാസ്റ്റിക് കസേരകൾ, അലമാര എന്നിവ വാങ്ങിയത്, നിലവിൽ ഉപയോഗിച്ചുവരുന്നു. വാങ്ങിയിട്ടുള്ള 2 കമ്പ്യൂട്ടറുകൾ പഴയ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളതും, കുറഞ്ഞ പ്രവർത്തനശേഷിയുള്ളവയും, കാലഘട്ടത്തിനനുസരിച്ചുള്ളവ അല്ലാത്തതിനാലും, നിലവിൽ പരിശീലനത്തിനായി ഉപയോഗിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയത് കേടുപാടുകൾ പരിഹരിച്ച് ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

147. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൻമേൽ സമിതി വിശദീകരണം ആവശ്യപ്പെട്ടതിന്, പദ്ധതിയോടനുബന്ധിച്ച സാധനങ്ങളെല്ലാം വാങ്ങിയിട്ടുണ്ടെന്നും കെട്ടിടം പണി പൂർത്തീകരിച്ച് ഈ വർഷം തന്നെ കമ്പ്യൂട്ടർ പരിശീലനം ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും കരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. ജെ. മെനാസിസ് സമിതിയെ അറിയിച്ചു. കമ്പ്യൂട്ടറുകൾ പ്രയോജനപ്രദമാക്കി ഒരു മാസത്തിനകം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

148. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ എൽ.എഫ്.10080/സ്പെ.സെൽജി2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ പുനഃപരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കരൂർ ഗ്രാമപഞ്ചായത്ത് 1998-99 വർഷം 42-ാം നമ്പരായി വനിതാ കമ്പ്യൂട്ടർ പരിശീലനം എന്ന പ്രോജക്ട് രൂപീകരിക്കുകയും ആയത് നടപ്പിലാക്കുന്നതിന് 2 കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും വാങ്ങുന്നതിന് 63,000 രൂപ വകയിരുത്തുകയും ചെയ്തിരുന്നു. കമ്പ്യൂട്ടർ മുറിയുടെ സജ്ജീകരണത്തിന് ഫർണിച്ചർ വാങ്ങുന്നതിന് 2000-01 വർഷം 50,039 രൂപ വകയിരുത്തി മറ്റൊരു പ്രോജക്ടും രൂപീകരിച്ചു. (പ്രോജക്ട് നമ്പർ 38) പ്രസ്തുത പ്രോജക്ടുകൾക്ക് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്:

*പ്രോജക്ട് നമ്പർ 42*

| | | |
|---|---|---|
| കമ്പ്യൂട്ടർ (2 എണ്ണം) | : | 59,000 |
| പ്രിന്റർ (1) | : | 6,500 |
| | | 65,500 |

*പ്രോജക്ട് നമ്പർ 38*

| | |
|---|---|
| ഫർണിച്ചർ (മേശ, കസേര, അലമാര) | 49,975 |
| ആകെ | 1,15,475 |

രണ്ട് പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിച്ച പ്രസ്തുത തുകയാണ് പാഴ്ച്ചെലവായി ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്.

പ്രോജക്ട് നമ്പർ 38 പ്രകാരം വാങ്ങിയ ഫർണിച്ചർ നിലവിൽ ഉപയോഗിച്ചു വരുന്നു. കമ്പ്യൂട്ടർ പഴയ സ്പെസിഫിക്കേഷൻ അനുസരിച്ചുളളതും കുറഞ്ഞ പ്രവർത്തന ശേഷിയുളളതും ആയതിനാൽ നിലവിൽ പരിശീലന പരിപാടികൾക്ക് ഉപയോഗിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുളളതായി ബോധ്യപ്പെടുത്തി. കമ്പ്യൂട്ടറുകൾ ദൈനംദിന ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായും ബോധ്യപ്പെട്ടു.

പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ഒരു കമ്പ്യൂട്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ആശുപത്രിക്ക് സ്വന്തമായി കമ്പ്യൂട്ടർ ലഭിച്ചാൽ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി ലഭിക്കുമെന്നും വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. ആയത് പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചുണ്ട്. അനുകൂല തീരുമാനമുണ്ടാകുന്ന പക്ഷം കമ്പ്യൂട്ടർ കൂടുതൽ പ്രയോജനപ്രദമാക്കാൻ കഴിയുന്നതാണെന്നും ബോധ്യപ്പെട്ടു."

**നിഗമനങ്ങൾ/ശുപാർശകൾ**

**149. പ്രീഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുള്ള താഴ്ന്ന വരുമാനമുള്ള പെൺകുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 1998-99 വർഷം ആരംഭിച്ച പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേലിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ദീർഘകാല വീക്ഷണത്തോടെ നടപ്പാക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പദ്ധതിപ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ ദൈനംദിന ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെയും കെട്ടിടം പണി പൂർത്തീകരിച്ച് ഈ വർഷംതന്നെ പരിശീലന പരിപാടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണമേൽക്കടവ് പാലം നിർമ്മാണത്തിൽ അപാകതകൾ**

24,02,500 രൂപ അടങ്കലിൽ 3.5 മീറ്റർ വീതിയിൽ നടപ്പാലം നിർമ്മിക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ച പദ്ധതി പിന്നീട് പാലത്തിന്റെ വീതി 5 മീറ്ററായി ഉയർത്തുകയും 1999 ജനുവരി മുതൽ പണി ഏറ്റെടുക്കുകയും ചെയ്തു. പല പ്രാവശ്യം മാറ്റം വരുത്തിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഏറ്റവുമൊടുവിൽ 35,15,972 രൂപയുടെ സാങ്കേതിക അനുമതി മാത്രം ലഭിച്ചുവെങ്കിലും 44,69,700 രൂപ കൺവീനർക്കു നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി വീണ്ടും പുതുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. പദ്ധതിക്കു വേണ്ടി 2001-2002-ൽ 41,00,000 രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ഗുണഭോക്തൃ സമിതി രൂപീകരണത്തിലും പദ്ധതി നടത്തിപ്പിലും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായ നടപടികൾ സ്വീകരിച്ചതായും പുതിയ ഭരണാനുമതിയില്ലാതെ അടങ്കൽ തുകയിൽ അധികരിച്ച് ചെലവ് ചെയ്തതായും കാണുന്നു. പ്രവൃത്തിയുടെ നടത്തിപ്പിൽ ബിനാമി ഇടപാടുകൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാണ്. പാലം പണിയുടെ നിർമ്മാണത്തിനായി പൊതുജനങ്ങളിൽ നിന്നും പണം പിരിക്കുന്നതിനായി കൺവീനർ സ്വന്തം നിലയിൽ അച്ചടിച്ച് രസീത് നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ക്രമവിരുദ്ധമാണ്. പാർട്ട് ബിൽ പ്രകാരം മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിലുള്ള അളവ് അധികരിച്ച് പ്രവൃത്തി നടത്തിയതായും സമാഹരണ മുൻകൂറിന്റെ ആനുപാതികവിഹിതം സന്നദ്ധ സേവനത്തിന്റെ മൂല്യം എന്നിവ കുറയ്ക്കാതെയും കൺവീനർക്ക് തുക നൽകിയിരിക്കുന്നതായി കാണുന്നു. ലഭ്യമായ കണക്കുകൾ അനുസരിച്ച് ഈയിനത്തിൽ 3,05,337 രൂപ അധികമായി നൽകിയിട്ടുണ്ട്. കൂടാതെ ആകെ വകയിരുത്തിയ 41,00,000 രൂപയിൽ, നികുതി വിഹിതങ്ങൾക്കുള്ള 10% കിഴിച്ച് ബാക്കിയുള്ള 36,90,000 രൂപ അധികരിച്ച് 7,79,700 രൂപ വകമാറ്റി ചെലവഴിച്ചതായും കാണുന്നു.

പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സമഗ്രമായ അന്വേഷണം ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.5.I.5]

150. ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2008-ലെ 30369/AB1/08/LSGD നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി.

"30-5-2005-ലെ അടിയന്തിരക്കമ്മിറ്റി 1-ാം നമ്പർ തീരുമാനപ്രകാരം ലോക്കൽ ആഡിറ്റ് വിഭാഗം പരാമർശിച്ച നിഗമനങ്ങൾ ശരിയല്ലെന്നും ആയതിനാൽ പ്രവൃത്തിയുടെ യഥാർത്ഥ സ്ഥിതി ബോദ്ധ്യപ്പെടുത്തുന്നതിനുമായിട്ടുള്ള നിവേദനം 4-4-2005-ൽ പ്രസിഡന്റ് സംസ്ഥാന പ്ലാനിങ് ബോർഡിന് സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മറ്റി വിശദമായ പരിശോധന നടത്തി റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം പഞ്ചായത്തിനു ലഭിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേക്ക് 28-3-2008-ലെ 8(26) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം LSGD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിന് ആവശ്യപ്പെട്ടിരിക്കുകയും ആണ്" (ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്).

151. പാലത്തിന്റെ പണി പൂർത്തീകരിച്ചോ എന്ന സമിതിയുടെ ചോദ്യത്തിന്, അപ്രോച്ച് റോഡിന്റെ പണി മാത്രമേ ബാക്കിയുളളൂവെന്നും പൂർത്തിയായത് എം. ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ബണ്ട് ഒലിച്ചുപോയതിനാൽ ഗുണഭോക്തൃ സമിതിക്ക് 4,22,000 രൂപ നഷ്ടം സംഭവിച്ചുവെന്നും ടി.എസ്-ൽ തുക കൂട്ടി നൽകുകയുണ്ടായില്ലെന്നും എസ്.എൽ.റ്റി.സി. വന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകിയെന്നും പാലത്തിന്റെ പണി സർക്കാർ അംഗീകരിക്കുകയും പണി തുടരാൻ നിർദ്ദേശിക്കുകയും ചെയ്തുവെന്നും 7,79,700 രൂപ അധിക തുകയായി നൽകിയെന്നും മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

152. 36,90,000 രൂപയുടെ സാങ്കേതികാനുമതി മാത്രം ലഭിച്ചുവെങ്കിലും 44,69,700 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ടെന്നും ഈയിനത്തിൽ തന്നെ 3 ലക്ഷത്തിലധികം രൂപ അധികം നൽകിയിട്ടുണ്ടെന്നും അതിനുശേഷം 7,79,000 രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

153. രണ്ടാമത് ബില്ലുണ്ടാക്കിയാൽ 7 ലക്ഷം രൂപ ലഭിക്കുമോ എന്ന് സമിതി ആരാഞ്ഞതിന്, അങ്ങനെ ലഭിക്കണമെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നാണ് എസ്.എൽ.റ്റി.സി. നിർദ്ദേശിക്കുന്നതെന്ന് സെക്രട്ടറി മറുപടി നൽകി.

154. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതായി SPAO, LSGD സമിതിയെ അറിയിച്ചു.

155. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോടൊപ്പം വാല്യുവേഷൻ എം.ബുക്കിൽ രേഖപ്പെടുത്തി ഓഡിറ്റ് വകുപ്പിൽ ഹാജരാക്കുവാനും സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

156. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 9-6-2009-ലെ LF10080/Spl.Cell g2/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"എൽ.എസ്.ജി.ഡി. വൈക്കം സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 37,03,464 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി 2-3-2009ന് കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസിൽ സമർപ്പിച്ചിട്ടുളളതായി കാണുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17-3-2009-ലെ ഡി.വൈ. 522/09/ഡി.പി.ഒ/കെ.റ്റി.എം. നമ്പർ കത്തു പ്രകാരം ഇലക്ഷനുമായി ബന്ധപ്പെട്ടുള്ള പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ജില്ലാ ആസൂത്രണ സമിതിയോഗം നിലവിൽ കൂടാൻ സാധിക്കുകയില്ല എന്നുള്ള വിവരം അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിലുള്ള നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്".

**നിഗമനങ്ങൾ/ശുപാർശകൾ**

157. **LSGD വൈക്കം സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 37,03,464 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരവും പ്രവൃത്തിമൂല്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള M Book അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിക്കുകയും ചെയ്ത് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *ഖണ്ഡിക നമ്പർ* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് | 8 | പഞ്ചായത്ത് ഫണ്ടിൽ നിന്നും അനധികൃതമായി കൈവശം സൂക്ഷിച്ചിരുന്ന 10,066 രൂപയും ആയതിന്റെ പലിശ 4,058 രൂപയും പ്രോവിഡന്റ് ഫണ്ടിൽ അടയ്ക്കുന്നതിനായി പിൻവലിച്ച 14,000 രൂപയുടെ പലിശ 1,587 രൂപയും ഉത്തരവാദിയായ യു.ഡി. ക്ലാർക്ക് ധനഞ്ജയൻ മരണപ്പെട്ടതിനാൽ ടിയാന്റെ ഭാര്യ ശ്രീമതി എ. ജി. സുജാത പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മുൻ യു.ഡി. ക്ലർക്ക് ശ്രീ. ധനഞ്ജയനിൽ നിന്നും യഥാസമയം പിഴപ്പലിശ ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ മുൻ സെക്രട്ടറിമാരുടെ പേരുവിവരം 2-5-1999-ലെ എ4-689/07 നമ്പർ കത്തു മുഖേന കോട്ടയം പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ വെളിച്ചത്തിൽ അവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ച് ആയതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | ” | 34 | 35 ലക്ഷത്തിലധികം രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ട് ഫൈനൽ സെറ്റിൽമെന്റ് നടത്താത്തത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും സംഭവിച്ച കടുത്ത അനാസ്ഥ ആയി സമിതി വിലയിരുത്തുന്നു. നിർവ്വഹണ ഏജൻസിയായ സിൽക്കിന്റെ ഭാഗത്തും വീഴ്ച വന്നിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ഫൈനൽ സെറ്റിൽമെന്റ് നടത്തിയതിന്റെ രേഖകൾ ആയതിന്റെ ഫയൽ സഹിതം പഞ്ചായത്ത് അടിയന്തിരമായി ഓഡിറ്റ് മുമ്പാകെ ഹാജരാക്കണമെന്ന് സമിതി ശുപാർശ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചെയ്യുന്നു. പ്ലാന്റ് പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 2 | വെള്ളൂർ ഗ്രാമപഞ്ചായത്ത് | 50 | മണൽ വില്പനയിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമിതി മനസ്സിലാക്കുന്നതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | ,, | 51 | ഫയലുകൾ, രജിസ്റ്ററുകൾ മറ്റനുബന്ധ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതും അവ പരിശോധനയ്ക്ക് ഓഡിറ്റ് മുൻപാകെ യഥാസമയം ഹാജരാക്കേണ്ടതും പഞ്ചായത്ത് സെക്രട്ടറിമാരുടെ ചുമതലയാണ്. അപ്രകാരം കൃത്യമായ രേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കാതെ ഓഡിറ്റ് പരാമർശങ്ങൾക്ക് ഇടവരുത്തുന്ന സെക്രട്ടറിമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. |
| | ,, | 55 | മണൽ വില്പനയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വൗച്ചറില്ലാത്ത 15,000 രൂപ പഞ്ചായത്ത് പ്രസിഡന്റ് തിരിച്ചടച്ചിട്ടുള്ളതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 3 | അകലക്കുന്നം ഗ്രാമപഞ്ചായത്ത് | 60 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുന:പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 4 | ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് | 67 | ഫൈനൽ ബിൽ തീർപ്പാക്കിയതിന്റെയും ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റേയും രേഖകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ ഒരു മാസത്തിനകം ഹാജരാക്കാൻ 19-11-2008 -ലെ തെളിവെടുപ്പു യോഗത്തിൽ സമിതി പഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി നിർദ്ദേശം പഞ്ചായത്ത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സെക്രട്ടറി പാലിച്ചിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. അപ്രകാരം സമിതി നിർദ്ദേശം പാലിക്കാൻ കൂട്ടാക്കാതിരുന്ന സെക്രട്ടറിക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം സമിതി ആവശ്യപ്പെട്ട രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് | 72 | ഫയലിൽ ഗുണഭോക്തൃവിഹിതം രേഖപ്പെടുത്തിയിരിക്കുന്നതിൽ വ്യക്തത ഇല്ലാത്തതിനാൽ ഇപ്രകാരം വ്യത്യസ്ത തുകകൾ രേഖപ്പെടുത്താനുണ്ടായ സാഹചര്യവും ഏതാണ് ശരിയായ തുകയെന്നതു സംബന്ധിച്ചും ഭരണ വകുപ്പ് അന്വേഷണം നടത്തി ആയതിന്റെ റിപ്പോർട്ട് സമിതിക്കു നൽകണമെന്നും കൃത്യമായ തുക തന്നെ ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | ,, | 73 | പദ്ധതി സംബന്ധിച്ച ഫൈനൽ ബിൽ തയ്യാറായിട്ടുണ്ടെന്ന് ആർപ്പൂക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ മൊഴി നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാവേളയിൽ ആയത് സെക്രട്ടറി ഹാജരാക്കിയിരുന്നില്ല. ആയതിനാൽ ഗുണഭോക്തൃവിഹിതമായി എത്ര തുക പിരിച്ചിട്ടുണ്ട് എന്നതിന്റെയും ഫൈനൽ ബിൽ സംബന്ധിച്ചുള്ളതിന്റേയും കൃത്യമായ കണക്ക്, രേഖകൾ സഹിതം ഓഡിറ്റ് വകുപ്പ് മുമ്പാകെ അടിയന്തിരമായി ഹാജരാക്കണമെന്നും ഓഡിറ്റ് വകുപ്പ് പ്രസ്തുത രേഖകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 5 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 84 | പി.ഡബ്ല്യൂ.ഡി നിരക്കിനേക്കാൾ അധികരിച്ച നിരക്കിൽ മണൽ, മെറ്റൽ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | എന്നിവയ്ക്ക് തുക നൽകുകമൂലം പഞ്ചായത്തിനുണ്ടായ 81,919 രൂപയുടെ നഷ്ടത്തിന് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ.വി. മോഹൻദാസ്, പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം. ആൽഫ്രഡ് എന്നിവർ ഉത്തരവാദികളാണെന്നും ആയതിനാൽ മേൽ തുക ഈ രണ്ട് ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 85 | പ്രവൃത്തിയുടെ അളവ് യഥാസമയം M. Book-ൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം പ്രവൃത്തിയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി M. Book-ൽ വിവരങ്ങൾ രേഖപ്പെടുത്തി പ്രവൃത്തി സംബന്ധിച്ച ഫൈനൽ ബിൽ ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കാത്തപക്ഷം ഒന്നാം ഘട്ടത്തിൽ കെട്ടിട നിർമ്മാണത്തിനായി ചെലവാക്കിയ 13,82,637 രൂപ ക്രമീകരിക്കാത്ത മുൻകൂർ ചെലവായി പരിഗണിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും Revenue Recovery നടപടി വഴി തിരികെ ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | ,, | 90 | പൊതുമാർക്കറ്റ്/മത്സ്യമാംസ മാർക്കറ്റ് പണിക്കായി 50 ലക്ഷത്തിൽപരം രൂപ ചെലവു ചെയ്തിട്ടും പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത സമിതി വളരെ ഗൗരവമായി വീക്ഷിക്കുന്നു. ഒരു പദ്ധതി ഏറ്റെടുത്താൽ അതിന്റെ പൂർത്തീകരണം നടന്നാൽ മാത്രമേ ആ പദ്ധതി കൊണ്ട് പ്രയോജനമുണ്ടാവുകയുള്ളു എന്ന വസ്തുത വിലയിരുത്തി ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിന് പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. പദ്ധതി നടത്തിപ്പിൽ മുണ്ടക്കയം പഞ്ചായത്ത് വേണ്ടത്ര ശുഷ്കാന്തിയോ ആർജ്ജവമോ കാണിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. സമയബന്ധിതമായി മാർക്കറ്റ് പണി പൂർത്തീകരിക്കണമെന്നും പൂർത്തീകരണ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. 9-6-2009-ലെ കത്തു പ്രകാരം പരിഹരിക്കപ്പെടാത്ത അപാകതകൾ എന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നതിൽ ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ചിട്ടുള്ള തുകകൾ തിരികെ ഈടാക്കുന്ന നടപടി പൂർത്തിയാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നിരാകരിച്ച തുക എത്രയെന്നോ ഇവ ഏതൊക്കെ ഇനങ്ങളിലാണെന്നോ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഇപ്രകാരം ഓഡിറ്റ് തടസ്സമോ നിരാകരണമോ സംബന്ധിച്ച വിശദവിവരങ്ങൾ ഉൾക്കൊള്ളിക്കാതെ ഓഡിറ്റ് ഖണ്ഡികകൾ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നത് ശരിയായ നടപടിയല്ലെന്നും ഓഡിറ്റ് ഒബ്ജക്ഷനുകൾ സംബന്ധിച്ച വിശദ വിവരം സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കണമെന്നും സമിതി ഓഡിറ്റ് വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡിക പരിശോധനാ വേളയിൽ സമിതിക്കു നൽകിയ മെമ്മോ ഓഫ് ഇംപോർട്ടന്റ് പോയിന്റ്സിൽ നിന്നുമാണ് നിരാകരണം സംബന്ധിച്ച വിവരങ്ങൾ സമിതിക്കുലഭ്യമായതെന്നും നിരാകരിച്ചതായി പറയുന്ന തുക യഥാക്രമം 1,10,445 രൂപയും 50,669 രൂപയും അടിയന്തിരമായി കൺവീനറിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | ഉഴവൂർ ഗ്രാമപഞ്ചായത്ത് | 96 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 7 | വെള്ളാവൂർ ഗ്രാമപഞ്ചായത്ത് | 104 | കമ്പ്യൂട്ടർ മെയിന്റനൻസ് ചാർജ്ജിനത്തിൽ ക്രമപ്രകാരമല്ലാതെ നൽകിയ 42,970 രൂപ മുൻ സെക്രട്ടറി ശ്രീ. ജോസഫിന്റെ ശമ്പളത്തിൽ നിന്നോ/പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ ആർ. ആർ. നടപടി മുഖേനയോ ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് തുക ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ സമിതിക്ക് റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 8 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് | 109 | പ്രസ്തുത പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ സാധൂകരണം ലഭ്യമായോ എന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുന്നതിനോടൊപ്പം ശ്രീ. പി.റ്റി. വാവ ഹൈക്കോടതിയിൽ നിന്നും നേടിയ ആർ.ആർ. നടപടിക്ക് എതിരെയുള്ള സ്റ്റേ വെയ്ക്കേറ്റ് ചെയ്യുന്നതിനുവേണ്ട നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 9 | പാറത്തോട് ഗ്രാമപഞ്ചായത്ത് | 116 | ധനദുർവിനിയോഗം നടത്തിയ സെക്രട്ടറി ശ്രീമതി പി.റ്റി. ഫിലോമിനയ്ക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് ഗവൺമെന്റ് പ്ലീഡർ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ സമിതി മുമ്പാകെ അടിയന്തിരമായി ഹാജരാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 10 | കുറിച്ചി ഗ്രാമപഞ്ചായത്ത് | 121 | ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയായ 6,054 രൂപ പലിശ സഹിതം ഉത്തരവാദിയായ ശ്രീമതി വത്സലാദേവി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ള സാഹചര്യ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 11 | മണിമല ഗ്രാമപഞ്ചായത്ത് | 126 | മണിമല ജലസേചന പദ്ധതിയുടെ ഭാഗമായുള്ള മോട്ടാർ പമ്പ്, കറന്റ് ചാർജ്ജ് അടയ്ക്കാത്തതിന്റെ പേരിൽ വൈദ്യുതി ബോർഡ് ജപ്തി ചെയ്തു കൊണ്ടുപോയി എന്നത് വാസ്തവമാണോയെന്നും, അപ്രകാരം ജപ്തി ചെയ്യുവാൻ കെ.എസ്.ഇ.ബി.ക്ക് അധികാരമുണ്ടോയെന്നും ജലസേചന പദ്ധതി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്നും അന്വേഷിച്ച് ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 12 | തിടനാട് ഗ്രാമപഞ്ചായത്ത് | 131 | ചേരാനി, പാതാഴ, മാടമല എന്നീ ജലസേചന പദ്ധതികൾക്കായി വാങ്ങിയിട്ടുള്ള പൈപ്പുകളുടെയും പമ്പുസെറ്റുകളുടെയും ഗുണനിലവാരം അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുക. അതോടൊപ്പം KAICO യ്ക്ക് അധികം നൽകിയിട്ടുള്ള 8,344 രൂപ തിരികെ ഈടാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 13 | പാമ്പാടി ഗ്രാമപഞ്ചായത്ത് | 133 | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 14 | കൊഴുവനാൽ ഗ്രാമപഞ്ചായത്ത് | 145 | 2000-01 വർഷത്തെ കെട്ടിട നികുതി ചുമത്താതെ 34,906 രൂപയുടെ നഷ്ടം വരുത്തിയ മുൻ സെക്രട്ടറിയുടെ പേരിലുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവിയോട് സമിതി നിർദ്ദേശിക്കുന്നു. |
| 15 | കരൂർ ഗ്രാമപഞ്ചായത്ത് | 149 | പ്രീഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുള്ള താഴ്ന്ന വരുമാനമുള്ള പെൺകുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 1998-99 വർഷം ആരംഭിച്ച |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | കരൂർ ഗ്രാമപഞ്ചായത്ത് | 149 | പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേലിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ദീർഘകാലവീക്ഷണത്തോടെ നടപ്പാക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പദ്ധതിപ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ ദൈനംദിന ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെയും കെട്ടിടം പണി പൂർത്തീകരിച്ച് ഈ വർഷം തന്നെ പരിശീലന പരിപാടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 16 | മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് | 157 | LSGD വൈക്കം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 37,03,464 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരവും പ്രവൃത്തിമൂല്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള M Book അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിക്കുകയും ചെയ്ത് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

അനുബന്ധം II

## STATE LEVEL TECHNICAL COMMITTEE REPORT ON MANAMMEL KADAVU BRIDGE

*Sub*:—Maravanthuruthu Grama Panchanyat—Manammel Kadavu Bridge—Panchayat Committee Decision dt.-30-3-2005—Report.

മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിൽ 1998-99 വർഷം പണി തുടങ്ങിയ മണമ്മേൽക്കടവ് പാലത്തിന്റെ പൂർത്തീകണം സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ നിവേദനം പ്ലാനിംഗ് സെക്രട്ടറിക്ക് നൽകുകയും അതേപ്പറ്റി വിശദമായി പഠിച്ച് ഒരു റിപ്പോർട്ട് നൽകുവാൻ സംസ്ഥാനതല സാങ്കേതിക സമിതിക്ക് നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു.

ജനകീയാസൂത്രണ പദ്ധതി പ്രകാരം 1998-99-ൽ ഗുണഭോക്തൃസമിതി വഴിയായി ചെയ്ത ഒരു പ്രധാന പാലം പണിയാണ് മണമ്മേൽക്കടവ് പാലം. മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിനേയും തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മൂവാറ്റുപുഴ ആറ്റിനുകുറുകെ 82 മീ. നീളവും 3 മീ. വീതിയും ഉള്ള 15.80 ലക്ഷം രൂപ എസ്റ്റിമേറ്റ് ചെലവ് വരുന്ന ഒരു പ്രോജക്ടായിട്ടാണ് ഇത് ആരംഭിച്ചത്. ഗുണഭോക്തൃസമിതി വഴിയായി കരാർ വച്ച് പണി ആരംഭിച്ചപ്പോൾ ജനങ്ങളുടെ ആവശ്യം കണക്കിലെടുത്തും മറ്റും പ്രോജക്ടിൽ പാലത്തിന്റെ വീതി 5 മീ. ആക്കി വർദ്ധിപ്പിച്ചു. ഇതിൻപ്രകാരം പുതുക്കിയ ഡിസൈൻ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുകയും ഗുണഭോക്തൃസമിതി അനുസരിച്ച് പാലം പണി ആരംഭിക്കുകയും ചെയ്തു.

പാലത്തിന്റെ Pile Foundation പണി നടന്നുകൊണ്ടിരിക്കുമ്പോൾ പേമാരിയും വെള്ളപ്പൊക്കവുംമൂലം ഇട്ടിരുന്ന ബണ്ട് പൊട്ടി ഒലിച്ചുപോയി. ഇതിനുള്ള നഷ്ട പരിഹാരം ഗുണഭോക്തൃസമിതിക്ക് ലഭിച്ചിട്ടില്ല എന്നതാണ് ഒന്നാമത്തെ പരാതി.

ഗുണഭോക്തൃസമിതി വെയറിംഗ് ഒഴികെയുള്ള പാലം പണി മുഴുവൻ പൂർത്തീകരിച്ചു. 45,92,756 രൂപയുടെ ബില്ലും, ചെലവായ കണക്കുകളും പഞ്ചായത്തിൽ ഹാജരാക്കിയപ്പോൾ സാങ്കേതിക അനുമതി തുക കുറവായതിനാൽ ബിൽത്തുക മുഴുവൻ ലഭിച്ചിട്ടില്ല എന്നതാണ് രണ്ടാമത്തെ പരാതി.

4-4-2005-ലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ B1-124/04 കത്തോടൊപ്പം അടക്കം ചെയ്ത ഗുണഭോക്തൃസമിതിയുടെ പരാതിയെക്കുറിച്ച് നേരിൽ അന്വേഷിക്കാനും റെക്കോർഡുകൾ പരിശോധിക്കുന്നതിനും SLTC-യിലെ താഴെ പറയുന്ന അംഗങ്ങൾ 21-6-2005-ൽ പാലവും പഞ്ചായത്തോഫീസും സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചു:

(1) പ്രൊഫ. വി. കെ. ലക്ഷ്മണൻ നായർ.

(2) എഞ്ചിനീയർ വി. വി. സുധാകരൻ.

(3) എഞ്ചിനീയർ എൻ. അപ്പുക്കുട്ടൻ പിള്ള.

(4) പ്രൊഫ. എ. ആർ. വേലായുധൻ പിള്ള.

പരാതിയിൽ നിന്നും പരിശോധിച്ച റെക്കോർഡുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു:

(1) പേമാരി, വെള്ളപ്പൊക്കം മുതലായ പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന നഷ്ടത്തിന്റെ ഉത്തരവാദിത്വം ഗുണഭോക്തൃസമിതിയിൽ ചുമത്തുന്നത് ശരിയല്ല. മുൻപ് ഒരു സാങ്കേതിക സമിതിയുടെ പരിശോധനയിൽ ആകെ ഉണ്ടായ നഷ്ടം 6.08 ലക്ഷം രൂപയായി കണ്ടെത്തിയിട്ടുണ്ട്. 4-12-1999-ൽ ടെക്നിക്കൽ ആഡിറ്റ് ടീമംഗങ്ങളുടെ ടി റിപ്പോർട്ട് ബന്ധപ്പെട്ട A-exe-യുടെ കത്തിന്റെ അടിസ്ഥാന ത്തിലായിരുന്നുതാനും. എന്നാൽ പഞ്ചായത്ത് അയച്ചുതന്നിട്ടുള്ള ഗുണഭോക്തൃസമിതി യുടെ പരാതിയിൽ, കോട്ടയം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം അവർ പിരിച്ച 4.25 ലക്ഷം രൂപ (യഥാർത്ഥ കണക്കിൽ 4,22,244 രൂപ) നഷ്ടപരിഹാരമായി കണക്കാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ പിരിച്ച പണം ഗുണഭോക്തൃസമിതി പഞ്ചായത്തിൽ അടച്ചിട്ടുള്ളതായാണ് കാണുന്നത്. നഷ്ടപരിഹാരമായി കണക്കാക്കി യിരിക്കുന്ന ഈ 4,22,244 രൂപ പാലം പണിയുടെ revised estimate-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയാണ് തിരികെ നൽകേണ്ടത്. എന്നിരുന്നാലേ പാലത്തിനുള്ള യഥാർത്ഥ ചെലവ് കണക്കാക്കാൻ പറ്റൂ.

രണ്ടാമത്തെ പരാതി 45,92,756 രൂപയുടെ ബില്ല് സമർപ്പിച്ചപ്പോൾ T.S. തുക കുറവാണ് എന്നതിനാൽ പ്രസ്തുത തുക മുഴുവനും നൽകാൻ കഴിയുന്നില്ല എന്ന് ബന്ധപ്പെട്ടവർ കണ്ടെത്തിയതായാണ് പറയുന്നത്. എന്നാൽ T.S. ഡോക്കുമെന്റ് പരിശോധിച്ചതിൽ വസ്തുതാപരമായ ചില തെറ്റുകൾ ഉള്ളതായി കാണുന്നു.

1996-ലെ ഷെഡ്യൂൾ അനുസരിച്ച് പ്രോജക്ട് എസ്റ്റിമേറ്റ് തുക 34,03,174 രൂപയും 3,40,317(10%) ടാക്സിനുവേണ്ടി നീക്കിവച്ചതും ചേർത്ത് സാങ്കേതിക അനുമതി തുക 37,43,491 രൂപയാണ്. 1998-99-ലെ പ്രാദേശിക നിരക്കുകൾ അനുസരിച്ച് 13,01,114 രൂപ അധികം നല്കാവുന്നതായി കണക്കാക്കി. ഗുണഭോക്തൃ സമിതിക്ക് ആകെ നല്കാവുന്ന തുക 47,04,288 രൂപയായി റ്റി. എസ്സിൽ നിജപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ കൂടുതലായി അനുവദിക്കുന്ന 13,01,114 രൂപയ്ക്ക് കൂടി ടാക്സ് നല്കേണ്ടതുണ്ട്. അതായത് 47,04,288 രൂപയുടെ 10% ആയ 4,70,429 രൂപയാണ് ടാക്സ്. അപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തുക രൂപ 47,04,288+4,70,429=51,74,717 രൂപയാവും. ടി. എസ്. ഡോക്മെന്റ് അനുസരിച്ച് 47,04,288 രൂപ ഗുണഭോക്തൃ സമിതിക്ക് നൽകാമെന്നിരിക്കെ 45,92,756 രൂപയുടെ ബില്ല് പാസ്സാക്കി നൽകാത്തതിന്റെ കാരണം വ്യക്തമല്ല.

പരാതിയിൽ പറഞ്ഞിരിക്കുന്ന മറ്റൊരു ആവശ്യം ഈ പാലം പണിക്ക് ഗുണഭോക്തൃ സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുക മുഴുവൻ നൽകണമെന്ന താണ്. അവരുടെ കണക്കുകൾ പഞ്ചായത്ത് പരിശോധിച്ച് 53,85,821 രൂപയുടെ ചെലവ് ബോദ്ധ്യപ്പെട്ടിട്ടുള്ളതായി പറഞ്ഞിരിക്കുന്നു. നിലവിലുള്ള നിയമപ്രകാരം ഇത്തരം സമിതികൾക്ക് നൽകാവുന്ന പരമാവധി തുക എസ്റ്റിമേറ്റ് തുകയോ, യഥാർത്ഥ ചെലവോ ഇതിൽ ഏതാണ് കുറവ് എന്നതാണ്. ഗുണഭോക്തൃ സമിതിയുടെ ചെലവ് മുഴുവൻ നൽകണമെന്ന ആവശ്യം ശരിയല്ല.

ഈ ഗുണഭോക്തൃ സമിതിയുടെ പരാതി പരിശോധനയോടനുബന്ധിച്ച് ഈ കമ്മിറ്റി റിവൈസ്ഡ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ മെഷർമെന്റ്സ് ഇവ പരിശോധിച്ചു.

DLTC-യുടെ sub-committee revised estimate-ൽ പറഞ്ഞിട്ടുള്ള observation ഈ പാലം പണിയ്ക്കിടെ ഉണ്ടായ പ്രത്യേക സാഹചര്യത്തിൽ ശരിയല്ല. Revised estimate തയ്യാറാക്കുമ്പോൾ പണിചെയ്തു കഴിഞ്ഞ് എം. ബുക്കിൽ റെക്കോർഡ് ചെയ്തിട്ടുള്ള അളവുകൾ മാത്രമാണ് ആധാരമെന്നാണ് അവർ പറഞ്ഞിട്ടുള്ളത്. എന്നാൽ നഷ്ടപ്പെട്ടുപോയ ബണ്ടിന്റെ ഐറ്റത്തിൽ മുൻപായിരുന്നതും, നഷ്ടപ്പെട്ടതുമായ ബണ്ടിന്റെ കണക്കുകൾ കൂട്ടിച്ചേർത്താണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. ഇവിടെ അത് പാലിച്ചിട്ടില്ല. Revised estimate-ഉം എം. ബുക്കും പരിശോധിച്ചതിൽ മറ്റ് ഇനങ്ങൾക്ക് അവർ പറഞ്ഞ തത്വം അവർ പാലിച്ചിട്ടില്ലതാനും. കൂടാതെ ബണ്ടിന്റെ കാര്യത്തിൽ revised estimate-പ്രകാരം 4,997 രൂപയും 4,647 രൂപയും റേറ്റ് അനുവദിച്ചിട്ടുള്ളപ്പോൾ തയ്യാറാക്കിയ പാർട്ട് ബില്ലിൽ ഈ റേറ്റിന്റെ 90% മാത്രമേ അനുവദിച്ചിട്ടുള്ളൂ.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ നേരത്തേ നൽകിയ revised estimate-ൽ ഗുണഭോക്തൃ സമിതിക്കുണ്ടായ നഷ്ടപരിഹാരത്തുകയായ 4.22 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തിയും നേരത്തേ ചൂണ്ടിക്കാണിച്ച രീതിയിൽ ടാക്സ് ഇനത്തിൽ വരേണ്ട മാറ്റവും കൂടി വരുത്തി ഒരു പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരം ബന്ധപ്പെട്ട അധികാരസ്ഥാനം നൽകേണ്ടതുണ്ട്. അതിന്റെ ഏകദേശരൂപം താഴെക്കൊടുക്കുന്നു:

(1) റിവൈസ്ഡ് എസ്റ്റിമേറ്റ് (96 ഷെഡ്യൂൾ പ്രകാരം) 34,03,174 രൂപ (അധികം അനുവദിക്കാവുന്ന തുക)

(2) ബണ്ട് അപ്രോച്ച് മുതലാവയ .. 4,01,040x25%=1,00,260 രൂപ

(3) പാലം (30,02,134x40%) .. 12,00,854 രൂപ

(4) ആകെ .. 47,04,288 രൂപ

(5) ടാക്സ് 10% .. 4,70,429

ബണ്ട് ഒലിച്ചുപോയതുകൊണ്ട് ഗുണഭോക്തൃ സമിതിക്കുണ്ടായ നഷ്ടം (അനുവദനീയമായ) തുക .. 4,22,000

ആകെ റ്റി. എസ്. തുക .. 55,96,717 രൂപ

ഗുണഭോക്തൃ സമിതിക്ക് നല്കാവുന്ന തുക= 55,96,717—ടാക്സ് 4,70,429= 51,26,288 രൂപ

മേൽപ്പറഞ്ഞ റിവൈസ്ഡ് എസ്റ്റിമേറ്റിൽ അപ്രോച്ച് റോഡിന് LS ആയി കാണിച്ചിട്ടുള്ള 60,000 രൂപയും ലോഡ് ടെസ്റ്റിന് കാണിച്ചിട്ടുള്ള 50,000 രൂപയും മാറ്റി ഡിറ്റെയ്ൽഡ് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ച് നടത്തിച്ച് പാലത്തിന്റെ ബാക്കി പണി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ മാത്രമേ ഈ പ്രോജക്ട്

കൊണ്ടുള്ള നേട്ടം യഥാർത്ഥ ഗുണഭോക്താക്കളായ തദ്ദേശവാസികൾക്ക് ലഭിക്കുകയുള്ളൂ. ജനങ്ങളുടെ പങ്കാളിത്തത്തോടെ വളരെ ചെലവ് കുറച്ചുകൊണ്ട് പണിപൂർത്തിയാക്കുന്ന ഒരു പാലമെന്ന നിലയിൽ ഈ സംരംഭം പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. 10-8-2005-ലെ SLTC-യിൽ അംഗീകരിച്ചതാണ് ഈ റിപ്പോർട്ട്.

സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിക്കുവേണ്ടി.

പ്രൊഫ. എ. ആർ. വേലായുധൻ പിള്ള,
*ചെയർമാൻ.*

(ഒപ്പ്)
എൻ. അപ്പുക്കുട്ടൻ പിള്ള (മെമ്പർ)

(ഒപ്പ്)
വി. സി. സുധാകരൻ (മെമ്പർ)

(ഒപ്പ്)
പ്രൊഫ. വി. കെ. ലക്ഷ്മണൻ നായർ (മെമ്പർ)